# മദ്ഹബ്

## മദ്ഹബിന്റെ ഇമാമുകൾ

മദ്ഹബിന്റെ ഇമാമുകൾ നാലുപേരാണ്. ഇവരിൽ പ്രഥമൻ അബൂഹനീഫ (റ) യാണ്. ഹിജ്റ 80 ലാണ് അദ്ദേഹത്തിന്റെ ജനനം. മഹാന്മാരായ സ്വഹാബത്തിൽ പലരും ജീവിച്ചിരിപ്പുള്ള കാലഘട്ടമായിരുന്നു അത്. വിജ്ഞാനങ്ങളിലും ഭക്തിയിലും ലോക പ്രസിദ്ധരായ അബ്ദുല്ലാഹിബ്നു മുബാറക്, ഇമാം ലൈസ്, ഇമാം മാലിക് തുടങ്ങിയവർ ഇദ്ദേഹത്തിന്റെ ശിഷ്യന്മാരത്രെ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ അധിവസിക്കുന്ന ഇദ്ദേഹത്തിന്റെ അനുയായികൾ ‘ഹനഫികൾ’ എന്ന പേരിൽ അറിയപ്പെടുന്നു. ഹിജ്റ 150 ൽ അദ്ദേഹം മരിക്കുമ്പോൾ തന്നെ അദ്ദേഹത്തിന്റെ മദ്ഹബ് പടർന്നു പന്തലിച്ചിട്ടുണ്ടായിരുന്നു.

അബൂ ഹനീഫ (റ) യുടെ ശിഷ്യനായ ഇമാം മാലിക് (റ) അവർകളാണ് ദ്വിതീയൻ. ഹിജ്റ 95 ൽ അദ്ദേഹം ജനിച്ചു. 179 ൽ വഫാതായി. അദ്ദേഹം എഴുന്നൂറോളം ഗുരുവര്യരിൽ നിന്ന് വിജ്ഞാന സമ്പാദനം നടത്തിയിട്ടുണ്ട്. അവരിൽ മുന്നൂറ് പേർ താബിഉകളായിരുന്നു. എഴുപതു പണ്ഢിതന്മാർ ഫത്‌വാ നൽകുന്നതിന് താൻ, അർഹനായിട്ടുണ്ടെന്ന് സാക്ഷ്യം വഹിച്ച ശേഷം മാത്രമാണ് ഫത്‌വാ നൽകാൻ തുടങ്ങിയത്. ഒരു രാജാവിന്റെ പടിവാതിൽക്കലെന്ന പോലെ വിജ്ഞാന ദാഹികളായി ശിഷ്യന്മാർ ഹദീസും ഫിഖ്ഹും പഠിക്കുന്നതിനു വേണ്ടി അദ്ദേഹത്തിന്റെ വാതിൽക്കൽ തടിച്ചു കൂടാറുണ്ടായിരുന്നു. ഇമാം ശാഫിയെപ്പോലെയുള്ള പല മഹാപണ്ഢിതന്മാരും അദ്ദേഹത്തിന്റെ ശിഷ്യരിൽ പെടുന്നു. ഇമാമിന്റെ ഗുരുനാഥന്മാരിൽ സിംഹഭാഗവും പിന്നീട് അദ്ദേഹത്തിന്റെ ശിഷ്യന്മാരായിത്തീർന്നു എന്നത് അദ്ദേഹത്തിന്റെ സവിശേഷതയത്രെ. അനേക വർഷം മദീനയിൽ പരിശുദ്ധ ദീൻ അധ്യാപനം ചെയ്തു കൊണ്ടിരുന്നു.

തൃതീയ മദ്ഹബുകാരനായ ഇമാം ശാഫി (റ), മാലിക് (റ) അവർകളുടെ പ്രധാന ശിഷ്യനാണ്. ഹിജ്റ 150 ൽ ഖുറൈശ് ഗോത്രത്തിലെ മുത്ത്വലിബ് വംശത്തിൽ ജനിച്ചു. ജനനം ഗസ്സായിലാണെങ്കിലും രണ്ടു വയസ്സുള്ളപ്പോൾ മക്കയിൽ കൊണ്ടുവന്നു. ഏഴാം വയസ്സിൽ തന്നെ വിശുദ്ധ ഖുർആൻ ഹൃദിസ്ഥമാക്കിയ ഇമാം ശാഫി, പത്താമത്തെ വയസ്സിൽ ഇമാം മാലിക്കിന്റെ മുവത്വ എന്ന ഹദീസു ഗ്രന്ഥം മനഃപാഠമാക്കുകയുണ്ടായി. ഒമ്പതിനായിരത്തി അഞ്ഞൂറു ഹദീസുകളുള്ള ഒരു ബൃഹത്തായ കിതാബായിരുന്നു അത്. ആയിരത്തി എഴുനൂറു ഹദീസുകൾ മാത്രമുള്ള ഇന്നത്തെ ‘മുവത്വാമാലിക്’ അതിന്റെ സംക്ഷേപം മാത്രമാണ്. ഹ്രസ്വകാലം കൊണ്ടു തന്നെ അദ്ദേഹം, വിജ്ഞാനത്തിലും ഇബാദത്തിലും ഐഹിക വിരക്തിയിലും ബുദ്ധി വൈഭവത്തിലും ഓർമ ശക്തിയിലും നേതാക്കളിൽ നേതാവും വിശ്രുതരിൽ വിശ്രുതനുമായിത്തീർന്നു. പതിനഞ്ചാമത്തെ വയസ്സിൽ തന്നെ തന്റെ ഗുരുവര്യനും മക്കാ മുഫ്തിയുമായ മുസ്‌ലിമുബിൻ ഖാലിദ് ഫത്‌വാ നൽകുന്നതിനനുമതി നൽകുകയുണ്ടായി. ഗുരനാഥനായ ഇമാം മാലിക് അദ്ദേഹത്തെ അത്യധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. ഒരവസരം അദ്ദേഹം പറഞ്ഞു : “അല്ലാഹുവെ ഭയപ്പെടുക. നിനക്ക് മഹത്തായ ഭാവിയുണ്ട്.”

വിജ്ഞാന ദാഹിയായി മദീനയിലെത്തിയ അദ്ദേഹം, ഇമാം മാലിക്കിന്റെ ശിഷ്യത്വം സ്വീകരിച്ചു കൊണ്ട് ദീർഘകാലം അവിടെ താമസിച്ചു. ഇമാം മാലിക്കിന്റെ മരണ ശേഷം ബഗ്ദാദിൽ എത്തിച്ചേർന്നു. വിജ്ഞാന സമ്പാദനവും പ്രചാരണവും ഗ്രന്ഥരചനയുമായിരുന്നു പ്രധാന ജോലി. ഹിജ്റ 199 ൽ ഈജിപ്തിലെത്തി. തന്റെ മദ്ഹബിനു അന്തിമരൂപം നൽകിയതു ഇവിടെ വച്ചാണ്. പണ്ഢിത ശിരോമണികളുടെ കണ്ണിലുണ്ണിയായി വളർന്ന് വന്ന ഇമാം ശാഫി (റ), സകലരെയും ദുഃഖത്തിലാഴ്ത്തി ഹിജ്റ 204 ൽ ഈ ലോകത്തോട് വിടചൊല്ലി. നാൽപതോളം ഗ്രന്ഥങ്ങൾ മഹാന്മാരായ പൂർവിക പണ്ഢിതന്മാർ, ഇമാം ശാഫിയുടെ അപദാനങ്ങളെ പ്രകീർത്തിച്ച് കൊണ്ട് എഴുതിയിട്ടുണ്ട്.

ഇമാം ശാഫിയുടെ പ്രധാന ശിഷ്യനായ അഹ്മദുബ്നിന്‍ ഹമ്പല്‍ (റ) ആണ് ചതുര്‍ മദ്ഹബിന്റെ ഇമാമുകളില്‍ നാലാമന്‍. ഇസ്ലാമിക കര്‍മ ശാസ്ത്രത്തിലും ഹദീസിലും സൂക്ഷ്മതയിലും ഭക്തിയിലും ഇബാദത്തിലും മുന്നിലായിരുന്നു ഇമാം. ഹിജ്റ 164 ല്‍ ബഗ്ദാദില്‍ ജനിച്ച ഇമാം ബഗ്ദാദിലെ പണ്ഢിത പ്രമുഖരില്‍ നിന്നെല്ലാം അറിവു നേടിക്കഴിഞ്ഞതിനു ശേഷം വിജ്ഞാനസുധയും തേടി മക്ക, മദീന, കൂഫ, ബസ്വ, യമന്‍ ശാം മുതലായ സ്ഥലങ്ങളിലെല്ലാം ഊരു ചുറ്റിയിട്ടുണ്ട്. അസാമാന്യമായ ഓര്‍മ ശക്തിയുടെ ഉടമയായ അദ്ദേഹം പത്തുലക്ഷം ഹദീസ് മനഃപാഠമാക്കിയിട്ടുണ്ടായിരുന്നു. ബുഖാരി, മുസ്ലിം, അബൂദാവൂദ് തുടങ്ങിയ ഹദീസ് പണ്ഢിതന്മാര്‍ അദ്ദേഹത്തിന്റെ ശിഷ്യന്മാരാണ്. ഹിജ്റ 241 ല്‍ അദ്ദേഹത്തിന്റെ സേവന നിരതമായ ജീവിതത്തിനു തിരശ്ശീല വീണു. ജനം അണപൊട്ടിയൊഴുകി. ഇരുപത്തിയഞ്ച് ലക്ഷം മുസ്ലിംകള്‍ ഒന്നിച്ചു അദ്ദേഹത്തിന്റെ പേരില്‍ ജനാസ നിസ്കാരം നടത്തി. മഹാനായ അഹ്മദുബ്നിന്‍ ഹമ്പലിന്റെ അനുയായികളായി ഹമ്പലികള്‍ ലോകത്തിന്റെ പല ഭാഗങ്ങളിലും ധാരാളമുണ്ട്.

## » അറിവിന്റെ നിറകുടങ്ങള്‍

മദ്ഹബിന്റെ ഇമാമുകള്‍ വിജ്ഞാന ശാഖകളിലെന്ന പോലെ ഹദീസിലും അഗാധ പാണ്ഢിത്യമുള്ളവരായിരുന്നു. അവരില്‍ അവസാനത്തെ ആളായ അഹ്മദ്ബ്നു ഹമ്പലിനു തന്നെ പത്തുലക്ഷം ഹദീസ് മനഃപാഠമുണ്ടായിരുന്നു. അപ്പോള്‍ അദ്ദേഹത്തിന്റെ ഗുരുനാഥനായ ഇമാം ശാഫിക്കും അവരുടെ ഗുരുനാഥനായ ഇമാം മാലികിനും അവരുടെ ഗുരുവായ ഇമാം അബൂഹനീഫക്കും ഹദീസ് വിജ്ഞാനത്തില്‍ എത്രമാത്രം പാണ്ഢിത്യമുണ്ടായിരുന്നു എന്ന് ഊഹിക്കേണ്ടതാണ്. ഹദീസ് പണ്ഢിതന്മാരില്‍ പ്രമുഖനും വിശ്രുതനുമായ ഇമാം ബുഖാരിക്കു തന്നെ ആറുലക്ഷം ഹദീസുകളേ വശമുണ്ടായിരുന്നുള്ളൂ.
പില്‍ക്കാലത്തു ഹദീസ് ഗ്രന്ഥങ്ങള്‍ നിലവില്‍ വന്നുവെങ്കിലും നബി (സ്വ) യില്‍ നിന്നും പരമ്പരാഗതമായി മഹാപണ്ഢിതന്മാര്‍ പഠിച്ചു വന്നിരുന്ന ഹദീസുകള്‍ മുഴുവന്‍ ഗ്രന്ഥങ്ങളില്‍ സ്ഥലം പിടിച്ചിട്ടില്ല. ഇമാം സുയൂഥി (റ) പ്രഗത്ഭനായ പണ്ഢിതനും ഗ്രന്ഥകാരനുമായിരുന്നു. അദ്ദേഹത്തിന്റെ മികവുറ്റ ഗ്രന്ഥങ്ങള്‍ അഞ്ഞൂറിലധികം വരുമെന്ന് അല്ലാമാ കുര്‍ദി (റ) അദ്ദേഹത്തിന്റെ ഫതാവ (പേജ് 257) യില്‍ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മഹാ പണ്ഢിതനു പോലും രണ്ടു ലക്ഷം ഹദീസുമാത്രമേ അറിയുമായിരുന്നുള്ളൂ. അദ്ദേഹം പറയുന്നു : ഇതില്‍ കൂടുതല്‍ കണ്ടെത്തിച്ചുവെങ്കില്‍ അതു ഞാന്‍ ഹൃദിസ്ഥമാക്കുമായിരുന്നു. (അശദ്ദുല്‍ ഇജ്തിഹാദ് പേജ് 31).

ഇന്നു നിലവിലുള്ള ഹദീസ് ഗ്രന്ഥങ്ങളെല്ലാം ഒരാള്‍ മനഃപാഠമാക്കിയാല്‍ തന്നെ ശാഫീ മദ്ഹബുകാരനായ ഇമാം സുയൂഥിയുടെ ഹദീസ് പാണ്ഢിത്യം പോലും നേടാന്‍ കഴിയില്ല. കാരണം നമ്മുടെ മുമ്പിലുള്ള ഹദീസുകള്‍ വളരെ കുറവാണ്. വിശ്രുത ഹദീസ് ഗ്രന്ഥമായ ബുഖാരിയില്‍ തന്നെ ആവര്‍ത്തനമൊഴിച്ചാല്‍ 2,761 ഹദീസുകളേ ഉള്ളുവെന്ന് ഇബ്നു ഹജറില്‍ അസ്ഖലാനി (റ) തന്റെ ഹദ്യുസ്സാരി എന്ന ഗ്രന്ഥത്തില്‍ (പേജ് 465) സമര്‍ഥിച്ചിട്ടുണ്ട്. നാലായിരം എന്നു ചിലര്‍ പറഞ്ഞിട്ടുണ്ടെങ്കിലും അതു ശരിയല്ലെന്നു അദ്ദേഹം സുദീര്‍ഘമായ ചര്‍ച്ചയിലൂടെ തെളിയിച്ചിരിക്കുന്നു. സ്വഹീഹു മുസ്ലിമില്‍ ആവര്‍ത്തനമൊഴിച്ചാല്‍ നാലായിരം ഹദീസുകളാണുള്ളത് (മിര്‍ഖാത്ത് 1-19). അവയില്‍ ഒട്ടേറെ ഹദീസുകള്‍ ബുഖാരിയില്‍ ഉദ്ധരിച്ചവ തന്നെയാണ്.

ഇപ്രകാരം തന്നെയാണ് മറ്റു ഹദീസു ഗ്രന്ഥങ്ങളുടെയും നില. ചുരുക്കത്തില്‍ മദ്ഹബിന്റെ ഇമാമുകളുടെ അത്ര വിവരമുള്ള ഒരു പണ്ഢിതന്‍ ഇനി വരില്ല. അന്ത്യദിനം വരെ ഉണ്ടാവില്ല. ഉണ്ടാവാന്‍ മാര്‍ഗമില്ല. അതു കൊണ്ട് തന്നെ അറിവും തഖ്വയും വിവേകവുമുള്ളവരൊക്കെ ആ വിജ്ഞാന സമുദ്രങ്ങളെ പിന്‍പറ്റി ജീവിച്ചു. ഈ ആജ്ഞതയുടെയും ഫിത്നയുടെയും യുഗത്തില്‍ ജീവിക്കുന്ന നാം അവരെ വിട്ടു സ്വയം ഗവേഷണം നടത്തിയാല്‍ എന്തായിരിക്കും ഭവിഷ്യത്ത്?

## മദ്ഹബ് സ്വീകരിക്കല്‍ നിര്‍ബന്ധം

തിരുനബി (സ്വ) യുടെ ജീവിത രീതി ഒപ്പിയെടുത്ത യഥാര്‍ഥ മാതൃകാ പുരുഷരാണ് സ്വഹാബഃ. അവരുടെ സുവര്‍ണകാലത്ത് മുജ്തഹിദുകള്‍ ഇജ്തിഹാദ് ചെയ്യുകയാണ് ചെയ്തിരുന്നത്

(മുസ്തസ്ഫാ 2–108). സ്വഹാബത്തിനു ശേഷവും ഈ സമ്പ്രദായം നിരാക്ഷേപം തുടർന്നു പോന്നു. മഹാനായ ശാഹ് വലിയുല്ലാഹി (റ) രേഖപ്പെടുത്തിയതു കാണുക : സ്വഹാബത്തിന്റെ കാലം മുതൽ നാലു മദ്ഹബുകൾ പ്രത്യക്ഷപ്പെടുന്നതുവരെ, ജനങ്ങൾ സൗകര്യപ്പെട്ട പണ്ഡിതന്മാരെ തഖ്‌ലീദു ചെയ്തു കൊണ്ടിരുന്നു. പരിഗണനനീയനായ ഒരാളുടെയും ആക്ഷേപം അക്കാര്യത്തിലുണ്ടായിരുന്നില്ല. പ്രസ്തുത തഖ്‌ലീദ് തെറ്റായിരുന്നുവെങ്കിൽ അവരതു നിരോധിക്കുമായിരുന്നു'' (ഇഖ്ദുൽജീദ്).

മുജ്തഹിദുകൾ നിറഞ്ഞൊഴുകിയ കാലഘട്ടമായിരുന്നു ആദ്യ നൂറ്റാണ്ടുകൾ.ഇഷ്ടമുള്ളവരോട് ചോദിക്കാനും അവരെ തഖ്‌ലീദു ചെയ്തു പ്രവർത്തിക്കാനുംസൗകര്യമുണ്ടായിരുന്നു. കാലക്രമത്തിൽ മുജ്തഹിദുകളുടെ എണ്ണം കുറഞ്ഞു വന്നു. ഉള്ളവരെ അനുഗമിക്കാൻ സമുദായം നിർബന്ധിതരായി. മുജ്തഹിദുകൾ പിൻതലമുറകളുടെ രക്ഷക്കായി തങ്ങളുടെ മദ്ഹബുകൾ രേഖപ്പെടുത്തി വെക്കാൻ തുടങ്ങി. പലരും രേഖപ്പെടുത്തിയെങ്കിലും വിജ്ഞാന സമുദ്രങ്ങളും ജനസമ്മതരുമായ നാലു ഇമാമുകളുടെ മദ്ഹബുകൾ മാത്രമാണ് പൂർണമായി ലിഖിത രൂപത്തിൽ അവശേഷിക്കുകയും വിശ്വസ്തരായ പണ്ഡിത തലമുറകൾ മുഖേന ലഭിക്കുകയും ചെയ്തത്. അങ്ങനെ അല്ലാഹുവിന്റെ മുൻ നിശ്ചയ പ്രകാരം നാലു മദ്ഹബുകൾ സമ്പൂർണമായി അവശേഷിക്കുകയും മറ്റുള്ളവ അപ്രത്യക്ഷമാവുകയും ചെയ്തു.
കർമ ശാസ്ത്രത്തിൽ, അപ്പോൾ നാലിലൊരു മദ്ഹബ് സ്വീകരിക്കൽ നിർബന്ധമായിത്തീർന്നു. അഞ്ചാമത്തെ ഒരു മദ്ഹബ് സമുദായത്തിന്റെ മുമ്പിലില്ല എന്നതു തന്നെ കാരണം. ഇമാം സുബ്കി (റ) അദ്ദേഹത്തിന്റെ നിദാനശാസ്ത്ര ഗ്രന്ഥത്തിൽ പറയുന്നു : ''സാധാരണക്കാരനും ഇജ്തിഹാദിന്റെ പദവി പ്രാപിച്ചിട്ടില്ലാത്ത മറ്റു വ്യക്തികൾക്കും മുജ്തഹിദുകളുടെ മദ്ഹബുകളിൽ ഒരു നിശ്ചിത മദ്ഹബ് സ്വീകരിക്കൽ നിർബന്ധമാണ് എന്നതാണ് ശരിയായ അഭിപ്രായം (ജംഉൽ ജവാമിഅ് 2–440).

## ഇജ്തിഹാദ്

ഇഹപര വിജയത്തിനു വേണ്ടി, സത്യ വിശ്വാസത്തിലൂന്നി നിന്നു കൊണ്ട്, ജീവിതം നയിക്കുന്നതിനു ആവശ്യമായ ദൈവിക നിയമ വ്യവസ്ഥയാണ് മതം എന്ന് പറയുന്നത്. 'അല്ലാഹുവിങ്കൽ സ്വീകാര്യമായ മതം ഇസ്‌ലാമാകുന്നു; നിശ്ചയം' (വി.ഖു. 3:19). ഇസ്‌ലാം അല്ലാത്തതിനെ വല്ല വ്യക്തിയും മതമായി തേടിയാൽ അവന്റെ പക്കൽ നിന്നു അതു സ്വീകരിക്കപ്പെടുകയില്ല. അവൻ പരലോകത്ത് നഷ്ടബാധിതരുടെ കൂട്ടത്തിലത്രെ' (വി.ഖു. 3:85). അപ്പോൾ സൗഭാഗ്യത്തിന്റെ മാർഗം ഇസ്‌ലാം മതാശ്ലേഷം മാത്രമാണ്. അതിന്റെ നിഷേധം ദൗർഭാഗ്യത്തിന്റെ കാരണവും. പക്ഷേ, എന്താണീ ഇസ്‌ലാം? അതാണല്ലോ മനുഷ്യനെ സുഭഗനോ ദുർഭഗനോ ആക്കുന്നത്. മനുഷ്യൻ സ്വർഗ്ഗത്തിലോ നരകത്തിലോ എന്നു തീരുമാനിക്കുന്നത്. കേവല മനുഷ്യനായി ജീവിച്ചതു കൊണ്ടോ നല്ല പേരിൽ അറിയപ്പെട്ടതു കൊണ്ടോ ഒരാൾ മുസ്‌ലിമാവില്ല എങ്കിൽ എന്താണ് ഇസ്‌ലാം? അതു ആദർശമാണ്; ശക്തമായ ആദർശം. വിശ്വാസമാണ് അതിന്റെ അസ്തിവാരം. വിശ്വാസത്തിനനുസൃതമായ പ്രവർത്തനമാണ് അതിന്റെ മുഖമുദ്ര. അഖില ചരാചര വസ്തുക്കളെയും സൃഷ്ടിച്ചു, കാരുണ്യ പൂർവം അടക്കി ഭരിക്കുന്ന റബ്ബിനു കീഴ്പ്പെടുകയാണ് അതിന്റെ രത്ന ചുരുക്കം. അനുസരണവും കീഴ്വണക്കവുമാണ് ഇസ്‌ലാം എന്ന പദത്തിന്റെ തന്നെ അർഥം. അല്ലാഹുവിന്റെ ദീനിനെ ജീവിത സരണിയായി സ്വീകരിച്ചവനാണ് മുസ്‌ലിം.

### » ഖുർആനും സുന്നത്തും

ഒരു മുസ്‌ലിം അവന്റെ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ഇസ്‌ലാമിനെ അനുധാവനം ചെയ്യാൻ ബാധ്യസ്ഥനാണ്. ഇഷ്ടാനുസരണം ചില ഭാഗങ്ങൾ സ്വീകരിക്കുകയും മറ്റു ഭാഗങ്ങൾ തിരസ്കരിക്കുകയും ചെയ്യാവതല്ല. അത് പൈശാചിക മാർഗമാണ്. 'സത്യ വിശ്വാസികളെ, നിങ്ങൾ ഇസ്‌ലാമിൽ പൂർണമായി പ്രവേശിക്കുക, പിശാചിന്റെ കാൽപാടുകളെ നിങ്ങൾ അനുഗമിക്കരുത്. അവർ നിങ്ങൾക്കു പ്രത്യക്ഷ ശത്രുവാകുന്നു' (വി.ഖു.2:208).
ജീവിതത്തിന്റെ അഖില പ്രശ്നങ്ങളും ഇസ്‌ലാമിക ശരീഅത്തിന്റെ അടിസ്ഥാനത്തിലാണ് പരിഹരിക്കേണ്ടത്. ഇസ്‌ലാമിക നിയമവ്യവസ്ഥിതിയുടെ മൂല സ്രോതസ്സ് വിശുദ്ധ ഖുർആനാണ്. പക്ഷേ, ഖുർആൻ അതിന്റെ യഥാർഥ വ്യാഖ്യാനമായ സുന്നത്തോടു കൂടി മാത്രമേ പ്രമാണമാവുകയുള്ളൂ. ആവശ്യമായ വിശദീകരണങ്ങളോട് കൂടി, സാന്ദർഭികമായി ജനങ്ങൾക്കു പഠിപ്പിക്കുന്നതിന് വേണ്ടിയാണ് വിശുദ്ധ ഖുർആൻ ഘട്ടം ഘട്ടമായി നബി (സ്വ) ക്കു

അവതരിപ്പിക്കപ്പെട്ടത്.

''ജനങ്ങൾക്കു അവതരിപ്പിക്കപ്പെട്ട കാര്യം അവർക്ക് വിശദീകരിച്ചു കൊടുക്കുന്നതിനു വേണ്ടിയും അവർ ചിന്തിക്കുന്നതിനു വേണ്ടിയും ഖുർആൻ താങ്കൾക്കു നാം അവതരിപ്പിച്ചു (വി.ഖു 16:44).

അപ്പോൾ അല്ലാഹുവിന്റെയും റസൂലിനെയും അനുസരിക്കണം. അഥവാ ഖുർആനും സുന്നത്തും സ്വീകരിക്കണം. അതുരണ്ടുമാണ് ഇസ്‌ലാമിന്റെ മൂലപ്രമാണങ്ങൾ. അവ മുറുകെ പിടിച്ചു ജീവിക്കുമ്പോഴൊന്നും സമുദായവും വ്യക്തിയും വഴി പിഴക്കില്ല. നബി (സ്വ) യുടെ പ്രസ്താവന വളരെ ശ്രദ്ധേയമാണ്.

''രണ്ടു കാര്യങ്ങൾ നിങ്ങളിൽ വിട്ടേച്ചു കൊണ്ടാണ് ഞാൻ പോകുന്നത്. അവ മുറുകെ പിടിച്ചു കൊണ്ടിരിക്കുമ്പോഴൊന്നും നിങ്ങൾ വഴി പിഴക്കില്ല. നിശ്ചയം അല്ലാഹുവിന്റെ ഗ്രന്ഥവും ദൂതന്റെ സുന്നത്തുമത്രെ ആ രണ്ടു കാര്യങ്ങൾ'' (മുവത്വാ).

## » ഇജ്തിഹാദിന്റെ ആവശ്യകത

ഖുർആനും സുന്നത്തും വെളിച്ചം നൽകാത്ത ഒരു കാര്യവുമില്ല. മനുഷ്യന്റെ ഐഹികവും പാരത്രികവുമായ അഭ്യുദയത്തിനു ആവശ്യമുള്ള സകല വിധിവിലക്കുകളും ഖുർആനിലും സുന്നത്തിലുമുണ്ട്. എന്നാൽ പല കാര്യങ്ങളും സ്പഷ്ടമായിട്ടാണ് പറഞ്ഞിട്ടുള്ളതെങ്കിൽ മറ്റു പല കാര്യങ്ങളും അസ്പഷ്ടമായിട്ടാണ് പറഞ്ഞിട്ടുള്ളത്. ഈ അവ്യക്ത കാര്യങ്ങൾ ബുദ്ധിയും വിവരവുമുള്ളവർക്ക് ഗവേഷണം ചെയ്തു കണ്ടു പിടിക്കാവുന്ന രീതിയിലാണ് വച്ചിട്ടുള്ളത്. ഇത്തരം ഗവേഷണ പരമായ കാര്യങ്ങളെ യോഗ്യത നേടിയ വ്യക്തികൾ ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും കണ്ടു പിടിച്ചെടുക്കുന്നതിനാണ് 'ഇജ്തിഹാദ്' എന്ന് പറയുന്നത്. ഇമാം ഗസ്സാലിയുടെ നിർവ്വചനം കാണുക. 'മതപരമായ വിധികളെ കുറിച്ചു, അറിവു തേടുന്നതിൽ ഒരു മുജ്തഹിദ് തന്റെ കഴിവു വിനിയോഗിക്കുന്നതിനാണ് 'ഇജ്തിഹാദ്' എന്ന് പറയുന്നത് (മുസ്തസ്ഫാ 2 :101).

ഹസ്രത്ത് മുആദുബിൻ ജബലി (റ) നെ യമനിലേക്കു (ഗവർണറായി) റസൂൽ തിരുമേനി (സ്വ) നിയോഗിച്ചപ്പോൾ അവിടുന്ന് ചോദിച്ചു: 'വല്ല പ്രശ്നവും മുമ്പിൽ വന്നാൽ താങ്കൾ എങ്ങനെ വിധിക്കും?' ഞാൻ അല്ലാഹുവിന്റെ ഗ്രന്ഥം കൊണ്ടു വിധിക്കും.' മുആദ് പറഞ്ഞു. അല്ലാഹുവിന്റെ ഗ്രന്ഥത്തിൽ നീ കണ്ടില്ലെങ്കിൽ? നബി (സ്വ) ചോദിച്ചു. 'അല്ലാഹുവിന്റെ പ്രവാചകന്റെ സുന്നത്തു കൊണ്ടു വിധിക്കും?' അദ്ദേഹം പ്രതിവചിച്ചു. 'പ്രവാചകന്റെ സുന്നത്തിലും നീ കണ്ടില്ലെങ്കിലോ?' തിരുമേനി വീണ്ടും ചോദിച്ചു. 'ഞാൻ ഒട്ടും വീഴ്ചവരുത്താതെ എന്റെ ബുദ്ധി ഉപയോഗിച്ചു ഇജ്തിഹാദ് ചെയ്യും' എന്ന് മുആദ് (റ) മറുപടി നൽകിയപ്പോൾ നബി (സ്വ) അദ്ദേഹത്തിന്റെ മാറിടത്തിൽ തട്ടിക്കൊണ്ട് ഇപ്രകാരം പറഞ്ഞു :

അല്ലാഹുവിന്റെ ദൂതന്റെ ദൂതനു, അല്ലാഹുവിന്റെ ദൂതൻ ഇഷ്ടപ്പെടുന്ന കാര്യത്തിനു സഹായം നൽകിയ അല്ലാഹുവിനത്രെ സകല സ്തുതിയും!' (തുർമുദി, അബൂദാവൂദ്, ദാരിമി).

ഇപ്രകാരം ഇജ്തിഹാദ് ചെയ്യൽ അനുവദനീയമാണെന്ന കാര്യത്തിൽ പരിഗണനീയരായ പണ്ഢിതന്മാർക്കിടയിൽ പക്ഷാന്തരമില്ല. 'ഖുർആനിലും സുന്നത്തിലും പണ്ഢിത പ്രസ്താവനയില്ലാത്ത ഏതൊരു സംഭവത്തിലും ബുദ്ധി ഉപയോഗിച്ചു ഇജ്തിഹാദ് നടത്തി വിധി കണ്ടെത്താമെന്നതിൽ സ്വഹാബത്ത് ഏകകണ്ഠമായി ഏകോപിച്ചിരിക്കുന്നുവെന്നത് ഇജ്തിഹാദിന് തെളിവാകുന്നു (മുസ്തസ്ഫാ 2 : 57).

## » മുജ്തഹിദിന്റെ യോഗ്യതകൾ

ഒരു മുജ്തഹിദ്, ഖുർആൻ, സുന്നത്ത്, ഇജ്മാഅ്, ഖിയാസ് എന്നീ അടിസ്ഥാന പ്രമാണങ്ങളെ കുറിച്ച് പൂർണമായ അറിവു നേടിയവനായിരിക്കണം. ഖുർആനിൽ ആമ്മ്, ഖാസ്സ്, മുജ്മൽ, മുബയ്യൻ, മുത്വലഖ്, മുഖയ്യദ്, നസ്സ്, ളാഹിർ, നാസിഖ്, മൻസൂഖ്, മുഹ്കം, മുതശാബിഹ് എന്നീ ഇനങ്ങളെ കുറിച്ചും ഹദീസിൽ മുതവാതിർ, ആഹാദ്, മർഫൂഅ്, മൗഖൂഫ്, മുർസൽ ആദിയായ വിഭാഗങ്ങളെകുറിച്ചും ഹദീസ് റിപ്പോർട്ടർമാരുടെ ബലാബലത്തെക്കുറിച്ചും വ്യക്തമായ ജ്ഞാനം കരസ്ഥമാക്കിയിരിക്കണം.

ഇജ്മാഇനെ ഒരിക്കലും മറികടക്കാൻ പാടില്ലാത്തതു കൊണ്ട്, മുൻഗാമികളുടെയെല്ലാം അഭിപ്രായഗതികൾ മനസ്സിലാക്കുകയും വേണം. മാത്രമല്ല, ഖുർആനിന്റെയും സുന്നത്തിന്റെയും ഭാഷയായ അറബിയിൽ, ഭാഷാ ശാസ്ത്രം, പദോൽപത്തി ശാസ്ത്രം, വ്യാകരണ ശാസ്ത്രം, സാഹിത്യ

ശാസ്ത്രം എന്നീ ശാഖകളിൽ വൈദഗ്ധ്യവും ബുദ്ധി വൈഭവവും ആവശ്യമാണ്. ഈ കഴിവുകളെല്ലാം ഒത്തിണങ്ങിയ ഒരാൾക്ക് മാത്രമേ ഇജ്തിഹാദിന്നധികാരമുള്ളൂ.

അപ്പോൾ ഇജ്തിഹാദ് ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമല്ല; അല്ലാഹുവിന്റെ പ്രത്യേകാനുഗ്രഹത്തിനു ഭാജനങ്ങളായിത്തീരുന്ന മഹാ വ്യക്തികൾക്കു മാത്രം സാധിക്കുന്ന വളരെ ശ്രമകരമായ പ്രവർത്തനമാണ്. കഴിവില്ലാത്തവർ അപ്പോൾ എന്തു ചെയ്യും? കഴിവുള്ളവരെ അനുഗമിക്കുക തന്നെ. അല്ലാഹു പറയുന്നു : നിങ്ങൾ വിവരമില്ലാത്തവരാണെങ്കിൽ വിവരമുള്ളവരോട് ചോദിക്കുക'' (വിശുദ്ധ ഖുർആൻ : 21:7, 16 : 43).

## ഇജ്തിഹാദിന്റെ അനിവാര്യത

### » ഇജ്തിഹാദ് എന്നാൽ എന്ത്?

നിബന്ധനയൊത്ത കർമ്മ ശാസ്ത്ര പണ്ഢിതൻ (ഫഖീഹ്) ഹുക്മ് (വിധി) സംബന്ധമായി ഒരു ഭാവനയിലെത്തുന്നതിന് വേണ്ടി തന്റെ എല്ലാ പരിശ്രമങ്ങളും നീക്കിവെക്കുന്നതിനാണ് ഇജ്തിഹാദ് എന്ന് പറയുന്നത് (ജംഉൽ ജവാമിഅ് 2:379).

### » എപ്പോഴാണ് ഇജ്തിഹാദ് അനിവാര്യമാവുക?

എല്ലാ കാര്യങ്ങളും ഉൾക്കൊണ്ട ഖുർആനും ഹദീസും നമ്മുടെ കൈവശമുണ്ടെങ്കിലും പല കാര്യങ്ങളും പ്രത്യക്ഷമായി അവയിൽ വ്യക്തമാക്കിയിട്ടില്ല. ഖുർആനിലും സുന്നത്തിലും പറഞ്ഞ വ്യാപകാർഥമുള്ള പ്രയോഗങ്ങളിൽ നിന്നും അവ കണ്ടെത്തുകയാണ് വേണ്ടത്. രണ്ടിന്റെയും ബാഹ്യ പ്രയോഗങ്ങളിൽ നിന്ന് അവ മനസ്സിലാക്കാൻ സാധ്യമാവുകയില്ല. നബി (സ്വ) പറഞ്ഞു: ''അനുവദിക്കപ്പെട്ടതും നിഷിദ്ധമാക്കപ്പെട്ടതുമായ (കുറെ) കാര്യങ്ങൾ വ്യക്തമാണ്.ഇത് രണ്ടിനുമിടയിൽ വിധികൾ തിരിച്ചറിയാനാകാത്ത ചില വിഷയങ്ങളുണ്ട്. ജനങ്ങളിൽ ഭൂരിപക്ഷത്തിനും അതറിയില്ല'' (ബുഖാരി).

ഇമാം ഇബ്നു ഹജർ (റ) ഈ ഹദീസ് ഇങ്ങനെ വ്യാഖ്യാനിക്കുന്നു. ''നിർണ്ണയമായ വിധി വ്യക്തമാകാത്തതിനോട് അത് സാമ്യമായത് കൊണ്ട് തിരിച്ചറിയാതെയായിരിക്കുന്നു. ജനങ്ങളിൽ ഭൂരിപക്ഷത്തിനും അത് 'ഹലാലിൽ' പെട്ടതോ 'ഹറാമിൽ' പെട്ടതോ എന്നറിയില്ല. അധികപേർക്കും അറിയില്ലെന്നതിന്റെ താൽപര്യം അവയുടെ വിധികൾ കുറച്ചുപേർക്കെങ്കിലും അറിയുമെന്നാണ്. അവരാണ് മുജ്തഹിദുകൾ'' (ഫത്ഹുൽ ബാരി 1:127). ഈ സാഹചര്യത്തിൽ വിധികൾ കണ്ടെത്താൻ ഇജ്തിഹാദ് മാത്രമാണ് വഴി.

എല്ലാ വിഷയങ്ങളുടെയും നിർണ്ണായക വിധി ഉൾക്കൊള്ളുന്ന ഖുർആനിലും അതിന്റെ വ്യാഖ്യാനമായ സുന്നത്തിലും,ആധുനികയുഗത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പുതിയ വിഷയങ്ങളെ സംബന്ധിച്ച് വ്യക്തമായി പറയാതിരിക്കുമ്പോൾ ഇസ്ലാം സമ്പൂർണ്ണമല്ലെന്ന് പറയേണ്ടിവരും. ലോകത്ത് നടക്കാനിരിക്കുന്ന ഏതൊരു വിഷയത്തിന്റെയും വിധികൾ മുജ്തഹിദുകൾ വരച്ചു കാട്ടിയിട്ടുണ്ട്. ലോകത്ത് നടക്കാനിരിക്കുന്ന ഏതൊരു വിഷയത്തിന്റെയും വിധി അവർ പരാമർശിക്കാതെ പോയിട്ടില്ല. ഇത് ഇമാമുൽ ഹറമൈനി (റ) തന്നെ പ്രസ്താവിച്ചിട്ടുണ്ട്. ഭദ്രമായ അടിസ്ഥാന നിയമങ്ങളും വ്യാപ്തി കൂടിയ ധാരാളം വിശദീകരണങ്ങളും അവർ രേഖപ്പെടുത്തി വെച്ചതിനാൽ ശേഷമുണ്ടാകുന്ന യാതൊരു പ്രശ്നത്തിനും പരിഹാരം കണ്ടെത്താൻ പിൽക്കാല പണ്ഢിതർക്ക് പ്രയാസപ്പെടേണ്ടി വരില്ല. എല്ലാ മുജ്തഹിദുകളുടെയും കാലശേഷം, ഇന്ന് ജീവിക്കുന്ന സമൂഹത്തിലുണ്ടാകുന്ന പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങളിൽ നടത്തുന്ന 'ബഹ്സ്' മുഖേനയാണ്.

### » തെളിവുകളിൽ കാണുന്ന വൈരുദ്ധ്യം

ഇജ്തിഹാദ് അനിവാര്യമാക്കുന്ന മറ്റൊരു ഘടകമാണ് തെളിവുകളിൽ കാണുന്ന വൈരുദ്ധ്യം. ചില വിഷയങ്ങളിൽ തെളിവുകൾ പരസ്പരം എതിരായ രൂപത്തിൽ കാണാവുന്ന താണ്. ഇവിടെ രണ്ട് തെളിവുകളും ശരിയാണെങ്കിലും രണ്ടിലൊന്ന് യഥേഷ്ടം തിരഞ്ഞെടുക്കാൻ പാടില്ല. ഈ

തിരഞ്ഞെടുപ്പാണ് ഇജ്തിഹാദ്. ഇതിനു കുറെ യോഗ്യതകൾ ഉണ്ടായിരിക്കണം. സാധാരണക്കാർക്ക് ഇവയില്ലാത്തതിനാൽ ഒരു മുജ്തഹിദിനെ അംഗീകരിക്കുകയേ നിർവാഹമുള്ളൂ.

പരസ്പരം എതിരായ ആശയങ്ങൾ കുറിക്കുന്ന രണ്ടു ഹദീസുകൾ കാണുക. നബി (സ്വ) പറയുന്നു: ''ലിംഗം സ്പർശിച്ചവൻ വുളൂഅ് എടുക്കണം''. ഈ ആശയത്തെ എതിർക്കുന്ന മറ്റൊരു ഹദീസ് ഇപ്രകാരമാണ്. ''ലിംഗം സ്പർശിച്ചാൽ വുളൂഅ് മുറിയുമോയെന്ന ചോദ്യത്തിന്, നബി (സ്വ) പറയുന്നു. അത് നിന്റെ ശരീരത്തിൽ പെട്ട ഒരു മാംസ പിണ്ഢമല്ലേ?''. ഇങ്ങനെയുള്ള വൈരുദ്ധ്യങ്ങൾ ഹദീസുകളിൽ സംഭവിക്കുമ്പോൾ മുജ്തഹിദുകളാണ് അവ കൈകാര്യം ചെയ്യേണ്ടത്. ഉദാഹരണത്തിന്, ഇമാം ശാഫിഈ (റ) ലിംഗ സ്പർശം വുളൂഅ് മുറിക്കുമെന്ന് പറയുമ്പോൾ, അവർ ഗവേഷണത്തിന് അവലംബിക്കുന്ന 'ഉസ്വൂൽ' (നിദാനശാസ്ത്രം) അടിസ്ഥാനമാക്കി രണ്ടാമത്തെ ഹദീസിനു വിശദീകരണം നൽകണം.

ഇമാം അബൂ ഹനീഫ (റ) ലിംഗ സ്പർശം വുളൂഅ് മുറിക്കില്ലെന്ന് പറയുമ്പോൾ ഒന്നാം ഹദീസിന് അവരും വേറെ വ്യാഖ്യാനം കണ്ടെത്തണം. നിബന്ധനയൊത്ത മുജ്തഹിദിന് മാത്രം സാധ്യമാകുന്ന കാര്യമാണിത്. ഒരടിസ്ഥാന വിഷയം ഇവിടെ പ്രത്യേകമായി ഓർത്തി രിക്കണം. ഖുർആനിലും പത്തു ലക്ഷത്തിൽപരം ഹദീസുകളിലുമാണ് ഒരു മുജ്തഹിദിന്റെ ഗവേഷണം നടക്കേണ്ടത്. ഇവയിൽ ഖുർആനും ഒരു ലക്ഷത്തിൽ താഴെ ഹദീസുകളുമാണ് നമ്മുടെ കൈവശമുള്ളത്. ലഭ്യമായ ഹദീസുകൾ തന്നെ പൂർണ്ണമായി സ്വഹീഹായി സ്ഥിരപ്പെട്ടതുമല്ല. അവശേഷിക്കുന്ന ഒമ്പത് ലക്ഷം ഹദീസുകൾ കൂടി മാനദണ്ഢമാക്കിയാണ് ഇമാമുകൾ ഗവേഷണം നടത്തിയിട്ടുള്ളത്. ഇവ മാറ്റി നിർത്തിയുള്ള ഇജ്തിഹാദ് അപൂർണ്ണമായിരിക്കുമെന്നതിൽ സന്ദേഹമേയില്ല.

ആധുനിക ലോകം അഭിമുഖീകരിക്കുന്ന എല്ലാ പ്രശനങ്ങൾക്കുമുള്ള പ്രതിവിധ കർമ്മ ശാസ്ത്ര ഗ്രന്ഥങ്ങളിൽ ലഭിക്കും. അവ കണ്ടെത്താനുള്ള കഴിവ് നാം നേടിയെടുക്കണം.

അല്ലാഹു പറയുന്നു: ''ഭയമോ നിർഭയമോ ഉണ്ടാക്കുന്ന ഒരു കാര്യം സംജാതമായാൽ അവർ അത് കൊട്ടിഘോഷിക്കുന്നു. റസൂലിലേക്കും ഉലുൽഅംറി (മുജ്തഹിദുകൾ) ലേക്കും അതിനെ അവർ വിട്ടു കൊടുത്തിരുന്നെങ്കിൽ ഗവേഷണ പാടവമുള്ള അവർ അതിനെ സംബന്ധിച്ച് അറിയുമായിരുന്നു''(നിസാഅ് 83).

ഈ സൂക്തത്തിന്റെ വിശദീരണത്തിൽ ഇമാം റാസി(റ) എഴുതുന്നു: ''പ്രസ്തുത സാഹചര്യത്തിൽ നിർണ്ണായക വിധി അറിയാൻ അവരെ സമീപിക്കണമെന്നാണ് അല്ലാഹു നിഷ്കർശിക്കുന്നത്. ഖുർആനിലും ഹദീസിലും അതിന്റെ വിധി വ്യക്തമാകാത്തതാണിതിന് കാരണം. അതല്ലെങ്കിൽ ഇസ്തിമ്പാത്വി (ഗവേഷണം) ന് സ്ഥാനമില്ലല്ലോ. അത് കൊണ്ട് തന്നെ ഈ സാഹചര്യത്തിൽ ഇസ്തിമ്പാത്വ് (ഗവേഷണം) രേഖയാണെന്നും അതിനു കഴിയുന്നവരെ സാധാണക്കാർ അനുകരിക്കൽ നിർബന്ധമാണെന്നും ഈ സൂക്തം തെളിയിക്കുന്നു"'' (റാസി 10:200).

ഖുർആൻ പറയുന്നു: ''സത്യ വിശ്വാസികളേ, അല്ലാഹുവിനും റസൂലിനും ഉലുൽ അംറിനും നിങ്ങൾ വഴിപ്പെടുക''(നിസാഅ് 59).

സൂക്തത്തിൽ പറഞ്ഞ ഉലുൽഅംറ് കൊണ്ട് വിവക്ഷ ഇജ്തിഹാദിന് കഴിവുള്ള പണ്ഢിതന്മാരാണന്ന് തഫ്സീറുത്വബരി 2:88ലും സുനനുദ്ദാരിമി 1:40, അൽദുർറുൽ മൻസ്വൂർ 2:176 ലും സ്വഹാബികളും താബിഉകളുമായ പണ്ഢിതരെ ഉദ്ധരിച്ച് കൊണ്ട് തെളിയിച്ചിട്ടുണ്ട്.

ഖുർആനിലും ഹദീസിലും വിധി വ്യക്തമായി പറഞ്ഞവയിലാണ് ഖുർആനെയും സുന്നത്തിനെയും അനുസരിക്കാൻ അല്ലാഹു പറഞ്ഞത്. ഖുർആനിലും സുന്നത്തിലും വിധി വ്യക്തമാക്കാത്ത കാര്യങ്ങൾ സംബന്ധിച്ച് ഖുർആനിലും സുന്നത്തിലും ഗവേഷണം നടത്തി വിധി കണ്ടെത്തേണ്ടതിനാൽ അതിന് കഴിവുള്ള ഉലുൽഅംറിനെ അനുസരിക്കുക തന്നെ വേണം. വിധി കണ്ടെത്താൻ മുജ്തഹിദ് നടത്തുന്ന ഒരു സാഹസിക പ്രക്രിയയാണ് ഖിയാസ്.

## ഖാസി, മുഫ്തി, ഇജ്തിഹാദ്

സമുദായത്തിൽ ഖാസിമാരും മുഫ്തിമാരുമുണ്ടാകൽ നിർബന്ധമാണ്. അവർ സ്വതന്ത്ര മുജ്തഹിദുകളായിരിക്കണമെന്ന് മതഗ്രന്ഥങ്ങൾ ഉപാധി നിശ്ചയിച്ചിട്ടുണ്ട്. അപ്പോൾ ഗവേഷണാർഹത

നേടുകയെന്നതു പൊതുബാധ്യത – ഫർളു കിഫായ ആണെന്നും അതു നേടിയില്ലെങ്കിൽ സമൂഹം ഒന്നിച്ചു കുറ്റക്കാരനെന്നും വരില്ലേ?
വരില്ല; അങ്ങനെ വരാൻ സാധ്യതയില്ല. മുഫ്തിയും ഖാസിയും മുജ്തഹിദുകളാകണമെന്നു പറഞ്ഞ പണ്ഢിതന്മാർ തന്നെ, മുജ്തഹിദുകളില്ലാത്ത സാഹചര്യത്തിൽ, മുഖല്ലിദുകൾ മദ്ഹബിന്റെ വൃത്തത്തിൽ ഒതുങ്ങി നിന്നു കൊണ്ട് അക്കാര്യം നിർവഹിക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അവഗണന കൊണ്ടോ അശ്രദ്ധ കൊണ്ടോ അല്ല പിൽക്കാലത്ത് മുജ്തഹിദുകളുണ്ടാകാതെ പോയത്, പ്രത്യുത വിജ്ഞാന സമ്പാദനത്തിനു വേണ്ടി ആത്മാർഥമായി ജീവിതം ഉഴിഞ്ഞുവെച്ച പ്രതിഭാശാലികൾക്കു പോലും ആ സ്ഥാനം പ്രാപിക്കാൻ സാധിക്കാതെ വരികയാണുണ്ടായത്.

അല്ലാമാ ഇബ്നു ഹജർ (റ) പറയുന്നത് കാണുക :''മുജ്തഹിദിന്റെ അഭാവം ഇജ്തിഹാദിന്റെ ആയുധം നേടൽ അസാധ്യമായിത്തീർന്നതു കൊണ്ടു മാത്രമാണ്. അതിന്റെ മാർഗത്തെ അവഗണിച്ചതു കൊണ്ടല്ല. നമ്മുടെ ശാഫി മദ്ഹബുകാരായ പണ്ഢിതന്മാരും അല്ലാത്തവരും കഴിവിനുപരിയായി തീവ്രയത്നം നടത്തിയിട്ടുണ്ട്. ഇതു അവരുടെ ചരിത്രം സസൂക്ഷ്മം പഠിച്ചിട്ടുള്ളവർക്കറിയാവുന്നതാണ്. എന്നിട്ടും സ്വതന്ത്രമായ ഇജ്തിഹാദിന്റെ സ്ഥാനം കൈവരിക്കാൻ അവർക്കു സാധിച്ചില്ല''.
''മാത്രമല്ല,പ്രസ്തുത കാര്യങ്ങൾ (ഇജ്തിഹാദു ചെയ്തു ഫത്വായും വിധിന്യായവും നൽകൽ) നിർബന്ധമാകുന്നത് ഇജ്തിഹാദിനു പണ്ഢിതന്മാർ പറഞ്ഞിട്ടുള്ള നിബന്ധനകൾമുഴുവൻ ഒത്തിണങ്ങിയ ആൾക്കു മാത്രമാണ്.പിൻതലമുറകളെ മുഴുവൻ പരിശോധിച്ചാൽ അവ മുഴുവൻ അവർ നേടിയില്ലെന്നു കാണാവുന്നതാണ്.അതു കൊണ്ട് അവർക്ക് കുറ്റമില്ല'' (ഫതാവൽ കുബ്റാ 4–32).

## മുജ്തഹിദുകളുടെ വകുപ്പുകൾ

ഗവേഷണാർഹരായ പണ്ഢിതർ രണ്ട് വിഭാഗമാണ്. (1) മുസ്തഖില്ല്.: അടിസ്ഥാന പ്രമാണങ്ങൾ സ്വന്തമായി ക്രോഡീകരിക്കാൻ കഴിവുള്ള വ്യക്തി. (2) മുൻതസിബ്.: അടിസ്ഥാന പ്രമാണങ്ങളിൽ മറ്റൊരാളെ ആശ്രയിക്കുന്നവൻ.

ഒന്നാം വിഭാഗം സ്വന്തമായി പ്രമാണങ്ങൾ ക്രോഡീകരിക്കുക വഴി ഗവേഷണ രംഗത്ത് സ്വതന്ത്രനാവുന്ന തോടൊപ്പം നിരുപാധികം ഇജ്തിഹാദ് നടത്തുന്ന 'മുഥ്ലഖ്' കൂടിയാണ്.
രണ്ടാം വിഭാഗമായ മുൻതസിബിൽ ഖുർആൻ, ഹദീസ് തുടങ്ങിയ അടിസ്ഥാന രേഖകളിൽ നിന്ന് ഇജ്തിഹാദ് നടത്തുന്നവരും അതിനു കഴിയാത്തവരുമുൾപ്പെടും. കഴിയുന്നവരിൽ തന്നെ എല്ലാ മസ്അലകളും ഇജ്തിഹാദിലൂടെ കണ്ടെത്താൻ കഴിയുന്നവരും നിശ്ചിത മസ്അലകളിൽ മാത്രം ഗവേഷണം ഒതുങ്ങി നിൽക്കുന്നസവരുമുണ്ട്. അതുപോലെ ഖുർആൻ, ഹദീസ് തുടങ്ങിയ അടിസ്ഥാന രേഖകളിൽ നിന്ന് സ്വന്തമായി ഇജ്തിഹാദിന് കഴിയില്ലെങ്കിലും ഇമാമിന്റെ 'ഉസ്വൂൽ' അവലംബമാക്കി ഇമാം വ്യക്തമാക്കാത്ത ചില മസ്അലകളെ ഇമാമ് വ്യക്തമാക്കിപ്പറഞ്ഞ കാര്യത്തിൽ നിന്ന് കണ്ടെത്താൻ കഴിയുന്നവരും മുൻതസിബിൽ ഉൾപ്പെടും. മുകളിൽ പറഞ്ഞ പദവിയിലൊന്നും എത്തിയിട്ടില്ലാത്ത മറ്റൊരു വിഭാ ഗവും മുൻതസിബിൽ ഉണ്ട്. ഇമാമിന്റെ അടിസ്ഥാന പ്രമാണങ്ങളെയും മുറജ്ജിഹാത്തു (രേഖകളിൽ നിന്ന് ചിലതിനെ ചിലതിനെക്കാൾ പ്രബലമാക്കുന്ന കാരണങ്ങൾ) കളെയും പൂർണ്ണമായും വിശദമായും പഠിച്ച വരാണിവർ. ചില ഘട്ടങ്ങളിൽ ഒരേ മസ്അലയിൽ തന്നെ വ്യത്യസ്തമായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കപ്പെടും. പിന്നീട് അവയിലൊന്നിനെ പ്രബലമാക്കും. ഈ സാഹചര്യത്തിൽ ഏത് അഭിപ്രായത്തി ലാണ് തന്റെ ഇമാമിന്റെ നിദാന ശാസ്ത്ര പ്രകാരമുള്ള മുറജ്ജിഹ് ഉള്ളതെന്ന് ഇജ്തിഹാദ് വഴി കണ്ടെത്തുകയും പ്രസ്തുത മുറജ്ജിഹ് മാനദണ്ഢമാക്കി ഇമാമിന്റെ വാക്കുകളിൽ നിന്നും, അസ്ഹാബിന്റെ അഭിപ്രായങ്ങളിൽ നിന്നും ചിലത് ചിലതിനെക്കാൾ പ്രബലമാക്കുകയാണ് ഈ വിഭാഗത്തിനു ചെയ്യാനുള്ളത്. 'മുജ്തഹിദുൽ ഫതാവാ വത്തർജീഹ്' എന്ന പേരിൽ ഇവർ അറിയപ്പെടുന്നു. ഇങ്ങനെ അഞ്ച് വിഭാഗമാണ് മുജ്തഹിദുകൾ.

(1) അൽ മുത്വലഖുൽ മുസ്തഖില്ല് (സ്വതന്ത്രവും നിരുപാധികവുമായ ഗവേഷണം നടത്തുന്നവർ). (2) അൽ മുത്വലഖു ഗൈറുൽ മുസ്തഖില്ല് (സ്വതന്ത്രമല്ലാതെ എല്ലാ വിഷയങ്ങളിലും ഗവേഷണം നടത്തുന്നവർ). (3) അൽ മുജ്തഹിദുന്നിസബിയ്യ്. (സ്വതന്ത്രമല്ലാതെ സോപാധികം ചില

വിഷയങ്ങളിൽ മാത്രം ഗവേഷണം നടത്തുന്നവർ). (4) മുജ്തഹിദുൽ മദ്ഹബ് (ഇമാമിന്റെ വാക്കുകളിലും, അസ്ഹാബിന്റെ അഭിപ്രായങ്ങളിലും ഗവേഷണം നടത്തുന്നവർ).(5) മുജ്തഹിദുൽ ഫതാവാ വത്തർജീഹ് (ഇജ്തിഹാദ് വഴി ലക്ഷ്യങ്ങളുടെ മുറജ്ജിഹുകൾ കണ്ടെത്തി പ്രസ്തുത മുറജ്ജിഹ് മാനദണ്ഡമാക്കി ഇമാമിന്റെ വാക്കുകളിൽ നിന്നും, അസ്ഹാബിന്റെ അഭിപ്രായങ്ങളിൽ നിന്നും ചിലത് ചിലതിനെക്കാൾ പ്രബലമാ ക്കാനും അതനുസരിച്ച് ഫത്വ നൽകാനും കഴിയുന്നവർ). (മീസാനുൽ കുബ്റ 1:16, ശറഹുൽ മുഹദ്ദബ് 1:43, ജംഉൽ ജവാമിഅ് 2:385, തുഹ്ഫ 10:109). 2,3,4 വകുപ്പുകളിലെ പണ്ഢിതർ അസ്ഹാബുൽ വുജൂഹ് എന്ന പേരിലറിയപ്പെടുന്നു.

## ഹദീസും മുജ്തഹിദും

മറ്റു വൈജ്ഞാനിക ശാഖകളിലെന്ന പോലെ ഹദീസിലും അഗാധ പാണ്ഢിത്യം നേടിയെങ്കിലേ ഒരാൾ മുജ്തഹിദാകൂ. മദ്ഹബിന്റെ ഇമാമുകൾ ഇക്കാര്യത്തിൽ വളരെ സൂക്ഷ്മതയുള്ളവരായിരുന്നു. നാലാമത്തെ ഇമാമായ അഹ്മദുബിൻ ഹമ്പലിനോട് ഒരാൾ ഒരു ലക്ഷം ഹദീസുകൾ മനഃപാഠമാക്കിയാൽ മുജ്തഹിദാകുമോ എന്നു ചോദിക്കുകയുണ്ടായി. 'ഇല്ല' എന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി. മൂന്നു ലക്ഷത്തെകുറിച്ചു ചോദിച്ചപ്പോഴും അതു തന്നെയായിരുന്നു ഇമാമിന്റെ പ്രത്യുത്തരം. എന്നാൽ നാലുലക്ഷം ഹദീസ് ഹൃദിസ്ഥമാക്കിയ ഒരാൾക്കു മുജ്തഹിദാകാമോ?' അവസാനം ചോദിക്കപ്പെട്ടു: 'ആകാമെന്നാണ് എന്റെ പ്രതീക്ഷ.' അദ്ദേഹം മറുപടി കൊടുത്തു. ഈ സംഭവം ഇബ്നുൽ ഖയ്യിം അദ്ദേഹത്തിന്റെ 'ഇഅ്ലാമുൽ മുവഖിഈൻ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. (അശദ്ദുൽ ഇജ്തിഹാദ് പേജ് 16).

എന്നാൽ മറ്റൊരു റിപ്പോർട്ടിൽ അഞ്ചുലക്ഷം എന്നാണുള്ളത്. ശാഹ്വലിയുല്ലാഹി (റ) പറയുന്നത് കാണുക :"ഫിഖ്ഹിന്റെ ക്രമീകരണം ധാരാളം ഹദീസുകളുടെ ശേഖരണത്തെ ആസ്പദിച്ചാണ് നിലകൊണ്ടിരുന്നത്. അഹ്മദുബിൻ ഹമ്പലിനോട് ഒരു ലക്ഷം ഹദീസ് മതിയാകുമോ മുഫ്തിയാകാൻ എന്നു ചോദിച്ചപ്പോൾ, 'പോരാ' എന്നായിരുന്നു മറുപടി. അവസാനം അഞ്ചുലക്ഷം മതിയാകുമോ എന്നു ചോദിച്ചപ്പോൾ 'ആകാമെന്നു പ്രതീക്ഷിക്കുന്നു' എന്നാണ് അദ്ദേഹം മറുപടി നൽകിയത്". (ഹുജ്ജത്തുല്ലാഹിൽ ബാലിഗ 1–50).

'അഞ്ചുലക്ഷം മനഃപാഠമാക്കിയ ഒരു പണ്ഢിതൻ' അല്ലെങ്കിൽ അഞ്ചുലക്ഷം ഹദീസ് ഇന്നെവിടെ? ഉണ്ടെങ്കിലല്ലെ പഠിക്കുക? ഇതിൽ നിന്നെല്ലാം നാലു മദ്ഹബുകൾ തഖ്ലീദു ചെയ്യുന്നതിന്റെ രഹസ്യം ബുദ്ധിയുള്ളവർക്ക് മനസ്സിലാക്കാവുന്നതാണ്. ഹദീസ് പണ്ഢിതനായതു കൊണ്ട് മാത്രം ഒരാൾ മുജ്തഹിദ് ആവുകയുമില്ല. ഹദീസുകളിൽ വിവിധ ഇനങ്ങളുടെ അന്തരാർഥം ഗ്രഹിച്ചിരിക്കണം. ഇല്ലെങ്കിൽ ഇബ്നു തൈമിയ്യയെ പോലുള്ള ചില മുഹദ്ദിസുകൾക്ക് സംഭവിച്ചതുപോലെ വഴിതെറ്റിപ്പോകാനിടവരും (ഫതാവൽ ഹദീസിയ്യ പേ.242).

## മുജ്തഹിദുകളും നിബന്ധനകളും

ഇബ്നു തൈമിയ്യ പറയുന്നു: നബി (സ്വ) യുടെ പത്തു ലക്ഷത്തിൽ പരം വരുന്ന ഹദീസുകളിൽ മുഖ്യ ഭാഗവും മുജ്തഹിദിനു മന:പാഠമുണ്ടായിരിക്കണം എന്നല്ലാതെ ഇസ്ലാമിക നിയമങ്ങളുമായി ബന്ധപ്പെട്ട ഹദീസുകൾ ഒന്നൊഴിയാതെ പൂർണ്ണമായും മനഃപാഠമുണ്ടാകണമെന്ന് നിബന്ധനയായിക്കൂട. അങ്ങനെയാണെങ്കിൽ മുസ്ലിം ഉമ്മത്തിൽ മുജ്തഹിദ് ഇല്ലെന്ന് പറയേണ്ടിവരും (റഫ്ഉൽ മലാം പേജ് 18).

ഹദീസിന്റെ ലഫ്ളുകൾ മാത്രം പോര, നിവേദക പരമ്പരയിലുള്ള ഓരോ വ്യക്തിയുടെയും പേര്, തറവാട്, വയസ്, മരണ സമയം (യോഗ്യായോഗ്യതകൾ സംബന്ധിച്ച) ഗുണങ്ങൾ, ഹദീസ് സ്വീകരിക്കാൻ അവർ കൈകൊണ്ട നിബന്ധനകൾ, അവരുടെ അവലംബരേഖ, ഹദീസുകൾ സ്വീകരിച്ച രീതി, നിവേദക പരമ്പര ഇനം തിരിക്കൽ, റിപ്പോർട്ടർമാരുടെ വാക്കുകൾ തുടങ്ങി എല്ലാ

കാര്യങ്ങളും മുജ്തഹിദ് അറിഞ്ഞിരിക്കണം (ഹാഫിള് ഇബ്നു അസീറി (റ) ന്റെ ജാമിഉൽ ഉസ്വൂൽ വാള്യം 1, പേജ് 37).

ഖുർആനിലും സുന്നത്തിലുമുള്ള സാങ്കേതിക പ്രയോഗങ്ങളെ കുറിച്ച് തികഞ്ഞ പാണ്ഡിത്യം മുജ്തഹിദ് ആർജ്ജിച്ചിരിക്കണം. പ്രയോഗങ്ങളിലെ സാങ്കേതികതകൾ തിരിച്ചറിയാത്ത വ്യക്തി അപകടത്തിലേക്ക് നീങ്ങും. കൽപന, നിരോധനം, വ്യാപകാർഥമുള്ളത്, ഹ്യസ്വാർഥമുള്ളത്, ഖണ്ഡിതമല്ലാത്തവിധം വ്യക്തമായത്, വ്യക്തമായ അർഥത്തിനെതിരിൽ വ്യാഖ്യാനിക്കപ്പെട്ടത്, എതിരായി വ്യാഖ്യാനിക്കാൻ പറ്റാത്ത വിധം വ്യക്തമായത്, മൊഴിയുടെ ബാഹ്യാർഥം, ആന്തരാർഥം, ഉദ്ദേശാർഥം, അവ്യക്തമായത്, ഉദ്ദേശാർഥം വ്യക്തമായത്, വിധി ദുർബലമാക്കുന്നത്, ദുർബലമായത്, നിവേദനപരമ്പര അനിഷേധ്യമാം വിധം ബലവത്തായത്, നിവേദക പരമ്പരയിൽ നിന്നും റിപ്പോർട്ടർ ഒഴിഞ്ഞുപോയത് എന്നിവക്ക് പുറമെ നിവേദക പരമ്പരയുടെ ബലാബലം, അറബി ഭാഷ (വ്യാകരണ സാഹിത്യ നിയമങ്ങളടക്കം) സ്വഹാബികളും അല്ലാത്തവരുമായ പണ്ഢിതരുടെ അഭിപ്രായങ്ങൾ, (ഭിന്നിപ്പും ഏകോപനവും) വ്യക്തവും അവ്യക്തവുമായ ഖിയാസ് (മറ്റൊന്നിനോട് തുലനം ചെയ്ത് വിധി കണ്ടെത്തുക) തുടങ്ങിയ ധാരാളം വിഷയങ്ങളിൽ സമഗ്രപാണ്ഢിത്യം ഉണ്ടായിരിക്കണം. ഇവക്കെല്ലാം പുറമെ ഖുർആൻ, സുന്നത്ത്, അറബി വ്യാകരണ നിയമങ്ങൾ സസൂക്ഷ്മം പരിശോധിച്ച ശേഷം അടിസ്ഥാന നിയമങ്ങൾ (ഉസ്വൂൽ) സ്വന്തമായി ക്രോഡീകരിക്കുകയും വേണം.
ഒരു ലക്ഷം ഹദീസ് മനഃപാഠമാക്കിയ വ്യക്തിക്ക് ഇജ്തിഹാദ് നടത്താമോ എന്ന ചോദ്യത്തിന് സാധ്യമല്ലെന്നാണ് ഇമാം അഹ്മദ് ബിനു ഹമ്പൽ (റ) മറുപടി പറഞ്ഞത്. രണ്ടോ മൂന്നോ നാലോ ലക്ഷം ഹദീസുകൾ മനഃപാഠമുണ്ടെങ്കിലും ഇജ്തിഹാദ് സാധ്യമല്ലെന്നവർ വ്യക്തമാക്കിയിട്ടുണ്ട് (ഉജ്ജത്തുല്ലാഹിൽ ബാലിഹ വാള്യം 1, പേജ് 150).

പ്രഗത്ഭ ഹദീസ് പണ്ഢിതരായ ഇമാം ബുഖാരി (റ), മുസ്‌ലിം (റ), ബൈഹഖി (റ), ഇബ്നു ഹജർ (റ) തുടങ്ങിയ ധാരാളം ആളുകൾ ശാഫിഈ മദ്ഹബ് തഖ്‌ലീദ് ചെയ്തവരായിരുന്നു. മുകളിൽ പറഞ്ഞവരും അല്ലാത്തവരുമായ ധാരാളം പണ്ഢിതന്മാർ ഇജ്തിഹാദിന് കഴിവില്ലാത്തതുകൊണ്ടാണല്ലോ ശാഫിഈ മദ്ഹബ് തഖ്‌ലീദ് ചെയ്തത്. മദ്ഹബിന്റെ നാല് ഇമാമുകൾക്ക് ശേഷം ഇബ്നു ജരീറുത്വബരി മാത്രമാണ് ഈ പദവി വാദിച്ചു നോക്കിയത്. അദ്ദേഹത്തിനു അംഗീകാരം ലഭിക്കുകയുണ്ടായില്ല. ഇമാം ശഅ്‌റാനി (റ) തന്റെ മീസാൻ, വാള്യം 1 പേജ് 16 ൽ പറയുന്നു:
മുഥ്‌ലഖ് മുജ്തഹിദ് മൂന്നാം നൂറ്റാണ്ടോടെ അവസാനിച്ചതായി ഫതാവ ഇബ്നു സ്വലാ ഹിൽ നിന്നുദ്ദരിച്ചു കൊണ്ട് ജാമിഉ കറാമാത്തിൽ ഔലിയാഅ് വാള്യം 1 പേജ് 167, തുഹ്ഫ വാള്യം 9 പേജ് 216, ബാജൂരി വാള്യം 1 പേജ് 190, ഫതാവൽ കുബ്റ വാള്യം 1 പേജ് 302 എന്നിവയിലും വ്യക്തമാക്കിയിട്ടുണ്ട്.

ഇജ്തിഹാദിന്നാവശ്യമായ കഴിവുകൾ നേടിയെടുക്കാനാവാത്തതിനാലാണ് പിൽക്കാലത്ത് മുജ്തഹിദ് മുഥ്‌ലഖ് ഇല്ലാതെ പോയത്. പണ്ഢിതന്മാരുടെ അനാസ്ഥയാണ് ഇതിനു കാരണമെന്ന വാദം ശരിയല്ല. ‘‘ഇജ്തിഹാദിനു വേണ്ട ആയുധം ഇല്ലാതെ പോയതിനാലാണ് മുജ്തഹിദുകൾ ഇല്ലാതെ പോയതെന്ന് നാം വിശ്വസിക്കണം. പണ്ഢിതർ പിന്മാറിയതിനാലല്ല. കാരണം ശാഫിഈ അസ്ഹാബും അല്ലാത്തവരുമായ മഹാന്മാർ സാധ്യമാകുന്നതിലുപരി പരിശ്രമങ്ങൾ നടത്തുകയും അതിനു വേണ്ടി വയസ്സുകൾ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ ചരിത്രത്തിൽ അതു കാണാം. അങ്ങനെയെല്ലാമായിട്ടും നിരുപാധിക ഗവേഷണത്തിന്റെ സ്ഥാനം അലങ്കരിക്കാൻ അവർക്കായില്ല’’ ഫതാവൽ കുബ്റ വാള്യം 4, പേജ് 302.
ഇതിനാലാണ് താൻ ഇജ്തിഹാദ് വാദിക്കുന്നില്ലെന്നും ഹംബലി മദ്ഹബുകാരനായതിൽ അഭിമാനിക്കുകയാണെന്നും ഇബ്നു അബ്ദുൽ വഹാബ് പറഞ്ഞത് ഉൻവാനു മജ്ദ് ഫി താരീഖി നജ്ദ് വാള്യം 1, പേജ് 84.

## അൽ മുത്‌ലഖുൽ മുൻതസിബ്. (അൽ മുത്‌ലഖു ഗൈറുൽ മുസ്തഖില്ല്.)

ഇവർക്ക് സ്വന്തമായി ഉസ്വൂൽ ക്രോഡീകരിക്കാനുള്ള യോഗ്യത ഉണ്ടായിരിക്കില്ല. ഒന്നാം മുജ്ത ഹിദിനുള്ള മറ്റെല്ലാ നിബന്ധനകളും ഇവർക്കും ബാധകമാണ്. ഈ അർഥത്തിൽ മാത്രമാണ് ഇവരെ മുഖല്ലിദുകൾ എന്ന് പറയുന്നത്.

ഇമാം നവവി (റ) പറയുന്നു: ''മദ്ഹബിലും അതിന്റെ ലക്ഷ്യങ്ങളിലും ഇമാമിനെ അനുകരിക്കാത്തവരാണ് മുൻതസിബായ മുജ്തഹിദ്. സ്വതന്ത്ര മുജ്തഹിദിന്റെ എല്ലാ ഗുണങ്ങളും ഇവരിലുമുള്ളതാണതിനു കാരണം.ഇജ്തിഹാദിൽ ഇമാമിന്റ വഴി (നിദാന ശാസ്ത്രം സ്വീകരിച്ചുവെന്ന അടിസ്ഥാനത്തിൽ മാത്രമാണിവരെ ഇമാമിലേക്ക് ചേർത്ത് പറയുന്നത്''(ശറഹുൽ മുഹദ്ധബ് 1:43).

ബന്നാനി പറയുന്നു:''നസ്സുകളിൽ (ഖുർആൻ, സുന്നത്ത്) നിന്ന് ഇവർ മസ്അല കണ്ടെത്തുന്നവരാണ്. അവരുടെ വാക്കുകൾ പരിശോധിച്ചവർക്കിത് ബോധ്യപ്പെടും. പക്ഷേ, ഇമാമിന്റ നിദാനശാസ്ത്രമവലംബിച്ചു മാത്രമായിരിക്കും ഇവരുടെ കണ്ടെത്തലുകൾ. ഇത് കൊണ്ട് മാത്രമാണ് സ്വതന്ത്ര മുജ്തഹിദുമായി ഇവർ വേർ തിരിയുന്നത്'' (ബന്നാനി 2:386,86).

ശാഫിഈ മദ്ഹബിലെ ഇമാം മുസ്നി (റ), ബുവൈത്വി (റ) തുടങ്ങിയവരും ഹനഫീ മദ്ഹബിലെ ഇമാം അബൂ യൂസുഫ് (റ) മുഹമ്മദ് (റ) എന്നിവരും ഈ വിഭാഗത്തിൽ പെടുന്നു. സ്വതന്ത്ര മുജ്തഹിദുകളെ പോലെ എല്ലാ വിഷയങ്ങളിലും നിരുപാധികം ഇജ്തിഹാദ് നടത്താൻ ശേഷിയുള്ളവർ തന്നെയാണിവർ. സ്വന്തമായി നിദാന ശാസ്ത്രം ക്രോഡീകരിക്കാനുള്ള യോഗ്യത ഇവർക്കില്ല.

## അൽ മുജ്തഹിദുന്നിസബിയ്യ്

അടിസ്ഥാന പ്രമാണങ്ങൾ ആധാരമാക്കി ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും ഒരു വിഷയവുമായി ബന്ധപ്പെട്ട നിശ്ചിത മസ്അലകൾ മാത്രം കണ്ടെത്തുന്നവരാണ് ആപേക്ഷിക മുജ്തഹിദ് (മുജ്തഹിദുന്നിസബിയ്യ്). നിദാന ശാസ്ത്രത്തിൽ അവഗാഹുള്ളതോടൊപ്പം താൻ കണ്ടെത്തുന്ന മസ്അലകളുമായി ബന്ധപ്പെട്ട സർവത്ര ലക്ഷ്യങ്ങളിലും പരിജ്ഞാനമുള്ളവനും സ്വഹാബത്തടക്കമുള്ള പൂർവികർ പ്രസ്തുത മസ്അലകളിൽ പ്രകടിപ്പിച്ച ഭിന്നാഭിപ്രായങ്ങളും അവരുടെ ഏകോപനവുമെല്ലാം പൂർണ്ണമായും ഗ്രഹിച്ചിരിക്കണം.

ഇമാം മഹല്ലി പറയുന്നു: ''ചിലർക്ക് ചില വിഷയങ്ങളിൽ മാത്രം ഇജ്തിഹ്ദിനുള്ള കഴിവ് ഉണ്ടാകുന്നത് കൊണ്ടാണ് ഇജ്തിഹാദ് ഭാഗികമാകാമെന്ന് പറഞ്ഞത്. ഉദാഹരണമായി മരണാനന്തര സ്വത്ത് വിഹിതം വെക്കുന്നതുമായി ബന്ധപ്പെട്ട രേഖകൾ അറിയുന്നവർക്ക് ആ വിഷയത്തിൽ ഉസ്വൂൽ അടിസ്ഥാനമാക്കി തന്റെ അഭിപ്രായം രേഖപ്പെടുത്താം' (ശറഹു ജംമ്ഇൽ ജവാമിഅ് 2:386).

ഇമാം ഇബ്നു ഹജർ (റ) പറയുന്നു: ''സ്വതന്ത്രവും നിരുപാധികവുമായി ഇജ്തിഹാദ് നടത്തുന്ന വ്യക്തിക്ക് പറഞ്ഞ എല്ലാ നിബന്ധനകളും ആപേക്ഷിക മുജ്തഹിദിനുണ്ടാവണമെന്നില്ല. തന്റെ മദ്ഹബിൽ നിന്ന് പുറത്തു പോകാത്ത സോപാധിക മുജ്തഹിദായ ഇദ്ധേഹം ഇമാമിന്റ അടിസ്ഥാന പ്രമാണങ്ങൾ അറിഞ്ഞിരിക്കണം. ശറഇന്റെ നിയമങ്ങൾ നിരുപാധിക മുജ്തഹിദ് മറികടക്കാൻ പാടില്ലാത്ത പോലെ ഇമാമിന്റെ നിയമങ്ങൾ സോപാധിക മുജ്തഹിദും മറികടക്കാൻ പാടില്ല'' (തുഹ്ഫ: 10:109).

## മുജ്തഹിദുൽ ഫത്വാ വത്തർജീഹ്

തെളിവിന്റെ ബലാബലം പരിശോധിച്ച് മസ്അലകളിൽ ഒന്നിനെ തിരഞ്ഞെടുക്കാൻ കഴിവുള്ള വർക്കാണ് മുജ്തഹിദുൽ ഫത്വാ വത്തർജീഹ് എന്ന് പറയുന്നത്. ശാഫിഈ മദ്ഹബിൽ ഇമാം റാഫിഈ (റ) ഇമാം നവവി (റ) യും ഇവരിൽ ഉൾപ്പെടുന്നു. ഇമാം ഇബ്നു ഹജർ (റ), ഇമാം റംലി (റ) തുടങ്ങിയവർ പോലും തർജീഹിന്റെ (1) സ്ഥാനം എത്തിയവരല്ല (ബാജൂരി 1:19).

ഇമാം നവവി (റ) പറയുന്നു. ''ഇവർ അസ്ഹാബുൽ വുജൂഹിന്റെ പദവി എത്തിച്ചില്ലെങ്കിലും കൂർമ്മ ബുദ്ധി, തന്റെ ഇമാമിന്റെ മദ്ഹബ് മനപ്പാഠമാക്കൽ, ഇമാമിന്റെ അവലംബ രേഖകൾ അറിയൽ, അവ സമർഥിക്കാനുള്ള കഴിവ് (തദടിസ്ഥാനത്തിൽ) മസ്അലകൾ രൂപപ്പെടുത്തി സമർഥിക്കൽ, പ്രതികൂല രേഖകൾ ഖണ്ഢിക്കൽ, അവലംബരേഖ (മുറജ്ജിഹാത്ത്(2)) ഉപയോഗിച്ച് പ്രബലമാക്കൽ തുടങ്ങിയ ഗുണങ്ങൾ ഉള്ളവരാണ്'' (ശറഹുൽ മുഹദ്ദബ് 1: 44).

(1). വ്യത്യസ്ഥമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ഒരു വിഷയത്തിൽ ഉണ്ടാവുന്ന വിവിധ അഭിപ്രായങ്ങളിൽ ഒന്നിനെ പ്രബലമാക്കുന്നതിനാണ് തർജീഹ് എന്ന് പറയുന്നത് (ജംഉൽ ജവാമിഅ് 2 : 386).

(2) ഒരു മസ്അലയിൽ പരസ്പര വിരുദ്ധമായ തെളിവുകളുണ്ടാവുകയും ഒന്നാം തെളിവ് അടിസ്ഥാനപ്പെടുത്തി മസ്അല സ്ഥിരപ്പെടുത്തുകയും ചെയ്താൽ മറ്റ് തെളിവുകൾ മാറ്റി നിർ

ത്താനുള്ള കാരണങ്ങൾ വ്യക്തമാക്കണം. ഒന്നാം തെളിവ് സ്വീകരിക്കാനും രണ്ടാം തെളിവ് നിരസിക്കാനും കാരണങ്ങളുണ്ടാവും. ഈ കാരണങ്ങൾക്കാണ് മുറജ്ജിഹാത് എന്ന് പറയുന്നത്.
ഇമാം ഇബ്നു ഹജർ (റ) പറയുന്നു: ''ഇമാം സുയൂഥി (റ) ഇജ്തിഹാദ് വാദവുമായി രംഗത്ത് വന്നപ്പോൾ പണ്ഢിതന്മാർ അദ്ദേഹത്തെ സമീപിച്ചു. തർജീഹ് കൂടാതെ രേഖപ്പെടുത്തിയ ഏതാനും അഭിപ്രായങ്ങളിൽ നിന്ന് പ്രബലമായവ കണ്ടെത്താൻ ആവശ്യപ്പെട്ടു. ഇമാമിലന്റെ അടിസ്ഥാന പ്രമാണങ്ങളും മുറജ്ജിഹാത്തും പരിശോധിച്ച് പ്രസ്തുത അഭിപ്രായങ്ങളിൽ നിന്ന് പ്രബലമായവ കണ്ടെത്താൻ ഇമാം സുയൂഥി (റ) ക്ക് സാധിച്ചില്ല. ഇതെകുറിച്ച് ഇമാം റംലി (റ) പറയുന്നു: ഇജ്തിഹാദിന്റെ താഴെ നിലയിലുള്ള തർജീഹ് പോലും ഇത്ര പ്രയാസമാണങ്കിൽ ഈ വാദമുന്നയിക്കുന്നവർ ബുദ്ധി ശൂന്യരും വിഡ്ഢികളുമാണന്ന് വ്യക്തം. ഇതിനു മുകളിലുള്ളവരുടെ സ്ഥാനങ്ങൾ അവകാശപ്പെടുന്നവരുടെ കാര്യം എടുക്കാനുമില്ല '' (ഫൈളുൽ ഖദീർ 1: 10).

ഇബ്നു ഹജർ (റ) ഫതാവയിൽ എഴുതുന്നു: നമ്മുടെ ഗുരുനാഥന്മാർ മുതൽ പൂർവ്വ കാല പണ്ഢിതരെല്ലാം അംഗീകരിച്ചുപോരുന്ന യാഥാർഥ്യം ഇപ്രകാരമാണ്. ഫത്വയിലും അല്ലാത്തവ യിലും ശൈഖാനി (ഇമാം നവവി (റ), ഇമാം റാഫിഈ (റ) യെ അംഗീകരിക്കേണ്ടതും ഭൂരിപ ക്ഷത്തിന്റെ അഭിപ്രായം കൊണ്ടോ ഇമാം ശാഫിഈയുടെ നസ്സ് കൊണ്ട് പോലുമോ അവരെ എതിർക്കാൻ പാടില്ലാത്തതുമാകുന്നു. ചില വ്യക്തികൾ നസ്സുകൾ കാണിച്ച് ഇവരെ എതിർക്കുന്ന ഏതാനും മസ്അലകൾ ഗഹനമായി പരിശോധിച്ചപ്പോൾ എതിരാളികൾ കണ്ടെത്താത്ത നസ്സുകൾ അടിസ്ഥാനപ്പെടുത്തിയാണ് അവരത് രേഖപ്പെടുത്തിയതെന്ന് ഞാൻ കണ്ടെത്തി. ഭൂരിപക്ഷത്തിന്റെ അഭിപ്രായങ്ങൾ ചൂണ്ടി അവരെ എതിർക്കുന്നവരെയും കാണാം. അവർ ഭൂരിപക്ഷത്തിന്റെ അഭിപ്രായങ്ങൾ അംഗീകരിക്കാൻ ബാധ്യസ്ഥരല്ല. തെളിവുകളുടെ ബലമനുസരിച്ച് റാജിഹാക്കുന്ന വസ്തുതകളാണ് തങ്ങളുടെ അവലംബമെന്ന് അവർ തന്നെ വ്യക്തമാക്കിയിട്ടുണ്ട്.

## മുജ്തഹിദുൽ മദ്ഹബ്

ഇമാം വ്യക്തമായി പറഞ്ഞ കാര്യങ്ങൾ അടിസ്ഥാനമാക്കി വജ്ഹുകൾ കണ്ടെത്താൻ കഴിവുള്ളവർ (ജംഉൽജവാമിഅ്). അതായത് രണ്ട് മസ്അലകൾക്കുമിടയിൽ സാമ്യതയുള്ളപ്പോൾ, ഇമാം പറഞ്ഞിട്ടില്ലാത്ത മസ്അലകളെ പറഞ്ഞവയോട് തുലനം ചെയ്യൽ പോലെയുള്ള ഇജ്തിഹാദ് നടത്തലാണ്. ഇമാം പറഞ്ഞുവെച്ച മസ്അലകളുടെയോ പ്രമാണങ്ങളുടെയോ വ്യാപ്തിയിൽ ഉൾപ്പെടുന്ന മസ്അല അതിൽ നിന്ന് കണ്ടെത്തുന്നതും ഇപ്രകാരമാണ്.കർമ്മ ശാസ്ത്ര വിധികളുമായി ബന്ധപ്പെട്ടു കിടക്കുന്ന തന്റെ ഇമാമിന്റെ അടിസ്ഥാന പ്രമാണങ്ങൾ മുഴുവനും ഇയാൾ ഗ്രഹിച്ചിരിക്കണം. എല്ലാ മസ്അലകളിലുമുള്ള ഇമാമിന്റ നസ്സുകളും അസ്ഹാബിന്റെ വജ്ഹുകളും അവർ അറിഞ്ഞിരിക്കണം. താരതമ്യ പഠനത്തിലൂടെ പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുമ്പോൾ അടിസ്ഥാന നിയമങ്ങൾ മറികടക്കാതിരിക്കാൻ ഈ അറിവ് ആവശ്യമാണ്.'' ശറഇന്റെ അടിസ്ഥാന നിയമങ്ങളിൽ സ്വതന്ത്ര മുജ്തഹിദ് പരിഗണിക്കുന്നവയെല്ലാം ഇദ്ദേഹവും പരിഗണിഗണിച്ചിരിക്കണം. ശറഇന്റെ നസ്സുകളെ അപേക്ഷിച്ച് സ്വതന്ത്ര മുജ്തഹിദിനുള്ള സ്ഥാനമാണ്, സ്വതന്ത്ര മുജ്തഹിദനെ അപേക്ഷിച്ച് ഇയാൾക്കുള്ളത്. അതിനാൽ ശറഇന്റെ നസ്സുകളുള്ളപ്പോൾ സ്വതന്ത്ര മുജ്തഹിദിന് ഇജ്തിഹാദ് നടത്താൻ പാടില്ലാത്തത് പോലെ തന്റെ ഇമാം വ്യക്തമായി പറഞ്ഞത് ഉപേക്ഷിച്ച്, ഇജ്തിഹാദ് നടത്താൻ ഇദ്ദേഹത്തിനും പാടില്ല (തുഹ്ഫ: 10: 109). അസ്ഹാബിൽ മൂന്നാം സ്ഥാനമാണിവർ ക്കുള്ളത്. ഹദീസ് ശേഖരണത്തിൽ മുജ്തഹിദുന്നിസബിയ്യിന്റെ പദവിയും എത്താത്തതിനാലാണ് ഇവർ മൂന്നാം സ്ഥാനക്കാരായത്. ഇവർ അസ്ഹാബിൽ വുജൂഹിൽ ഉൾപ്പെടുന്നവരാണ്. ഈ പദവി കൈവരിച്ചവർ ഹിജ്റ നാനൂറിന് ശേഷം ഉണ്ടായിട്ടില്ല (ഫതാവൽ കുബ്റ : 4 : 303, 4: 296).
ഇമാം ഇബ്നു ജുറൈജ് (റ) ഈ വിഭാഗത്തിൽപെടുന്നു. ഇമാം ഗസ്സാലി (റ), ഇമാമുൽ ഹറമൈനി (റ), ഇമാം ശീറാസീ (റ) യും മുജ്തഹിദുൽ മദ്ഹബിൽ പെടുമെന്നാണ് ഇബ്നു സ്വലാഹ് (റ) അഭിപ്രായപ്പെടുന്നത്. മുകളിൽ പറഞ്ഞവർ അതിന് യോഗ്യരല്ലന്നാണ് ഇമാം ഇബ്നു രിഫ്അതിന്റെ പക്ഷം (തുഹ്ഫ: 10 :109).

ഇമാം മുനാവി പറയുന്നു. ''ഇമാം ശാഫിഈ (റ) യുടെ നസ്സുകൾ മുഴുവനും നഷ്ടപ്പെടുകയാ ണങ്കിൽ അവ എന്റെ മനസ്സിൽ നിന്ന് എഴുതിയുണ്ടാക്കാൻ കഴിയുമെന്ന് പ്രഖ്യാപിക്കാൻ മാത്രം പാണ്ഢിത്യമുള്ള, ശാഫിഈ കർമ്മ ശാസ്ത്രത്തിൽ വളരെ പ്രധാനപ്പെട്ട രചയിതാവ് കൂടിയായ ഇമാം റൂയാനി (റ) അസ്ഹാബിൽ വുജൂഹിൽ പെടില്ലന്നാണ് പണ്ഢിത മതം. ഇമാം ഗസ്സാലി (റ),

ഇമാം റൂയാനി (റ) തുടങ്ങിയ മഹാരഥന്മാർ തന്നെ അസ്ഹാബിൽ വുജൂഹിൽ പെടുമോ എന്ന് പണ്ഢിതർക്കിടയിൽ ഭിന്നാഭിപ്രായമുണ്ടാകുമ്പോൾ മറ്റുള്ളവരെ കുറിച്ചെന്താണ് ഭാവിക്കേത്?. ഇവരൊന്നും മദ്ഹബിൽ ഒതുങ്ങിയ ഇജ്തിഹാദിന്റെ പദവി പോലും കൈവരിച്ചിട്ടില്ലങ്കിൽ ഇവരുടെ വാചകങ്ങൾ പോലും യഥാവിധി ഗ്രഹിക്കാനാവാത്തവർ എങ്ങനെയാണ് ഇതിനും മുകളിലുള്ള സ്വതന്ത്ര ഇജ്തിഹാദിന്റെ പദവി അവകാശപ്പെടുന്നത്.? അല്ലാഹു സത്യം, ഇത് വലിയ അസത്യം തന്നെ'' (ഫൈദുൽ ഖദീർ 1:12).

## അൽ മുത്ലഖുൽ മുസ്തഖില്ല്

നബി (സ്വ) യുടെ പത്തു ലക്ഷത്തിൽ പരം വരുന്ന ഹദീസുകളിൽ മുഖ്യഭാഗവും ഈ മുജ്തഹിദിനു മന:പാഠമുണ്ടായിരിക്കണം. ഹദീസിന്റെ ലഫ്ളുകൾ മാത്രം പോര, നിവേദക പരമ്പരയിലുള്ള ഓരോ വ്യക്തിയുടെയും പേര്, തറവാട്, വയസ്, മരണ സമയം (യോഗ്യാ യോഗ്യതകൾ സംബന്ധിച്ച) ഗുണങ്ങൾ, ഹദീസ് സ്വീകരിക്കാൻ അവർ കൈകൊണ്ട നിബന്ധനകൾ, അവരുടെ അവലംബരേഖ, ഹദീസുകൾ സ്വീകരിച്ച രീതി, നിവേദക പരമ്പര ഇനം തിരിക്കൽ, റിപ്പോർട്ടർമാരുടെ വാക്കുകൾ തുടങ്ങി എല്ലാ കാര്യങ്ങളും. ഖുർആനിലും സുന്നത്തിലുമുള്ള സാങ്കേതിക പ്രയോഗങ്ങളെ കുറിച്ച് തികഞ്ഞ പാണ്ഢിത്യം. കൽപന, നിരോധനം, വ്യാപ കാർഥമുള്ളത്,ഹൃസ്വാർഥമുള്ളത്, ഖണ്ഢിതമല്ലാത്തവിധം വ്യക്തമായത്, വ്യക്തമായ അർഥത്തിനെതിരിൽ വ്യാഖ്യാനിക്കപ്പെട്ടത്, എതിരായി വ്യാഖ്യാനിക്കാൻ പറ്റാത്ത വിധം വ്യക്തമായത്, മൊഴിയുടെ ബാഹ്യാർഥം, ആന്തരാർഥം, ഉദ്ദേശാർഥം അവ്യക്തമായത്, ഉദ്ദേശാർഥം വ്യക്ത മായത്, വിധി ദുർബലമാക്കുന്നത്, ദുർബലമായത്, നിവേദനപരമ്പര അനിഷേധ്യമാം വിധം ബലവത്തായത്, നിവേദക പരമ്പരയിൽ നിന്നും റിപ്പോർട്ടർ ഒഴിഞ്ഞുപോയത് എന്നിവക്ക് പുറമെ നിവേദക പരമ്പരയുടെ ബലാബലം, അറബി ഭാഷ (വ്യാകരണ സാഹിത്യ നിയമങ്ങളടക്കം) സ്വഹാബികളും അല്ലാത്തവരുമായ പണ്ഢിതരുടെ അഭിപ്രായങ്ങൾ (ഭിന്നിപ്പും ഏകോപനവും) വ്യക്തവും അവ്യക്തവുമായ ഖിയാസ് (മറ്റൊന്നിനോട് തുലനം ചെയ്ത് വിധി കണ്ടെത്തുക) തുടങ്ങിയ ധാരാളം വിഷയങ്ങളിൽ സമഗ്ര പാണ്ഢിത്യം ഉണ്ടായിരിക്കണം. ഇവക്കെല്ലാം പുറമെ ഖുർആൻ, സുന്നത്ത്, അറബി വ്യാകരണ നിയമങ്ങൾ എന്നിവ സസൂക്ഷമം പരിശോധിച്ച ശേഷം അടിസ്ഥാന നിയമങ്ങൾ (ഉസ്വൂൽ) സ്വന്തമായി ക്രോഡീകരിക്കുകയും വേണം.

## തഖ്ലീദ്

ഇസ്‌ലാം സത്യത്തിന്റെയും അറിവിന്റെയും മതമാണ്. സത്യത്തെ വ്യക്തമായി മനസ്സിലാക്കുകയും അതിൽ ദൃഢമായി വിശ്വസിക്കുകയും തദനുസാരം പ്രവർത്തിക്കുകയും ചെയ്യണമെന്ന് ഇസ്‌ലാം ശക്തിയായി അനുശാസിക്കുന്നു. അതു കൊണ്ട് തന്നെ തഖ്ലീദിനെ വിശ്വാസ രംഗത്തും കർമ രംഗത്തും ഇസ്‌ലാം എതിർക്കുന്നു. ഇമാം ഗസ്സാലി (റ) രേഖപ്പെടുത്തിയതു കാണുക : 'തഖ്ലീദ് വിശ്വാസപരമായ കാര്യങ്ങളിലോ കർമപരമായ കാര്യങ്ങളിലോ ദൃഢമായ അറിവിന്റെ മാർഗമല്ല' (മുസ്തസ്ഫാ 2-123).

മതത്തിൽ ഒരാൾ സ്വീകരിക്കുന്ന മാർഗമാണ് അയാളെ സുഭഗനോ ദുർഭഗനോ ആക്കുന്നത്. സത്യ വിശ്വാസിയോ അസത്യ വിശ്വാസിയോ ആക്കുന്നത്. സദാചാരിയോ ദുർമാർഗിയോ ആക്കുന്നതും അതു തന്നെ. അതു കൊണ്ട് വിശ്വാസത്തിലും അനുഷ്ഠാനത്തിലും വ്യക്തമായ കാഴ്ചപ്പാട് ഏതൊരു വ്യക്തിക്കും ഉണ്ടായിരിക്കണം. ഊഹാപോഹങ്ങളുടെ പിന്നാലെ ഗമിക്കുകയോ അന്ധമായി മറ്റൊരാളെ അനുകരിക്കുകയോ ചെയ്യാവതല്ല. അതു കേവലം അജ്ഞത മാത്രമാണ്. ഇമാം ഗസ്സാലി (റ) തന്നെ പറയുന്നു : 'തഖ്ലീദ് അജ്ഞതയാണ്'' (മുസ്തസ്ഫാ 2-124).

അറിവ് എല്ലാ മുസ്‌ലിമിനും നിർബന്ധമാണ്. ഇതിൽ സ്ത്രീ പുരുഷ ഭേദമില്ല. അജ്ഞതയെ വിശ്വാസത്തിലും അനുഷ്ഠാനത്തിലും അനുധാവനം ചെയ്യുന്നത് കുറ്റകരമാണ്. തഖ്ലീദാകട്ടെ കേവലം അജ്ഞതയും. എന്നാൽ എന്താണീ തഖ്ലീദ്? തഖ്ലീദിനു വല്ല വകഭേദവുമുണ്ടോ? എല്ലാ തഖ്ലീദിനും ഒരു വിധി തന്നെയാണോ? അനുവദനീയമായ തഖ്ലീദ് വല്ലതുമുണ്ടോ? ഇത്തരം പ്രശ്നങ്ങളുടെ ഉത്തരങ്ങൾ സസൂക്ഷ്മം ഗ്രഹിച്ചിരിക്കണം. ഇല്ലെങ്കിൽ പലപ്പോഴും അബദ്ധം പിണയും. പലർക്കും അതു പിണഞ്ഞിട്ടുണ്ട്. അങ്ങനെ, ആ അബദ്ധം ശരിയാണെന്നു ധരിച്ചു ചിലർ ഗ്രന്ഥങ്ങളിൽ വിളമ്പുക പോലും ചെയ്തിട്ടുണ്ട്.

തഖ്ലീദിനെ ഇമാം ഗസ്സാലി ഇപ്രകാരം നിർവചിക്കുന്നു : 'ഒരഭിപ്രായം, തെളിവു കൂടാതെ, സ്വീകരിക്കുന്നതിനാണ് തഖ്ലീദ് എന്നു പറയുന്നത്'(മുസ്തസ്ഫാ 2-123). തഖ്ലീദ് വിശ്വാസത്തിലും

അനുഷ്ഠാനത്തിലും സംഭവിക്കും. വിശ്വാസത്തിലുണ്ടാകുന്ന തഖ്ലീദ് രണ്ടു വിധത്തിൽ വരാം. ഒന്ന് 'അസത്യവും അബദ്ധവുമായ കാര്യങ്ങളിൽ കണ്ണടച്ചു മറ്റുള്ളവരെ പിന്തുടരുക. ഇതു ഈമാൻ കാര്യങ്ങൾക്കു വിരുദ്ധമായ വിശ്വാസം ജനിപ്പിക്കുമ്പോൾ കുഫ്റ് – അവിശ്വാസം – ആയിത്തീരുന്നു. മറ്റൊരാളുടെ വാക്കു കേട്ടു മത ദൃഷ്ട്യാ സത്യവും അനിവാര്യവുമായ വിശ്വാസ കാര്യങ്ങളിൽ ഒരാൾ വിശ്വസിച്ചു, തെളിവുകളൊന്നും ഗ്രഹിച്ചില്ല. ഇതാണ് രണ്ടാമത്തെ തഖ്ലീദ്. ഈ വ്യക്തി വിശ്വസിച്ച കാര്യങ്ങൾ സത്യമായത് കൊണ്ട്, വിശ്വാസം ശരിയാണ്. പക്ഷേ, വിശ്വാസ കാര്യങ്ങൾ തെളിവുകൾ സഹിതം, അചഞ്ചലമാക്കിയിരിക്കണമെന്ന ഇസ്ലാമിന്റെ നിർബന്ധ നിയമത്തിനു വിരുദ്ധം പ്രവർത്തിച്ചതു കൊണ്ട് ഇയാൾ കുറ്റക്കാരനാണ്.

അനുഷ്ഠാന കാര്യങ്ങളിലുള്ള തഖ്ലീദും രണ്ടു വിധമുണ്ട്. ഒന്ന്, ഒരാളെ സ്വീകരിക്കണമെന്നതിനു യാതൊരു തെളിവുമില്ലാതെ അയാൾ വിശ്വസ്തനും ഭക്തനും സ്വീകാര്യനുമായ മുജ്തഹിദാണെന്നതിനു യാതൊരു രേഖയുമില്ലാതെ കർമ ശാസ്ത്രത്തിൽ അയാളുടെ അഭിപ്രായം സ്വീകരിക്കുക. ഇതു തെറ്റും കുറ്റകരവുമാണ്. ഈ അന്ധമായ അനുകരണമാണ് അനുഷ്ഠാന കാര്യങ്ങളിൽ, ഇസ്ലാം നിരോധിച്ചുവെന്ന്, മുകളിൽ പറഞ്ഞ തഖ്ലീദ്.

ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് മതവിധികൾ ഇജ്തിഹാദ് ചെയ്തു കൊടുക്കാൻ കഴിവുള്ള, സ്വീകാര്യനും അംഗീകൃതനുമായ ഒരു പണ്ഡിതൻ പറയുന്ന വിധി, അതിന്റെ തെളിവു ഗ്രഹിക്കാതെ സ്വീകരിക്കുക. ഇതാണ് രണ്ടാമത്തെ ഇനം. ഈ തഖ്ലീദ് ഇജ്തിഹാദിനു കഴിവുള്ള പണ്ഡിതനു നിഷിദ്ധവും കഴിവില്ലാത്തവർക്ക് നിർബന്ധവുമാണ്.

മദ്ഹബുകളെ തഖ്ലീദു ചെയ്യൽ അന്ധമായ അനുകരണല്ല

മനുഷ്യവർഗത്തിൽ സിംഹഭാഗവുംവഴിപിഴക്കാനുള്ള പ്രധാന കാരണം അന്ധമായ അനുകരണമാണ്. പൂർവ്വാ പിതാക്കളെയും മുൻതലമുറകളെയും കണ്ണടച്ചനുഗമിച്ചതു കൊണ്ട് മാർഗച്യുതിയിലകപ്പെട്ടു പോയ ജനസമുദായങ്ങളെ പ്രവാചകന്മാർ സമീപിച്ചപ്പോൾ അവർക്ക് എടുത്തു കാണിക്കാനുണ്ടായിരുന്ന ഏക തെളിവ് പാരമ്പര്യം മാത്രമായിരുന്നു. വ്യക്തമായ ദൃഷ്ടാന്തങ്ങൾ നിരത്തിവച്ചു കൊണ്ട് അവരുടെ വിശ്വാസാചാരങ്ങൾ തെറ്റാണെന്നും അവ ഉൾകൊണ്ട പൂർവ്വ പിതാക്കൾ വഴിപിഴച്ചവരാണെന്നും പ്രവാചകന്മാർ ജനങ്ങളെ ബോധ്യപ്പെടുത്തി. അപ്പോൾ അവർ നൽകിയ മറുപടി വിശുദ്ധ ഖുർആൻ ഉദ്ധരിക്കുന്നു.

തങ്ങളുടെ പിതാക്കന്മാരെ ഒരു മാർഗത്തിൽ ഞങ്ങൾ കണ്ടു. അവരുടെ കാൽപാടുകളെ ഞങ്ങൾ പിന്തുടരുന്നവരാകുന്നു.' (വി.ഖു 43 : 23)

മുൻതലമുറകൾ അനുവർത്തിച്ച നയം തന്നെയാണ് മുഹമ്മദ് നബി(സ)യുടെ ജനതയും സ്വീകരിച്ചത്. അല്ലാഹുവിന്റെ പ്രവാചകനാണ് താനെന്നു തിരുമേനി സലക്ഷ്യം തെളിയിച്ചു. അവർ തെറ്റായ മാർഗത്തിലാണെന്നു വ്യക്തമായും സമർത്ഥിച്ചു. അബദ്ധമായ വിശ്വാസാചാരങ്ങൾ അവരിലേക്കു പകർന്ന പിതാക്കന്മാർ വഴിപിഴച്ചവരാണെന്നു അവരെ ബോധ്യപ്പെടുത്തി. എന്നിട്ടും അന്ധമായി പിതാക്കന്മാരുടെ മാർഗം അവലംബിക്കാൻ മുതിരുകയാണ് നബി(സ)യുടെ ശത്രുക്കൾ ചെയ്തത്.

'അല്ലാഹു അവതരിപ്പിച്ചവനെ അനുഗമിക്കുക' എന്നു അവരോട് പറയപ്പെട്ടാൽ അവർ പറയും 'എന്നാൽ ഞങ്ങളുടെ പിതാക്കന്മാരെ ഏതൊരു സമ്പ്രദായത്തിൽ കണ്ടുവോ അതിനെ ഞങ്ങൾ അനുഗമിക്കും.' അവരുടെ പിതാക്കൾ ഒന്നും ഗ്രഹിക്കാത്തവരും സന്മാർഗം പ്രാപിക്കാത്തവരുമായിരുന്നിട്ടും അവരെ തന്നെ പിൻപറ്റുകയാണോ? (വി.ഖു)

തങ്ങളുടെ നിലപാട് ശരിയല്ലെന്നു തെളിവുകൾ വിളിച്ചോതുന്നു. എന്നിട്ടും പൂർവ്വ പിതാക്കളുടെ മാർഗമാണെന്ന ഏകകാരണം കൊണ്ട് അതിലുറച്ചു നിൽക്കുന്നു. പിതാക്കളാകട്ടെ പൂർണമായും വഴിതെറ്റിയവരും. ഇതായിരുന്നു അവിശ്വാസികളുടെ അനുകരണത്തിന്റെ സ്വഭാവം. ഇത് അന്ധമായ അനുകരണത്തെ ഇസ്ലാം കഠിനമായി നിരോധിച്ചിരിക്കുന്നു.

ഖുർആൻ, സുന്നത്ത്, ഇജ്മാഅ്, ഖിയാസ് എന്നിവയാണ് നമ്മുടെ മൂലപ്രമാണങ്ങൾ. നബി(സ)യുടെ അനിഷേധ്യമായ അമാനുഷിക സിദ്ധികൾ – മുഅ്ജിസത്തുകൾ – തിരുമേനിയുടെ സത്യാവസ്ഥ തെളിയിക്കുന്നു. അതു കൊണ്ട് തന്നെ ഖുർആനിന്റെയും സുന്നത്തിന്റെയും പ്രമാണികത സ്ഥിരപ്പെട്ടു. ഇജ്മാഉം ഖിയാസും അംഗീകൃതങ്ങളാണെന്നു നബി(സ) പഠിപ്പിക്കുകയും ചെയ്തു. അപ്പോൾ ഈ പ്രമാണങ്ങളുടെ അടിസ്ഥാനത്തിൽ മതവിധി ആവിഷ്കരിക്കൽ ഒരിക്കലും അന്ധമായ അനുകരണമാവില്ല.

ഈ മൂല പ്രമാണങ്ങളിൽ നിന്ന് ഇജ്തിഹാദു ചെയ്തു, മതവിധി കണ്ടെത്താൻ സ്വയം കഴിവില്ലാത്തവർ അതിനു കഴിവുള്ള മദ്ഹബിന്റെ ഇമാമുകളെ തഖ്‌ലീദ് ചെയ്യുകയാണ് വേണ്ടത്. ഈ തഖ്‌ലീദ് അന്ധമായ അനുകരണമല്ല; നിർബന്ധമായ അനുഗമനമാണ്. പണ്ഡിതനും വിശ്വസ്തനും ഭക്തനുമായി മറ്റു പണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ള മുജ്തഹിദിനെ മാത്രമേ തഖ്‌ലീദ് ചെയ്യാൻ പാടുള്ളൂ. ഇങ്ങനെ സാധാരണക്കാരൻ ഏതെങ്കിലും ഒരു ഇമാമിനെ അനുഗമിക്കൽ നിർബന്ധമാണെന്ന കാര്യം ഇജ്മാഅ് കൊണ്ട് സ്ഥിരപ്പെട്ടതാണ്. (മുസ്തസ്ഫാ 2 : 123)

പണ്ഡിതന്മാരുടെ ഏകകണ്ഠമായ അഭിപ്രായമാണ് ഇജ്മാഅ്. ഇജ്മാഅ് മതത്തിൽ അനിഷേധ്യമായ തെളിവും പ്രമാണവുമാണ്. അപ്പോൾ മദ്ഹബിന്റെ ഇമാമുകളെ അനുഗമിക്കൽ തെളിവിന്റെ അടിസ്ഥാനത്തിലുള്ള അനുകരണമാണ്.

## തഖ്‌ലീദ് പണ്ഢിത പൂജയല്ല

സ്രഷ്ടാവായ അല്ലാഹുവിനു മാത്രമേ ശാസനാധികാരമുള്ളു. അവന്റെ പ്രവാചകൻ എന്ന നിലയിൽ നബി (സ്വ) യുടെ വിധി വിലക്കുകളും അംഗീകരിക്കണം. പാപസുരക്ഷിതത്വവും അപ്രമാദിത്വവും അല്ലാഹു നൽകിയതു കൊണ്ട് നിരുപാധികം തിരുമേനിയെ അനുസരിക്കാവുന്നതാണ്. അല്ല; അനുസരിച്ചേ തീരൂ.

അല്ലാഹുവിന്റെ നിയമങ്ങളിൽ മാറ്റത്തിരുത്തലുകൾ വരുത്താനും സ്വയം നിയമ നിർമാണം നടത്താനും പണ്ഢിതന്മാർക്കധികാരമുണ്ടെന്നായിരുന്നു പൂർവ വേദക്കാരുടെ വിശ്വാസം. അതു കൊണ്ടാണ് അവരുടെ അനുകരണം പണ്ഢിത പൂജയായിത്തീർന്നത്. റബ്ബുകളാക്കി എന്നു പറഞ്ഞിട്ടുള്ളതും അതു കൊണ്ട് തന്നെ. ''ഞങ്ങൾ അവരെ ആരാധിക്കുന്നില്ലല്ലോ എന്നു ആദ്യം ഒരു ക്രിസ്ത്യാനിയായിരുന്ന അദിയ്യുബിൻ ഹാതിം (റ) സംശയമുന്നയിച്ചപ്പോൾ നബി (സ്വ) ഇപ്രകാരം ചോദിക്കുകയുണ്ടായി; ''അല്ലാഹു അനുവദിച്ചതു അവർ ഹറാമാക്കുമ്പോൾ നിങ്ങളത് ഹറാമായി ഗണിക്കുകയും അല്ലാഹു ഹറാമാക്കിയതു അവൻ ഹലാലാക്കുമ്പോൾ നിങ്ങളതു ഹലാലായി ഗണിക്കുകയും ചെയ്യാറില്ലേ?'' 'അതെ' എന്നു അദിയ്യ് സമ്മതിച്ചപ്പോൾ തിരുമേനി പറഞ്ഞു : അതു അവരെ ആരാധിക്കൽ തന്നെയാണ് (ഇബ്നു ജരീർ വാല്യം 10 പേജ് 114).

എന്നാൽ, ഹലാൽ ഹറാമാക്കുവാനോ ഹറാം ഹലാലാക്കുവാനോ പണ്ഢിതന്മാർക്കധികാരമുണ്ടെന്ന് അജ്ഞരിൽ അജ്ഞനായ ഒരു മുസ്‌ലിം പോലും വിശ്വസിക്കുന്നില്ല. അങ്ങനെ വിശ്വസിക്കൽ കുഫ്റും ശിർക്കുമാണ്. അല്ലാമാ ശാഹ് വലിയുല്ലാഹി (റ) പറയുന്നത് കാണുക :''ഒരാൾ നബി (സ്വ) പറഞ്ഞിട്ടുള്ള കാര്യങ്ങൾ മാത്രം മതമായംഗീകരിക്കുകയും അല്ലാഹു അനുവദിച്ചതു മാത്രം ഹലാലായും അവർ നിഷിദ്ധമാക്കിയതു മാത്രം ഹറാമായും വിശ്വസിക്കുകയും ചെയ്യുന്നു. പക്ഷേ, നബിയുടെ പ്രസ്താവനകളെയും അവയിൽ വൈരുദ്ധ്യം തോന്നിക്കുന്നവയുടെ സംയോജനത്തെയും, അവയിൽ ഗവേഷണം ചെയ്തു വിധികൾ ആവിഷ്കരിക്കുന്നതിന്റെ വഴിയെയും സംബന്ധിച്ചു അറിയാതെ വന്നപ്പോൾ സന്മാർഗ ദർശകനായ ഒരു പണ്ഢിതനെ അവർ അനുഗമിച്ചു. അതാകട്ടെ, ആ പണ്ഢിതൻ ഫത്‌വയിലും വിധിയിലും ബാഹ്യത്തിൽ യാഥാർഥ്യം കണ്ടെത്തിയവനും അല്ലാഹുവിന്റെ പ്രവാചകന്റെ സുന്നത്തിനെ അനുധാവനം ചെയ്തവനുമാണെന്ന വിശ്വാസത്തോടു കൂടിയാണ്. ഈ അനുകരണം കുറ്റകരമല്ല.'' (ഹുജ്ജത്തല്ലാഹിൽ ബാലിഗ : 1–156).

## തഖ്‌ലീദിനു സ്വഹാബത്തിന്റെ അംഗീകാരം

അറിവില്ലാത്തവർ പണ്ഢിതന്മാരുടെ അഭിപ്രായം തെളിവുകൂടാതെ സ്വീകരിക്കൽ അഥവാ അവരെ തഖ്‌ലീദു ചെയ്യൽ സ്വഹാബത്തിന്റെ കാലത്തുണ്ടായിരുന്നോ? നമുക്കു പരിശോധിക്കാം. കഴിവുള്ളവൻ ഇജ്തിഹാദു ചെയ്യുകയും മറ്റുള്ളവർ പണ്ഢിതന്മാരെ തഖ്‌ലീദു ചെയ്യുകയും ചെയ്യുക. ഇതാണ് സ്വഹാബത്തിന്റെ കാലം തൊട്ടു നാളിതുവരെ നിരാക്ഷേപം തുടർന്നു വന്നിട്ടുള്ള സമ്പ്രദായം. സാധാരണക്കാരും തെളിവു ചിന്തിച്ചു ഗ്രഹിക്കണമെന്നതു വഴിപിഴച്ച ഖദ്‌രിയ്യാ പാർട്ടിയിൽ ഒരു വിഭാഗത്തിന്റെ തെറ്റായ വാദമാണ്. ഈ വാദത്തെ ഖണ്ഢിച്ചു കൊണ്ട് ഹുജ്ജത്തുൽ ഇസ്‌ലാം അബൂഹാമിദിൽ ഗസ്സാലി (റ) എഴുതുന്നു :

''രണ്ട തെളിവുകൾ കൊണ്ട് മേൽ വാദം അബദ്ധമാണ്. ഒന്ന്; സ്വഹാബത്തിന്റെ ഇജ്മാഅ് തന്നെ. കാരണം അവർ സാധാരണക്കാർക്ക് ഫത്‌വാ കൊടുക്കുക പതിവായിരുന്നു. അവരോട് തെളിവു

ഗ്രഹിക്കുന്ന പദവിയിൽ എത്തിച്ചേരണമെന്ന് കൽപിക്കാറുണ്ടായിരുന്നില്ല. രണ്ടാമത്തെ തെളിവ് ഇതാണ്. സാധാരണക്കാരൻ മതവിധികൾ കൊണ്ട് കൽപിക്കപ്പെട്ടവനാണെന്നതിൽ ഏകകണ്ഠമായ പണ്ഢിതാഭിപ്രായമുണ്ട്. തെളിവു മനസ്സിലാകുന്ന നിലപാട് തേടി പിടിക്കണമെന്ന് അവനോട് നിർബന്ധിക്കുന്നതാകട്ടെ, അസംഭവ്യവും. എന്തു കൊണ്ടെന്നാൽ, അതു കൃഷിയും സന്താനവും നശിക്കുന്നതിനും തൊഴിലുകളും വ്യവസായങ്ങളും മുടങ്ങുന്നതിനും ഇടവരുത്തും. ജനങ്ങളെല്ലാവരും ആ വിജ്ഞാനത്തിന്റെ സമ്പാദനത്തിൽ വ്യാപൃതരായാൽ, ലോകം ശൂന്യമാകുന്നതിനു അതു കാരണമായിത്തീരും (മുസ്തസ്ഫാ 2-124).

ഇമാം ഗസ്സാലിയുടെ മറ്റൊരു പ്രസ്താവന ഇപ്രകാരമാണ് : ''സ്വഹാബത്ത് പരസ്പരം ആദരിക്കുകയും ഏതൊരു മുജ്തഹിദിനും വിധി പറയാനും ഫത്‌വാ നൽകാനുമുള്ള അധികാരം വകവച്ചു കൊടുക്കുകയും ഏതൊരു സാധാരണക്കാരനും അവനുദ്ദേശിക്കുന്ന മുജ്തഹിദിനെ തഖ്‌ലീദു ചെയ്യുന്നതിനും അംഗീകാരം നൽകുകയും ചെയ്തിരുന്നുവെന്നത് വിശ്വാസ യോഗ്യമായ നിരവധി പരമ്പരകളിൽ കൂടി വന്നിട്ടുള്ള കാര്യമാണ്. അതിലൊട്ടും സംശയത്തിനവകാശമില്ല''(മുസ്തസ്ഫാ 2-108).തഖ്‌ലീദിനു മഹാന്മാരായ സ്വഹാബത്തിന്റെ ഏക കണ്ഠമായ അംഗീകാരമുണ്ടെന്നു മേൽ ഉദ്ധരണികൾ വ്യക്തമാക്കുന്നു.

## തഖ്‌ലീദ് സത്യവിശ്വാസികളുടെ മാർഗം

അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കണം. എങ്കിലേ ഒരാൾ മുസ്‌ലിമാകൂ. ഖുർആനും സുന്നത്തും സ്വീകരിക്കുകയാണ് ഈ അനുസരണത്തിന്റെ സരണി. അവ രണ്ടിൽ നിന്നും സ്വയം വിധി ആവിഷ്കരിക്കാൻ കഴിയുന്നവർ ഇജ്തിഹാദു ചെയ്യുക. കഴിവില്ലാത്തവർ പണ്ഢിതന്മാരെ അനുഗമിക്കുക. ഇതാണ് സത്യ വിശ്വാസികളുടെ മാർഗം. ഈ മാർഗത്തിൽ നിന്നും വ്യതിചലിച്ചു, സ്വയം പാണ്ഢിത്യം നടിച്ചു സ്വേഷ്ടം. ഗവേഷണത്തിനൊരുങ്ങുന്നവർ വിശുദ്ധ ഖുർആന്റെ താക്കീത് ഓർത്തിരിക്കണം :

''സന്മാർഗം വ്യക്തമായതിനു ശേഷം വല്ല വ്യക്തിയും റസൂലിനോടു വിരുദ്ധം കാണിക്കുകയും സത്യവിശ്വാസികളുടെ മാർഗമല്ലാത്തതിനെ അനുഗമിക്കുകയും ചെയ്താൽ അവൻ സ്വയം, ഏറ്റടുത്തത് അവനും നാം ഏൽപിച്ചു കൊടുക്കുകയും അവനെ നരകത്തിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അതു ചീത്തയായ മടക്കസ്ഥാനമത്രെ'' (വിശുദ്ധ ഖുർആൻ 4 :110).
പണ്ഢിത ഭൂരിപക്ഷത്തെ അനുഗമിക്കണമെന്നാണ് അല്ലാഹുവിന്റെ പ്രവാചകൻ മുസ്‌ലിംകളെ പഠിപ്പിച്ചിട്ടുള്ളത്. അതു കൊണ്ട് മദ്ഹബ് അംഗീകരിക്കൽ അനുപേക്ഷണീയമാണ്. അതു അവഗണിക്കൽ ആപൽക്കരവും. ശാഹ് വലിയുല്ലായി (റ) പറയുന്നു :

''ഈ നാലു മദ്ഹബുകൾ സ്വീകരിക്കുന്നതിൽ വലിയ പ്രയോജനമുണ്ടെന്നും, അവ മുഴുവൻ അവഗണിക്കുന്നതിൽ വലിയ നാശമുണ്ടെന്നും മനസ്സിലാക്കുക. ഈ നാലു മദ്ഹബുകൾക്കു പുറമേ, ഈ ഗുണവൈശിഷ്ട്യമൊത്ത മറ്റൊരു മദ്ഹബും ഇക്കാലത്തില്ല. നിങ്ങൾ ഭൂരിപക്ഷത്തെ അനുഗമിക്കണമെന്ന് നബി (സ്വ) ആജ്ഞാപിച്ചിട്ടുണ്ട്. സത്യ മദ്ഹബുകളിൽ ഈ നാലെണ്ണമൊഴിച്ചു മറ്റുള്ളവയെല്ലാം നാമാവശേഷമായപ്പോൾ ഇവയെ അനുഗമിക്കൽ ഭൂരിപക്ഷത്തെ അനുഗമിക്കലും ഇവയിൽ നിന്നു പുറത്തു പോകൽ ഭൂരിപക്ഷത്തിൽ നിന്നു പുറത്തു പോകലുമായിത്തീർന്നു'' (ഇഖ്ദുൽ ജിദ്).

### » മദ്ഹബുകൾ അതിലംഘിക്കുന്നവരെ സൂക്ഷിക്കുക

നബി (സ്വ) യെയും തിരുമേനിയുടെ മുഅ്ജിസത്തുകളേയും നേരിൽ കണ്ടു മനം കുളിർക്കുകയും പ്രവാചക ശിക്ഷണം നേരിട്ടു ലഭിക്കുകയും ചെയ്ത സ്വഹാബത്തിനാണ് സമുദായത്തിൽ ഒന്നാം സ്ഥാനം. അവരിൽ നിന്ന് ഇസ്‌ലാം ഉൾകൊണ്ട താബിഉകൾക്കാണ് രണ്ടാം സ്ഥാനം. താബിഉത്താബിഉകൾക്കു മൂന്നാം സ്ഥാനവും. നബി (സ്വ) പറയുന്നു :

'എന്റെ സമുദായത്തിലുത്തമർ എന്റെ നൂറ്റാണ്ടുകാരാണ്. പിന്നീട് അവരോടടുത്തവരും; പിന്നീടു അവരോടടുത്തവരും' (ബുഖാരി, മുസ്‌ലിം).

ലോകം മുന്നോട്ടു പോകും തോറും ജനം ദുഷിച്ചു കൊണ്ടിരിക്കുമെന്ന് ഹദീസുകൾ വ്യക്തമാക്കുന്നു. ഉത്തമ നൂറ്റാണ്ടുകളിലാണ് മദ്ഹബിന്റെ ഇമാമുകൾ ജീവിച്ചത്. പിന്നീട് മുജ്തഹിദുകളില്ലാതെ പത്തു നൂറ്റാണ്ടുകൾ കഴിഞ്ഞു കടന്നുവെന്ന് വിവിധ കാലഘട്ടങ്ങളിലെ പണ്ഢിതന്മാരുടെ പ്രസ്താവനകൾ വെളിപ്പെടുത്തുന്നു. ഈ സുദീർഘ കാലഘട്ടത്തിന്നിടയിൽ ജീവിച്ചു മരിച്ചു പോയ വിജ്ഞാന സമുദ്രങ്ങളായ ലക്ഷക്കണക്കിനു പണ്ഢിതന്മാർ നാലിലൊരു മദ്ഹബ് സ്വീകരിച്ചവരായിരുന്നു അവർ വഴിക്കാണ് നമുക്ക് ഖുർആനും സുന്നത്തും മറ്റു ദീനീ വിജ്ഞാനങ്ങളും ലഭിച്ചിട്ടുള്ളത്. അവരെ ഖുർആൻ ഭാഷ്യങ്ങളും ഹദീസുവ്യാഖ്യാനങ്ങളും അവലംബിച്ചാണ് ഇന്നുള്ളവരെല്ലാം ഖുർആനും സുന്നത്തും ഗ്രഹിക്കുന്നത് എന്നിരിക്കെ, അജ്ഞതയുടെയും ധാർമികത്തകർച്ചയുടെയും കാലഘട്ടമായ ഇന്ന് 'മുറി മൗലവികൾ' ഗവേഷണത്തിനിറങ്ങിത്തിരിച്ചാൽ അതു സമുദായത്തിനു വല്ല ഗുണവും ചെയ്യുമോ? ഇല്ല; മറിച്ചു സമുദായം കൂടുതൽ പിഴക്കാനും ഭിന്നിക്കാനും മാത്രമേ വഴിതെളിയിക്കുകയുള്ളൂ. മഹാനായ ശാഹ്‌വലിയുല്ലാഹി (റ) രേഖപ്പെടുത്തി :

''ക്രോഡീകരിക്കപ്പെടുകയും സംസ്കരിച്ചെഴുതപ്പെടുകയും ചെയ്തിട്ടുള്ള ഈ നാലു മദ്ഹബുകൾ തഖ്‌ലീദ് ചെയ്യൽ അനുവദനീയമാണെന്നതിൽ സമുദായം അഥവാ അവരിൽ പരിഗണിക്കപ്പെടുന്നവർ നാളിതുവരെ ഏകോപിച്ചിരിക്കുന്നു. അതിൽ വ്യക്തമായ നിരവധി ഗുണങ്ങളുണ്ട്. ഉദ്ദേശ്യങ്ങൾ വളരെ തളർന്നു പോവുകയും മനസ്സുകളിൽ തന്നിഷ്ടം സ്ഥലം പിടിക്കുകയും ഓരോ അഭിപ്രായക്കാരനും തന്റെ അഭിപ്രായത്തിൽ സംതൃപ്തനാവുകയും ചെയ്തിട്ടുള്ള ഇക്കാലത്ത് പ്രത്യേകിച്ചും'' (ഹുജ്ജത്തുല്ലാഹിൽ ബാലിഗ 1-154).

നാലു മദ്ഹബുകളില്ലാത്തതിനെ തഖ്‌ലീദ് ചെയ്യൽ അനുവദനീയമല്ല. സ്വഹാബത്തിന്റെ വാക്കിനോടോ, സ്വഹീഹായ ഹദീസിനോടോ ആയത്തിനോടോ ബാഹ്യത്തിൽ ഒത്തു വന്നാലും ശരി. നാലു മദ്ഹബുകളിൽ നിന്നും പുറത്തു പോയവൻ വഴിപിഴച്ചവനും പിഴപ്പിക്കുന്നവനുമാണ്. അതു ചിലപ്പോൾ അവനെ അവിശ്വാസത്തിലേക്കു തന്നെ കൂട്ടിക്കളയും. കാരണം, ഖുർആനിന്റെയും സുന്നത്തിന്റെയും ബാഹ്യവശങ്ങളെ (യഥാർഥ വ്യാഖ്യാനങ്ങൾക്കു വിരുദ്ധമായി) പിടികൂടുകയെന്നതു അവിശ്വാസത്തിന്റെ അടിസ്ഥാന കാരണങ്ങളിൽ പെട്ടതത്രെ'' (സ്വാവി 3-9).

## സ്വഹാബത്തിനെ തഖ്‌ലീദ് ചെയ്യാത്തത് എന്തു കൊണ്ട്

ഈ സമുദായത്തിലെ ഏറ്റം ഉത്തമന്മാർ സ്വഹാബത്താണല്ലോ. ദീൻ അതിന്റെ തനതായ രീതിയിൽ പഠിച്ചു ഉൾകൊണ്ട ഏറ്റം വലിയ പണ്ഢിതരും അവർ തന്നെ. ഒരു മദ്ഹബ് സ്വീകരിക്കുന്നുവെങ്കിൽ മഹാന്മാരായ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി (റ) മുതലായ സ്വഹാബിമാരിൽ ഒരാളുടെ മദ്ഹബല്ലെ സ്വീകരിക്കേണ്ടത്?

സഹാബത്തിന്റെ കാലം ഇസ്‌ലാമിന്റെ സുവർണ യുഗം തന്നെ; സന്ദേഹമില്ല. അന്നു മുജ്തഹിദുകൾ സുലഭമാണ്. പക്ഷേ, ഒരു സ്വഹാബിയുടെയും മദ്ഹബ് സമ്പൂർണമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ല. അന്നു അതിന്റെ ആവശ്യമുണ്ടായിരുന്നില്ല. ഗ്രന്ഥ രചനയുടെ കാലഘട്ടത്തിലാണ് ചതുർ മദ്ഹബിന്റെ ഇമാമുകൾ ജീവിച്ചത്. മത വിജ്ഞാനം തഴച്ചു വളർന്നു ഗ്രന്ഥരൂപം പ്രാപിച്ച കാലമായിരുന്നു അത്. നബി (സ്വ) യുടെ തിരുസുന്നത്തും, ഖലീഫമാരുടെ നടപടികളും,

ഒരു ഇബാദത്തിൽ ഒരാളുടെ മദ്ഹബ് സ്വീകരിക്കണമെങ്കിൽ അതിന്റെ ഫർള്, ശർത്, സുന്നത്ത്, മുബ്ത്വിലാത്, മക്റൂഹാത് തുടങ്ങിയ കാര്യങ്ങളിൽ എന്തൊക്കെയാണ് അയാളുടെ അഭിപ്രായങ്ങൾ എന്നു പൂർണമായി അറിയണം. എന്നാൽ, നിരവധി കാര്യങ്ങളിൽ സ്വഹാബത്തിൽ പലരുടെയും ഫത്‌വകളും നടപടികളും വിധികളും നമ്മുടെ മുമ്പിലുണ്ടെങ്കിലും ഏതെങ്കിലും ഒരു ഇബാദത്തിൽ, മേൽ പറഞ്ഞ വിധം സമ്പൂർണമായ രീതിയിൽ അവരുടെ മദ്ഹബ് നമുക്ക് ലഭിച്ചിട്ടില്ല. അങ്ങനെ ലഭിക്കുന്ന പക്ഷം, അവരെ തഖ്‌ലീദ് ചെയ്യാവുന്നതാണ്. മഹാനായ ഇബ്നു അബ്ദിസ്സലാം (റ) പറയുന്നു :

ഏതെങ്കിലും ഒരു സ്വഹാബിയിൽ നിന്ന് ഒരു മദ്ഹബ് ശരിയായ വിധം സ്ഥിരപ്പെട്ടാൽ അദ്ദേഹത്തെ തഖ്‌ലീദ് ചെയ്യാമെന്ന കാര്യം ഏകകണ്ഠമാകുന്നു. അല്ലാത്തപക്ഷം തഖ്‌ലീദ് ചെയ്യാൻ പാടില്ല. സ്വഹാബി, തഖ്‌ലീദിനർഹനല്ലാത്തതു കൊണ്ടല്ല; പ്രത്യുത സ്വഹാബിയുടെ മദ്ഹബ് പൂർണമായി സ്ഥിരപ്പെട്ടിട്ടില്ല എന്നതു കൊണ്ടാണ് (ഫതാവൽ കുബ്റാ ഇബ്നു ഹജർ 4-307).

## ചില സംശയങ്ങൾ

(1) ഓരോ നൂറ്റാണ്ടിന്റെ തുടക്കത്തിലും ഈ സമുദായത്തിന്റെ മതകാര്യം പരിഷ്കരിക്കുന്ന ഒരു പരിഷ്കർത്താവ് വരുമെന്ന് നബി (സ്വ) പറഞ്ഞിട്ടുണ്ടല്ലോ. എല്ലാ നൂറ്റാണ്ടിലും മുജ്തഹിദുണ്ടാകുമെന്നല്ലേ ഈ ഹദീസ് വ്യക്തമാക്കുന്നത്?

തേഞ്ഞു മാഞ്ഞു പൊയ്കൊണ്ടിരിക്കുന്ന മതനിയമങ്ങളും വിധികളും സ്ഥാപിച്ചു നടപ്പിൽ വരുത്തുന്ന ആളാണ് ഇവിടെ പരിഷ്കർത്താവു കൊണ്ടുള്ള വിവക്ഷ. പ്രത്യുത സ്വതന്ത്ര മുജ്തഹിദല്ല

(2) ഹദീസ് സ്വഹീഹായി വന്നാൽ അതാണ് എന്റെ മദ്ഹബ് എന്ന് ഇമാം ശാഫി പറഞ്ഞിട്ടുണ്ടല്ലോ. അപ്പോൾ പ്രഥമമായി ഹദീസുണ്ടോ എന്നു പരിശോധിക്കുകയും ഉണ്ടെങ്കിൽ തദനുസാരം പ്രവർത്തിക്കുകയുമല്ലേ വേണ്ടത്?

ഖുർആനിൽ നിന്നും ഹദീസിൽ നിന്നും മതവിധികൾ സ്വയം ആവിഷ്കരിക്കൽ, പണ്ഢിതന്മാർ ഖണ്ഢിതമായി പറഞ്ഞതുപോലെ, ഇജ്തിഹാദിന്റെ സ്ഥാനത്തെത്തിയവർക്കു മാത്രമേ അനുവദനീയമാകുകയുള്ളൂ (ഫതാവൽ കുർദി പേ.257). ഹദീസു കൊണ്ടു പ്രവർത്തിക്കുകയെന്നതു അത്ര എളുപ്പമല്ല. എല്ലാ പണ്ഢിതർക്കും അതു അനുവദനീയവുമല്ല. കാരണം ഇമാം ശാഫി (റ) സ്വഹീഹാണെന്നറിഞ്ഞു കൊണ്ടു തന്നെ നിരവധി ഹദീസുകൾ അദ്ദേഹത്തിനറിയാവുന്നതും മറ്റുള്ളവർക്ക് അവ്യക്തവുമായ കാരണങ്ങളാൽ ഉപേക്ഷിച്ചിട്ടുണ്ട്. ശാഫിയുടെ പ്രധാന ശിഷ്യന്മാരിലൊരാളായ മൂസബ്നു അബിൽ ജാറുദിനു പോലും ഇക്കാര്യത്തിൽ അബദ്ധം പിണഞ്ഞിട്ടുണ്ട്. കൊമ്പ് വെച്ചവന്റെയും വെക്കപ്പെട്ടവന്റെയും നോമ്പ് മുറിച്ചു എന്ന ഹദീസ് ശാഫിയുടെ വിധിക്കെതിരായി അദ്ദേഹം കണ്ടു. അദ്ദേഹം ഹദീസ് പിടിച്ചു. എന്നാൽ നബി (സ്വ) നോമ്പുകാരനായിരിക്കെ കൊമ്പു വെച്ചു എന്ന ഹദീസു കൊണ്ട് പ്രസ്തുത ഹദീസ് മൻസൂഖാണെന്ന് ഇമാം ശാഫി തന്നെ പറഞ്ഞിട്ടുണ്ട്. അത് അദ്ദേഹത്തിനറിയാൻ കഴിഞ്ഞില്ല. അതാണ് അബദ്ധം പിണയാൻ കാരണം. ഇമാം ശാഫിയുടെ പ്രസ്താവന ഭാഗികമായിട്ടെങ്കിലും ഇജ്തിഹാദിനു കഴിവുള്ളവരോടാണ് (മാദാ വളീഫതുൽ ഫുഖഹാ പേ 18). (ഇമാം ശാഫിഇയുടെ വസ്വിയ്യത്ത് എന്ന ശീർഷകവും കാണുക).

ശക്തമായ മറ്റു ഹദീസുണ്ടോ? അല്ലെങ്കിൽ ബലാബല പരിശോധനാ മാർഗം എന്താണ്? അല്ലെങ്കിൽ വിരുദ്ധങ്ങളുടെ സംയോജന മാർഗമെന്താണ്? എന്നൊന്നും ചിന്തിക്കാതെ അഭിപ്രായവ്യത്യാസമുള്ള പ്രശ്നങ്ങളിൽ കിട്ടുന്ന ഒന്നാമത്തെ ഹദീസു തന്നെ കൈപറ്റാനുള്ള ചിലവിവരമില്ലാത്തവരുടെ എടുത്തുചാട്ടം അപകടകരമാണ്.ചിലപ്പോൾ തങ്ങൾക്കു ലഭിക്കാത്ത ഹദീസുകളെ നിഷേധിക്കാൻ അവർ ധൃതി കാണിക്കുന്നു. കാര്യങ്ങളിലെല്ലാം ഇമാമുകളുടെ ആഹ്വാനം സ്വീകരിച്ചിരിക്കുകയാണെന്നവർ വാദിക്കുകയും ചെയ്യുന്നു. കാരണം ഓരോ ഇമാമിൽ നിന്നും ഹദീസ് സ്വഹീഹായാൽ അതാണെന്റെ മദ്ഹബ് എന്നവർ പറഞ്ഞതായി ഇക്കൂട്ടർ ഉദ്ധരിക്കുന്നു. പക്ഷേ, അത് എതിർ തെളിവ് ഇല്ലാത്തേടത്താണ്. അത് ഉണ്ടോ എന്ന് ഇവർക്കെങ്ങനെ അറിയാൻ കഴിയും? (അതേ കൃതി പേജ്.13).

മാത്രമല്ല, ഹദീസ് ഗ്രന്ഥങ്ങളിൽ ഒരു ഹദീസ് ദുർബ്ബലമായി കണ്ടാൽ അതു മദ്ഹബിന്റെ വീക്ഷണത്തിൽ ദുർബലമായി കൊള്ളണമെന്നില്ല. ഹദീസ് ദുർബലം കണക്കാക്കുന്നതിനു ഹദീസ് ഗ്രന്ഥകാരന്മാരും ഇമാമുകളും സ്വീകരിച്ചിട്ടുള്ള മാനദണ്ഢങ്ങൾ തമ്മിൽ അന്തരമുണ്ട്. അവരുടെ പല മാനദണ്ഢങ്ങളും ഇമാമുകളുടെ അടുത്ത് പരിഗണനീയങ്ങളല്ല (കയശറ പേ 14).

(3) ദൃഷ്ടാന്തങ്ങൾ വന്നതിനു ശേഷം വിഭാഗീയതയും അഭിപ്രായ വ്യത്യാസവും പുലർത്തിയ (പൂർവ്വ വേദക്കാരായ) വിഭാഗത്തെ പോലെ നിങ്ങളാകരുതെന്നു ഖുർആൻ പറഞ്ഞിരിക്കെ നാലു മദ്ഹബുകളിലായി സമുദായം ഭിന്നിക്കാൻ പറ്റുമോ?

ശാഖാപരമായ കാര്യങ്ങളിൽ മാത്രമാണ് മദ്ഹബുകളുടെ അഭിപ്രായാന്തരം. മതത്തിന്റെ മൗലിക കാര്യങ്ങളിലല്ല, മൗലിക കാര്യങ്ങളിൽ ഭിന്നിക്കരുത് എന്നു മാത്രമാണ് ഖുർആൻ പറഞ്ഞിട്ടുള്ളത്. ഇജ്തിഹാദു ചെയ്ത് സത്യത്തിലെത്തിയാൽ രണ്ടു കൂലിയും പിഴച്ചാൽ ഒരു കൂലിയുമുണ്ടെന്നു നബി (സ്വ) പറഞ്ഞത് അതിനു തെളിവാണ് (ബൈളാവി 1–225).

(4) തഖ്‌ലീദിനെ മദ്ഹബിന്റെ ഇമാമുകൾ തന്നെ വിരോധിച്ചിട്ടില്ലെ?
ഉ ്, അത് സ്വതന്ത്രമായോ ഭാഗികമായോ ഇജ്തിഹാദിനു കഴിവുള്ളവർക്കു മാത്രം ബാധകമാണ് (ഹുജ്ജത്തുല്ലാഹിൽ ബാലിഗ1– 15). കഴിവില്ലാത്തവർക്ക് തഖ്‌ലീദ് അനുവദനീയമാണെന്നതിൽ സ്വഹാബത്തും അനന്തര ഗാമികളും ഏകകണ്ഠമായി ഏകോപിച്ചിരിക്കെ ഇമാമുകൾ അതു നിരോധിക്കുമോ?

## ഉസ്വൂലുൽ ഫിഖ്ഹ്

സ്വയം ഇജ്തിഹാദ് നടത്തി ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും ഇസ്‌ലാമിക വിധികൾ പ്രഖ്യാപിക്കാൻ കഴിവുള്ളവരായിരുന്നു നാലു മദ്ഹബിന്റെയും ഇമാമുകൾ. അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് വിധി കണ്ടെത്തുന്നത് വ്യവസ്ഥാപിതമായ ഒരു മാനദണ്ഡം അടിസ്ഥാനമാക്കിയാവണം. ഈ നിദാനശാസ്ത്രത്തിന് ഉസ്വൂലുൽ ഫിഖ്ഹ് എന്ന് പറയുന്നു. ഈ ഉസ്വൂലുൽ അടിസ്ഥാനമാക്കിയാണ് ഇമാമുകൾ ഇജ്തിഹാദ് നടത്തുന്നത്. ഉദാഹരണമായി, ''ഖുർആനിലും സുന്നത്തിലും വരുന്ന എല്ലാ കൽപനകളും നിർബന്ധത്തെ കുറിക്കുന്നതും എല്ലാ നിരോധനകളും നിഷിദ്ധത്തെ കുറിക്കുന്നതുമാണ്.'' നിദാന ശാസ്ത്ര ത്തിലെ ഒരു പൊതു നിയമമാണിത്. ഇത്തരം ഒരു നിയമം മുജ്തഹിദ് പറയണമെങ്കിൽ ഖുർആനിലും പത്തു ലക്ഷത്തിൽ പരം വരുന്ന സുന്നത്തിലുമുള്ള ബഹുഭൂരിഭാഗം കൽപനകളും നിരോധനങ്ങളും മുജ്തഹിദ് പഠിച്ചിരിക്കണം. ഈപഠനത്തിലൂടെ അവയിലെ കൾപ നകളും നിരോധനകളും നിർബന്ധത്തെയും നിഷിദ്ധത്തെയും കുറിക്കുന്നതാണെന്ന് ബോധ്യപ്പെടുമ്പാൾ മാത്രമാണ് ഒരടിസ്ഥാന നിയമമായി അതു പ്രഖ്യാപിക്കുക. പിന്നീട് കൽപനാക്രിയ അടങ്ങുന്ന ആയത്തോ ഹദീസോ കണ്ടത്തിയാൽ പ്രതികൂല തെളിവുകൾ ഇല്ലാതിരിക്കുമ്പാൾ അവ നിർബന്ധത്തെ കുറിക്കുന്നുവെന്ന് മുജ്തഹിദിന് പറയാൻ കഴിയും.

നിദാന ശാസ്ത്രം ഓരോ ഇമാമും സ്വന്തമായി ക്രോഡീകരിക്കുന്നതിനാൽ അവ വ്യത്യസ്ഥ മായിരിക്കും. അവ അടിസ്ഥാനമാക്കി ക ത്തുന്ന മസ്അലകളിലും ഈ ഭിന്നത സ്വാഭാ വികം മാത്രമാണ്. ഇസ്‌ലാമിന്റെ മൗലിക തത്വങ്ങളിലൊന്നും മദ്ഹബുകൾ തമ്മിൽ യാതൊരഭിപ്രായ ഭിന്നതകളുമില്ല.

സ്വതന്ത്രവും നിരുപാധികവുമായ ഇജ്തിഹാദിനു കഴിവുള്ളവർ ശാഫിഈ (റ) ഇമാമിന്റെ അടുത്ത കാലത്തോടെ അവസനിച്ചതായി പണ്ഢിതന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇജ്തിഹാദിന്റെ വാതിൽ ആരും കൊട്ടിയടച്ചതല്ല. ഒരു പണ്ഢിതനും അങ്ങനെ പറഞ്ഞിട്ടുമില്ല. നിബന്ധനകൾ ഒരുമിച്ചു കൂടിയ ഇജ്തിഹാദിനർഹത നേടിയ പണ്ഢിതരുടെ അഭാവത്തിൽ അതു സ്വയം അടഞ്ഞു പോയതാണ്.

ചോദ്യം: ഇജ്തിഹാദിന്റെ വാതിലടഞ്ഞുപോയി. ലോകത്ത് നവീനമായ നിരവധി പ്രശ്നങ്ങൾ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്നു. നാം എന്തു ചെയ്യും.?
മറുപടി: ഓരോ പ്രശ്നങ്ങൾക്കും ഓരോന്നായി പരിഹാരം നിർദ്ധേശിക്കൽ അപ്രായോഗികമാണ്. അത് കൊണ്ട്, ഒന്നാം പദവയിലുള്ള മുജ്തഹിദ് സ്ഥാപിച്ച അടിസ്ഥാന നിയമങ്ങൾ മാനദണ്ഡമാക്കി ഗവേഷണം നടത്തുകയും പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തു കയും ചെയ്യാം. ഉദാഹരണമായി ശാഫിഈ (റ) വ്യക്തമായി പരാമർശിച്ചിട്ടില്ലാത്ത ഒരു വിഷയം തന്റെ ശിഷ്യനായ മുസ്നി (റ) യുടെ കാലത്തുണ്ടായാൽ ശാഫിഈ (റ) യുടെ നിദാന ശാസ്ത്രം അടിസ്ഥാനമാക്കി ഇജ്തിഹാദ് നടത്തി വിധി കണ്ടെത്താം. ഇമാമുകൾ രേഖപ്പെടുത്തി വെച്ച ഭദ്രമായ അടിസ്ഥാന നിയമങ്ങളിലും വ്യാപ്തി കൂടിയ വിശദീകണങ്ങളിലും പഠനം നടത്തി, പിൽക്കാലത്തുണ്ടാകുന്ന എല്ലാ വിധ പ്രശ്നങ്ങൾക്കും പ്രതിവിധി കണ്ടെത്താൻ പണ്ഢിതർക്ക് സാധിക്കും. എല്ലാ തരം മുജ്തഹിദികളുടെയും കാലത്തിനു ശേഷം, ഇന്ന് സമൂഹത്തിലുണ്ടാകുന്ന പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതു ഫിഖ്ഹിന്റെ കിതാബുകളിൽ നടത്തപ്പെടുന്ന 'ബഹ്സ്' മുഖേനയാണ്.

## ഇജ്മാഅ്

മുസ്‌ലിം ലോകം അംഗീകരിച്ച ഖണ്ഢിതമായ രേഖയാണ് ഇജ്മാഅ്. നസ്ഖിനു(1)പോലും ഇതു വിധേയമല്ല. ഇജ്മാഅ് കൊണ്ട് സ്ഥിരപ്പെട്ട ഒരു വിഷയത്തിനു ഒരിക്കലും നിയമ പ്രാബല്യം നഷ്ടമാകില്ല. ഇജ്മാഅ് ദീനിൽ തെളിവാണെന്ന് കുറിക്കുന്ന ആയത്തിനെ സംബന്ധിച്ച് ഇമാം

ശാഫിഈ (റ) യോട് ചോദിക്കപ്പെട്ടപ്പോൾ മുന്നൂറ് പ്രാവശ്യം ഖുർആൻ പാരായണം ചെയ്ത ശേഷം നിസാഅ് സൂറത്തിലെ ആയത്താണ് എത്തിച്ചത് (റാസി, വാള്യം 13, പേജ് 43).

''സന്മാർഗം വ്യക്തമായ ശേഷം ആരെങ്കിലും പ്രവാചകർക്ക് എതിരാവുകയും മുഅ്മിനുകൾ സ്വീകരിച്ചതല്ലാത്ത മാർഗം പിന്തുടരുകയും ചെയ്താൽ അവനേറ്റെടുത്തതിന്റെ ഭാരം അവനെത്തന്നെ നാം ഏൽപ്പിക്കും. അവനെ നാം നരഗത്തിലേക്കു ചേർക്കും. അതു ചെന്നുചേരുന്ന സ്ഥലങ്ങളിൽ വെച്ച് ഏറ്റവും ചീത്തയാകുന്നു'' എന്ന ആശയമുൾക്കൊള്ളുന്നതാണ് ഉപര്യുക്ത സൂക്തം.

മുഅ്മിനുകളുടേതല്ലാത്ത മാർഗം സ്വീകരിക്കുന്നതിന്റെ ഭവിഷ്യത്തുകൾ ഈ സൂക്തം വ്യക്ത മാക്കുന്നു. ഒരു വിഷയത്തിലുള്ള ഇജ്മാഅ് സത്യവിശ്വാസികളുടെ മാർഗമായതിനാൽ അതു അവഗണിക്കൽ മറ്റൊരു മാർഗത്തോടു തുടരലായിരിക്കും. അതു വൻ കുറ്റങ്ങളിൽ പെടുമെന്ന് ശൈഖ് ഹസനുൽ അഥാർ (റ) ഹാശിയതു ജംഇൽ ജവാമിഅ് വാള്യം 2, പേജ് 233 ൽ വ്യക്തമാക്കിയിരിക്കുന്നു.

കേവലം മുഅ്മിനുകളുടെ മാത്രം ഏകോപനമല്ല ഇജ്മാഅ്. പ്രത്യുത ഈമാനികമായ പൂർണ്ണതയും അഗാധമായ പാണ്ഢിത്യവും ഗവേഷണ പടുത്വവമുള്ള പണ്ഢിതന്മാരുടെ ഏകോപനമാണത്.

ഇമാം സുബ്കി (റ) ഇജ്മാഇനെ ഇപ്രകാരം നിർവ്വചിച്ചിരിക്കുന്നു. ''നബി (സ്വ) യുടെ വഫാതിനു ശേഷം ഏതെങ്കിലും വിഷയത്തിൽ ഒരു കാലത്തുള്ള ഗവേഷണ പടുത്വമുള്ള പൺഢിതന്മാർ മുഴുവൻ ഏകോപിക്കുക''. ഇജ്മാഅ് മുജ്തഹിദുകളെ കൊണ്ട് മാത്രം പ്രത്യേകമാണ്. മറ്റുള്ളവരുടെ ഏകോപനത്തിനു ഒരു പ്രസക്തിയുമില്ല. ഇതു അവിതർക്കിതമത്രെ (ജംഉൽ ജവാമിഅ് വാള്യം 2, പേജ് 176, 177).

ഖുർആൻ, സുന്നത്ത്, ഇജ്മാഅ് എന്നിവയെ തുല്യ പ്രാധാന്യത്തോടെയാണ് ഖുർആൻ തന്നെ പരിചയപ്പെടുത്തുന്നത്. അല്ലാഹു പറയുന്നു :''അല്ലാഹുവിനും റസൂലിനും ഉലുൽ അംറിനും നിങ്ങൾ വഴിപ്പെടുക'' (സൂറത്തുന്നിസാഅ്) ഇമാം റാസി(റ) ഈ ആയത്തിനെ വിശദീകരിക്കുന്നതു കാണുക.

''ഈ ആയത്തിൽ അല്ലാഹുവിനും റസൂലിനും വഴിപ്പെടാൻ പറഞ്ഞതിനോടൊപ്പമാണ് ഉലുൽഅംറിനും വഴിപ്പെടാൻ അല്ലാഹു കലൽപ്പിച്ചത്. അപ്പോൾ അല്ലാഹുവിനെയും റസൂലിനെയും പോലെത്തന്നെ തെറ്റു സംഭവിക്കാത്ത വിഭാഗമായിരിക്കണം ഉലുൽഅംറ്. കാരണം തെറ്റ് സംഭവിക്കുന്നവർക്ക് വഴിപ്പെടാൻ അല്ലാഹു തറപ്പിച്ച് പറയില്ല. അല്ലാഹുവിനും റസൂലിനും വഴിപ്പെടണമെന്ന് കൽപിച്ച അതേ ശൈലിയിലാണ് ഉലുൽ അംറിനു വഴിപ്പെടാനും പറയുന്നത്. അതിനാൽ ഉലുൽഅംറ് തെറ്റ് സംഭവിക്കാത്തവരാണെന്ന് തീർച്ച. അമ്പിയാക്കൾക്കുള്ള ഈ സവിശേഷതയുള്ളവർ ഒരു നിശ്ചിത സമൂഹമാകണം. അവരത്രെ അഹ്ലുൽ ഹല്ലി വൽ അഖ്ദ് (മുജ്തഹിദുകൾ). അപ്പോൾ അല്ലാഹുവി ന്റെയും റസൂലിന്റെയും വാക്കുകൾ രേഖയാകുന്ന പ്രകാരം മുജ്തഹികുളാകുന്ന സമൂഹത്തിന്റെ അഭിപ്രായവും രേഖയാണെന്ന് സ്ഥിരപ്പെട്ടു ( തഫ്സീറുർ റാസി: വാള്യം 10, പേജ് 144).

ഖുർആൻ സുന്നത്തുപോലെയുള്ള ഒരു രേഖയായി ഗണിക്കപ്പെടുന്നത് അവരുടെ ഏകോപനം മാത്രമാണ്. ഒറ്റപ്പെട്ട അഭിപ്രായങ്ങളല്ല, ഇമാം റാസി (റ) പറയുന്നു: ''മേൽ ആയത്തിൽ മൊത്ത വിഷയങ്ങളെ രണ്ടായി അല്ലാഹു വിഭജിച്ചിരിക്കുന്നു.

(1) വിധി വ്യക്തമായത്. അവയിൽ അല്ലാഹുവിനും റസൂലിനും ഉലുൽഅംറിനും വഴിപ്പെടാനാണ് അല്ലാഹുവിന്റെ നിർദ്ദേശം. (2) വിധി വ്യക്തമല്ലാത്തത്. അവയിൽ ഇജ്തിഹാദ് നടത്താനാണ് നിർദ്ദേശം. അതിലേക്കുള്ള സൂചനയാണ് നിസാഅ് സൂറത്തിലെ അമ്പത്തി ഒമ്പതാം ആയത്ത് (റാസി: വാള്യം 10, പേജ് 148).

മേൽ വിശദീകരണത്തിൽ നിന്ന് ഖുർആൻ, സുന്നത്ത് എന്നിവ പോലെ മറ്റൊരു അടിസ്ഥാന രേഖയാണ് ഇജ്മാഅ് എന്നും ഒരു കാര്യത്തിൽ ഇജ്മാഅ് സ്ഥിരപ്പെട്ടാൽ പിന്നീട് ഇജ്തിദാഹിനു സ്ഥാനമില്ലെന്നും വ്യക്തമായി. ഇജ്മാഇന്റെ പരിഗണനീയതയാണ് ഇതു വിളിച്ചോതുന്നത്. അതിനാലാണ് ഒരു വിഷയകമായി സ്ഥിരപ്പെട്ട ഇജ്മാഇനു വിപരീതം ചെയ്യൽ നിഷിദ്ധമാണെന്ന് ഇമാം സുബ്കി(റ) ജംഉൽജവാമിഇൽ പ്രസ്താവിക്കാൻ കാരണം. ഖുർആൻ സൂക്തത്തിൽ വ്യക്തമായ താക്കീത് വന്നതിനാൽ ലംഘനം വൻ കുറ്റത്തിൽ പെടുമെന്ന് ഹാശിയതുൽ അത്വാർ: വാള്യം 2, പേജ് 233 ൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇപ്രകാരം ഏകകണ്ഠമായ പ്രസ്താവന പണ്ഢിതന്മാർ നടത്തണമെങ്കിൽ ആവശ്യമായ രേഖ ലഭിച്ചിരിക്കണം. പ്രസ്തുത രേഖ നമുക്ക് ലഭിച്ചില്ലെന്നതു മുജ്തഹിദുകളുടെ ഇജ്മാഇനെ ബാധിക്കുകയില്ല. വാസ്തവത്തിൽ ഈ വിഷയകമായി ഇജ്മാഅ് തന്നെ പ്രസക്തമാക്കുന്നത് തൽ സംബന്ധമായ രേഖ നമുക്ക് ലഭിക്കാതിരിക്കുമ്പോഴാണ്.

മദ്ഹബിന്റെ പണ്ഢിതരെല്ലാം ഇതു പറഞ്ഞിട്ടുണ്ട്. ശാഫിഈ നിദാന ശാസ്ത്ര ഗ്രന്ഥമായ ജംഉൽജവാമിഅ് വാല്യം 2, പേജ് 195, ഹനഫീ നിദാന ശാസ്ത്ര ഗ്രന്ഥമായ ഫവാതിഹുർറ ഹ്മൂത്ത് വാല്യം 2, പേജ് 239, മാലികീ നിദാന ശാസ്ത്രമായ മുൻതഹൽ അമൽ വാല്യം 1, പേജ് 43 എന്നിവ നോക്കുക.

ഇതുകൊണ്ടാണ് നിശ്ചിതമായ ഒരു ഹദീസിനെ സംബന്ധിച്ച് അതു നസ്ഖ് ചെയ്യപ്പെട്ടതാണെന്നും, നസ്ഖിന്മേൽ അറിയിക്കുന്ന തെളിവ് ഇജ്മാആണെന്നും ഹാഫിള് വലിയ്യുൽ ഇറാഖി (റ) ഫത്ഹുൽ മുഗീസ് പേജ് 322 ൽ പ്രസ്താവിച്ചത്.

ശറഇയ്യായ ലക്ഷ്യത്തിന്റെ പിൻബലമില്ലാതെ ഒരു വിഷയത്തിൽ മുജ്തഹിദുകളുടെ ഇജ്മാഅ് സംഭവിക്കില്ല. തെളിവിന്റെ അഭാവത്തിലുള്ള ഏകോപനം തെറ്റായ കാര്യത്തിന്മേലുള്ള ഏകോപനമാണ്. ഇതു സംഭവ്യമല്ലെന്ന് നബി (സ്വ) പറഞ്ഞതായി ഹാഫിള് അബൂനുഐം (റ) ഹിൽയത് വാല്യം 3, പേജ് 33 ലും ഇബ്നു അബ്ബാസ് (റ) വഴി തിർമുദിയും ബൈഹഖി (റ) യും നിവേദനം ചെയ്തതായി അൽ ദുർറുൽ മൻസ്വൂർ വാല്യം 2, പേജ് 222 ലും അബുനള്റത് (റ) വഴി ഇമാം അഹ്മദ് (റ) നിവേദനം ചെയ്തതായി മജ്മഉസ്സവാഇദ് വാല്യം1,പേജ്177ലും കാണാവുന്നതാണ്. അബൂനള്റതി (റ) ൽ നിന്ന് ഈ ഹദീസ് ഇമാം ത്വബ്റാനി (റ) യും ഇബ്നു മുർദൂയ(റ)യും നിവേദനം ചെയ്തതായി അൽദുർറുൽ മൻസ്വൂർ വാല്യം 3, പേജ് 18 ലും ഉദ്ധരിച്ചിട്ടുണ്ട്.

(1)നിലവിലുള്ള നിമയത്തെ എടുത്തുകളയുന്നതിനാണ് നസ്ഖ് എന്നു പറയുക. ഇത് അല്ലാഹുവിൽ നിന്ന് നബി (സ്വ) മുഖേന ലഭിക്കുന്ന വിഷയമാണ്. ആരുടെയും വിരോധത്തിന് ഈ വിഷയത്തിൽ പ്രസക്തിയില്ല. നസ്ഖ് നടന്നതായി അറിയാനുള്ള ഒരു മാർഗമാണ് ഇജ്മാഅ്. ഇമാം ശാഫിഈ (റ) യും ഇക്കാര്യം അംഗീകരിച്ചിട്ടുണ്ട്. ഇമാം ശാഫിഈ(റ) പറയുന്നു: ‘‘മരണം ആസന്നമായ രോഗി തന്റെ അവകാശികൾക്ക് സ്വത്തിന്റെ നിശ്ചിത വിഹിതം വസ്വിയ്യത്തായി നൽകണമെന്നാണ് ഖുർആന്റെ കൽപന. അനന്തരാവകാശികൾക്ക് വസ്വിയ്യത്തില്ലെന്ന ഹദീസ് മുഹദ്ദിസുകൾ (ഹദീസ് പണ്ഢിതന്മാർ) സ്വീകരിക്കുന്നില്ല. പക്ഷേ, പ്രസ്തുത ഹദീസിന്റെ ആശയം സർവ്വ പൺഢിതന്മാരും ഏകോപിച്ചതായ തിനാൽ ഖുർആൻ പറഞ്ഞ വസ്വിയ്യത്ത് നിയമം അപ്രാബല്യമാക്കപ്പെട്ട നിയമമാണെന്ന് പൺഢിതന്മാർ പ്രസ്താവിച്ചു (ഫത്ഹുൽ മുൽഹീം വാല്യം 1, പേജ് 58).

ഇമാം ഗസ്സാലി (റ) എഴുതുന്നു: ‘ഒരു വിഷയത്തിൽ ഗവേഷണം നടത്തുന്ന മുജ്തഹിദ്, തൽ വിഷയകമായി ഇജ്മാഅ് ഉണ്ടോ എന്നാണ് ആദ്യമായി ചിന്തിക്കേണ്ടത്. ഇജ്മാഅ് ഉണ്ടെന്ന് സ്ഥിരപ്പെട്ടാൽ കിതാബിലും സുന്നത്തിലുമുള്ള പരിശോധന ഉപേക്ഷിക്കേണ്ടതാണ്. കാരണം അവ രണ്ടും നസ്ഖിനു വിധേയമാണ്. ഇജ്മാഅ് നസ്ഖിനു വിധേയമല്ല. ആയതിനാൽ കിതാബിലും സുന്നത്തിലും ഉള്ളതിന് വിരുദ്ധമായി ഇജ്മാഅ് സ്ഥിരപ്പെട്ടാൽ നസ്ഖ് നടന്നിട്ടുണ്ടെന്നതിനു അതുതന്നെ ഖണ്ഢിതമായ തെളിവാണ്’’(അൽ മുസ്ത സ്ഫ വാല്യം 2, പേജ് 392).

ചുരുക്കത്തിൽ, ഇജ്മാഅ് ഇല്ലാത്തപ്പോഴാണ് സുന്നത്തിലേക്ക് മടങ്ങേണ്ടതെന്നു വരുമ്പോൾ സുന്നത്തിനേക്കാൾ മുൻഗണനയുള്ള രേഖയാണ് ഇജ്മാഅ് എന്നു വരുന്നു. അപ്പോൾ അവരുടെ ഏകോപനം (ഇജ്മാഅ്) സ്ഥിരപ്പെട്ടാൽ പിന്നെ അതിനെതിരിൽ സുന്നത്ത് കണ്ടെത്തിയാൽ തന്നെയും അതു രേഖയായി അവലംബിക്കാത്തതും ഇജ്മാഅ് അവലംബിക്കേണ്ടതുമാണ്. പ്രസ്തുത ഹദീസും അതിന്റെ വ്യാഖ്യാനവും കണ്ടെത്തിയ മുജ്തഹിദുകളാണല്ലോ അതിനെതിരിൽ ഏകോപിക്കുന്നത്. ഇതുതന്നെയാണ് ഉസ്വൂൽ ഗ്രന്ഥങ്ങളിൽ ഇജ്മാഅ് നസ്സ്വിനെക്കാൾ മുന്തിക്കപ്പെടേണ്ടതാണെന്ന് പറഞ്ഞതിന്റെ രഹസ്യം (ഇംഉൽ ജവാമിഅ് വാല്യം 2, പേജ് 372 നോക്കുക).

## സുകൂതിയ്യായ ഇജ്മാഅ്

മുജ്തഹിദുകളായ പണ്ഢിതന്മാരിൽ നിന്നുള്ള ചിലർ ഒരു വിധി പറയുകയും അതറിഞ്ഞ ശേഷം ബാക്കിയുള്ള മുജ്തഹിദുകളെല്ലാം അതു സംബന്ധമായി മൗനം ദീക്ഷിക്കുകയും ചെയ്യലാണ് സുകൂതിയ്യായ ഇജ്മാഅ്’ (ജംഉൽ ജവാമിഅ് വാല്യം 2, പേജ് 187).

അക്കാലത്ത് ജീവിച്ചിരിപ്പുള്ള മുഴുവൻ മുജ്തഹിദുകളുടെയും മൗനമാണ് അതിൽ പരിഗ ണിക്കപ്പെടുക. ഈ നിർവ്വചനപ്രകാരം സൂകൂതിയ്യായ ഇജ്മാഅ് നിരുപാധികം രേഖയാണെന്നാണ് ശരിയായ അഭിപ്രായമെന്നും ഇതാണ് ശാഫിഈ അസ്ഹാബിന്റെയടുക്കൽ പ്രസിദ്ധമായതെന്നും ഇമാം റാഫി ഈ (റ) പ്രസ്താവിച്ചിരിക്കുന്നു (ജംഉൽ ജവാമിഅ് വാല്യം 2, പേജ് 189, 190).

ഇമാം നവവി (റ) ശറഹുൽ വസീഥിൽ പറയുന്നു: സുകൂതിയ്യായ ഇജ്മാഅ് രേഖയും, ഇജ്മാഉമാണെന്നാണ് ഇമാം ശാഫിഈ (റ) യുടെ മദ്ഹബിൽ സ്വഹീഹായ അഭിപ്രായം.

ഒരഭിപ്രായത്തിൽ മൗനം ദീക്ഷിച്ച വ്യക്തിയിലേക്ക് ആ അഭിപ്രായത്തെ ചേർക്കാൻ പറ്റില്ലെന്നു ഇമാം ശാഫിഈ (റ) പറഞ്ഞത് ഇതിന്നെതിരാകില്ല. മൗനം പാലിച്ചതുകൊണ്ട് ആ അഭിപ്രായം താൻ വ്യക്തമായി പരിഗണിച്ചു കൂടെന്നാണിതിന്റെ അർഥം. അല്ലാതെ അഭിപ്രായപ്പെട്ട വ്യക്തിതിയോട് യോജിപ്പ് പ്രകടമാക്കലിനെ നിഷേധിക്കൽ വരുന്നില്ല'' (ബ ന്നാനി വാള്യം 2, പേജ് 189).

ഇമാം ഗസ്സാലി (റ) പറയുന്നതു കാണുക: ''ഒരു സ്വഹാബിയുടെ വാക്ക് പ്രസിദ്ധിയാർജ്ജിക്കുകയും ആരുടെ ഭാഗത്ത് നിന്നും എതിർപ്പില്ലാതിരിക്കുകയും ചെയ്താൽ അതു രേഖയാണെന്ന് ഇമാം ശാഫിഈ (റ) തന്നെ വ്യക്തമാക്കിയിട്ടുണ്ട് (അൽ മുസ്തസ്ഫ വാള്യം 1, പേജ് 271).

ശാഫിഈ മദ്ഹബിലെ പ്രഗത്ഭ പണ്ഢിതനായ ഇമാം ഗസ്സാലി (റ) ഏഴ് കാരണങ്ങളുദ്ധരിച്ചുകൊണ്ട് സുകൂതിയ്യായ ഇജ്മാഅ് ഇസ്ലാമിൽ രേഖയല്ലെന്നും ഏകാഭിപ്രായമായി മൗനത്തെ കണക്കാക്കുവാൻ പാടില്ലെന്നും സമർഥിക്കുന്നുണ്ട് (അൽ മുസ്തസ്ഫ വാള്യം 1, പേജ് 192, ഉൽപതിഷ്ണു പുസ്തകം പേജ് 51).

മുസ്തസ്വഫയുടെതായി തട്ടിവിട്ട കാര്യങ്ങൾ അവർത്തിച്ചുള്ള പ്രഖ്യാപനം മാത്രമാണ്. മുസ്തസ്ഫ പറഞ്ഞതിന്റെ ചുരുക്കമിതാണ്. ''മൗനം ദീക്ഷിച്ച മുജ്തഹിദുകൾ മനസം തൃപ്തിയോടെയാണ് അതു ചെയ്തതെന്നറിയിക്കുന്ന സാന്ദർഭിക അടയാളങ്ങളില്ലാതെ സുകൂതിയ്യായ ഇജ്മാഅ് രേഖയാവുകയോ ഇജ്മാആയി പരിഗണിക്കപ്പെടുകയോ ഇല്ല. കാരണം മനഃസംതൃപ്തി കൂടാതെ ഏഴു കാരണങ്ങൾക്കു വേണ്ടി മൗനം ദീക്ഷിച്ചെന്നു വരും'' (അൽ മുസതസ്ഫ വാള്യം 1, പേജ് 191, 192).

സുകൂതിയ്യായ ഇജ്മാഅ് രേഖയല്ലെന്ന് ഏഴ് കാരണങ്ങൾ കൊണ്ട് സമർഥിക്കുകയല്ല ഇവിടെ ചെയ്യുന്നത്. മറിച്ച് രേഖയാകണമെങ്കിൽ മൗനമവലംബിച്ചവർ തൃപ്തിപ്പെട്ടിരിക്കുന്നുവെന്ന് കുറിക്കുന്ന സാന്ദർഭിക അടയാളങ്ങൾ ഉണ്ടാകണമെന്നും ഏഴ് കാരണങ്ങളാൽ തൃപ്തിയില്ലാതെ തന്നെ മൗനം ദീക്ഷിക്കാൻ സാധ്യതയുണ്ടെന്നും മാത്രമാണ് മുസ്തസ്ഫ പറഞ്ഞത്. മസ്തിഷ്കം മരവിക്കാത്തവർക്കെല്ലാം ഇതു മനസ്സിലാകും.

## മുഫ്തി

ഫത്വ നൽകാൻ അർഹതയുള്ള പണ്ഢിതരെ ഇമാം നവവി (റ) അഞ്ചായി തിരിച്ചിരിക്കുന്നു. ഒന്നാം പദവിയിലുള്ളവർ സ്വതന്ത്രവും നിരുപാധികവുമായ ഇജ്തിഹാദ് നടത്തി ഫത്വ നൽകാൻ യോഗ്യതയുള്ളവരാണ്. മറ്റ് നാലു പദവയിലുള്ളവർക്ക് സ്വന്തമായി നിദാന ശാസ്ത്രം രൂപപ്പെടുത്താൻ കഴിയാത്തതിനാൽ നിദാന ശാസ്ത്രത്തിൽ ഇവർ സ്വതന്ത്രമായ ഇജ്തിഹാദിന് കഴിവുള്ളവരല്ല. ഇത്തരത്തിലുള്ളവർ നിദാന ശാസ്ത്രത്തിലെങ്കിലും ഒരു ഇമാമിനെ അവലംഭിച്ചേ പറ്റൂ. ഇവർ ഭാഗികമായി ഇജ്തിഹാദിന് ബാധ്യസ്ഥരാണ്. നവവി (റ) തുടരുന്നു: ഒരു ഇമാമിനോട് ചേർന്ന് നിൽക്കുന്ന മുഫ്തികളിൽ നാലാം സ്ഥാനത്തിരിക്കുന്ന വ്യക്തി മദ്ഹബിലെ സങ്കീർണ്ണവും അല്ലാത്തവയുമായ കാര്യങ്ങൾ ഗ്രഹിക്കുക, അവ ഉദ്ധരിക്കുക, മദ്ഹബിനെ മൊത്തമായി ഹൃദിസ്ഥമാക്കുക തുടങ്ങിയ ഗുണങ്ങൾ സമ്മേളിച്ചവനായിരിക്കണം. പക്ഷേ, മദ്ഹബിന്റെ രേഖകൾ സമർഥിക്കുക, ഖിയാസു (തുലനം ചെയ്യൽ) കൾ സ്ഥിരീകരിക്കുക തുടങ്ങിയ പ്രയാസകരമായ കാര്യങ്ങളിൽ അയാൾക്ക് കഴിവുണ്ടായിരിക്കുകയില്ല. പക്ഷേ, ആധികാരിക ഗ്രന്ഥങ്ങൾ ആധരമാക്കി നൽ കുന്ന ഫത്വയിൽ അദ്ദേഹത്തെ അവലംബിക്കാവുന്നതാണ്.

ഇപ്രകാരം മദ്ഹബിൽ വ്യക്തമായി പരാമർശിക്കാത്ത ഒരു വിഷയത്തിൽ ഗഹനമായ ചിന്ത കൂടാതെ തത്തുല്യമായ മറ്റൊന്ന് മദ്ഹബിൽ നിന്ന് തന്നെ ഇദ്ദേഹത്തിന് വ്യക്തമായാൽ അതിനോട് ഖിയാസ് നടത്താവുന്നതും അതനുസരിച്ച് ഫത്വ നൽകാവുന്നതുമാണ്. മദ്ഹബിന്റെ പൊതുനിയമത്തിന്റെ വ്യാപ്തിയിൽ ആ കാര്യം ഉൾപ്പെടുമെന്ന് ബോധ്യപ്പെടു മ്പോഴും പ്രസ്തുത പൊതുനിയമ പ്രകാരം വിധി നിർണ്ണയിക്കാം. ഇത്തരത്തിലുള്ളതല്ലാത്ത വിഷയങ്ങളിൽ ഇദ്ദേഹം ഫത്വ നൽകാവുന്നതല്ല (ശറഹുൽ മുഹദ്ദബ് 1:44).

മുഫ്തികളുടെ നാലാം സ്ഥാനത്തുള്ളവരുടെ ഗുണങ്ങളാണ് ഇമാം നവവി (റ) പറഞ്ഞത്. വ്യക്തമായ ഖിയാസിനെ കുറിച്ചാണ് ഇത്രയും പറഞ്ഞത്. എന്നാൽ അവ്യക്തമായ ഖിയാസിന് ഇത്തരക്കാർക്ക് സാധ്യമേയല്ല. മേൽ നിബന്ധനകളുണ്ടാവുമ്പോൾ മാത്രമാണ് വ്യക്തമായ ഖിയാസ് തന്നെ

കൈകാര്യം ചെയ്യാനാവുക. എന്നാൽ ഖേദകരമെന്ന് പറയട്ടെ, ഇമാം നവവി (റ) പറഞ്ഞ ഒന്നാം പദവിയാണിന്ന് പലരും അവകാശപ്പെടുന്നത്. എന്നാൽ മുഫ്തികളുടെ അഞ്ചാം പദവിക്കു പോലും യോജിച്ചവർ ഇന്ന് നിലവിലില്ലെന്ന് ഇത്തരക്കാർ അറിയുന്നില്ല. ഹിജ്റഃ മൂന്നാം നൂറ്റാ ിന് ശേഷം സ്വതന്ത്ര ഇജ്തിഹാദ് നടത്താൻ കഴി വാർജിച്ചവർ ഉ ായിട്ടില്ല.
ഇമാം ശഅ്റാനി (റ) പറയുന്നു: ''ഒരു ഇമാമിനോടും ചേർന്ന് നിൽക്കാതെ സ്വതന്ത്രമായി ഇജ്തിഹാദ് നടത്താൻ തനിക്കാകുമെന്ന് നാല് ഇമാമുകൾക്ക് ശേഷം മുഹമ്മദുബ്നു ജരീറുത്വബ്രി (റ) യല്ലാതെ വാദിച്ചിട്ടില്ല. അദ്ദേഹത്തിന്റെ വാദം അംഗീകരിക്കപ്പെട്ടിട്ടുമില്ല.'' മീസാനുൽ കുബ്റ 1:16).

സ്വതന്ത്ര ഇജ്തിഹാദിനു യോഗ്യതയില്ലെങ്കിലും നിരുപാധികം ഖിയാസ് നടത്താൻ കഴിയുന്നവരാണ് 'അസ്ഹാ ബുൽ വുജൂഹ് 'എന്നറിയപ്പെടുന്നവർ. നാലാം നൂറ്റാണ്ടിന് ശേഷം ഈ യോഗ്യതയുള്ളവരും ഉ ായിട്ടില്ല. ഇബ്നുഹജർ (റ) പറയുന്നു: ''മുഫ്തിക്കാവശ്യമായ നിബന്ധനകൾ ഒക്കാതെ വരികയും ഫത്വ നൽകാൻ അർഹതയുള്ളവരുടെ രചനയിൽ തന്റെ വിഷയം ഇല്ലാതെ വരികയും ചെയ്താൽ ഫത്വ നൽകാൻ പാടില്ല. തന്റെ വിഷയവുമായി സാമ്യതയുള്ള ഒന്നോ രണ്ടോ വിഷയങ്ങൾ ലഭിച്ചാലും ശരി. ഫിഖ്ഹിന്റെ മുഴുവൻ അധ്യായങ്ങളിലും മുജ്തഹിദ് മുത്വലഖ് സ്വീകരിക്കുന്ന നിദാന നിയമങ്ങളിൽ സമഗ്ര ജ്ഞാനമുള്ളവരാണ് കർമ്മ ശാസ്ത്രത്തിൽ സാഗരതുല്യരായവർ. ഇമാം വ്യക്തമായി പറഞ്ഞിട്ടില്ലാത്ത മസ്അലകളിൽ ഖിയാസ് നടത്തി വിധി പറയാൻ ഇത്തരക്കാർക്ക് കഴിയും. ഇതുപക്ഷേ, അസ്ഹാബുൽ വുജൂഹിന്റെ പദവിയാണ്. ഇക്കാലത്ത് അത്തരം പണ്ഢിതരില്ല. കാരണം ഹിജ്റഃ 400 ന് ശേഷം ആ പദവിയിലുള്ളവർ ഉണ്ടായിട്ടില്ല (ഫതാവൽ കുബ്റ :4:296).
മേൽ വിവരണത്തിൽ നിന്ന് നാല് കാര്യങ്ങൾ വ്യക്തമാണ്. (1) നിരുപാധികം ഖിയാസ് നടത്താൻ കഴിവുള്ളവർ ഹിജ്റ 400 ന് ശേഷം ഉണ്ടായിട്ടില്ല. (2) ഇഫ്താഇന്റെ അഞ്ചാം പദവിയിലുള്ളവർക്ക് പോലും വ്യക്തമായ ഖിയാസ് മാത്രമേ ചെയ്യാനാകൂ. (3) ഇഫ്താഇന്റെ എല്ലാ പദവിയും അസ്തമിച്ച് കഴിഞ്ഞ ഇക്കാലത്ത് ഖിയാസ് എന്ന പ്രശ്നമേ ഉദിക്കുന്നില്ല. (4) ഇനിയും ഇജ്തിഹാദിന്റെ കവാടം തുറന്നു വെച്ച് ഇമാമുമാരാകാൻ ശ്രമിക്കുന്നത് ഭൂഷണമല്ല.
ഇബ്നു ഹജർ (റ) പറയുന്നു: ''ഇജ്തിഹാദ് നടത്തിയിരിക്കണമെന്ന കൽപന അതിന് പണ്ഢിതന്മാർ പറഞ്ഞ നിബന്ധനകൾ ഒത്തിണങ്ങിയ പണ്ഢിതന്മാരോടാണെന്ന് കർമ്മശാസ്ത്ര പണ്ഢിതന്മാർ വ്യക്തമാക്കിയിട്ടുണ്ട്. പിൽക്കാലത്തുള്ള പണ്ഢിതരൊന്നും മേൽ നിബന്ധനകളുള്ളവരായി നിനക്ക് ലഭിക്കുകയില്ല. ഈ സാഹചര്യത്തിൽ ഇജ്തിഹാദ് നടത്താതിരിക്കുന്നതിൽ അവരാരും കുറ്റക്കാരല്ല. കാരണം പണ്ഢിതർ പറഞ്ഞ നിബന്ധനകളിലൊന്നാണ് കൂർമ്മബുദ്ധി. പരിശ്രമശാലിയായ ഒരാൾക്ക് ഇജ്തിഹാദിന്റെ പദവിയിലെത്താൻ പര്യാപ്തമായ ബുദ്ധി ശക്തിയാണ് ഇതു കൊണ്ട് വിവക്ഷ. നമ്മുടെ അസ്ഹാബും അല്ലാത്തവരുമായ നിരവധി പണ്ഢിതന്മാർ ജീവിതകാലം മുഴുവൻ പരിശ്ര മിച്ചിട്ടും മേൽ സ്ഥാനം കരസ്ഥമാക്കാനായില്ല. അതിനാൽ പണ്ഢിതന്മാർ പറഞ്ഞ കൂർമ ബുദ്ധിയുള്ളവരല്ല അവരെന്ന് നാം മനസ്സിലാക്കുന്നു (ഫതാവൽ കുബ്റ:4:303).
ഇബ്നു ഖൽദൂനിന്റെ വിഖ്യാത ചരിത്ര ഗ്രന്ഥമായ മുഖദ്ദിമയിൽ പറയുന്നു. ''എല്ലാ രാജ്യങ്ങളും നാലു മദ്ഹബിന്റെ ഇമാമുകളെ തഖ്ലീദ് ചെയ്യുന്നതിൽ യോജിച്ചിരിക്കുന്നു. ഇജ്തിഹാദിന്റെ പദവി കൈവരിക്കുന്നതിനു മാർഗ്ഗ തടസ്സമുണ്ടാവുകയും അനർഹരായ ആളുകൾ ഇജ്തിഹാദി പട്ടം ചമയുമെന്ന് ഭയപ്പെടുകയും ചെയ്തപ്പോൾ തങ്ങൾ ഇജ്തിഹാദിന് അശക്തരാണന്ന് പണ്ഢിതന്മാരെല്ലാം പ്രഖ്യാപിക്കുകയും നാലു ഇമാമുകളെ തഖ്ലീദ് ചെയ്യാൻ ജനങ്ങളെ പ്രേരിപ്പിക്കുകയുമുണ്ടായി. ഇന്ന് മുസ്ലിംകൾ നാലിലൊരു മദ്ഹബ് തഖ്ലീദ് ചെയ്യുന്നതിൽ മാത്രം ഒതുങ്ങി നിൽക്കുകയും ചെയ്യുന്നു. ഇത് മനസ്സിലാക്കിയതിനാലാണ് തൗഹീദ് സംസ്ഥാപനവുമായി രംഗപ്രവേശം ചെയ്ത ഇബ്നു അബ്ദുൽ വഹ്ഹാബു പോലും ഇപ്രകാരം പ്രസ്താവിച്ചത്. ''കർമ്മപരമായി നാം അഹ്മദ്ബ്നു ഹമ്പലി (റ) ന്റെ മദ്ഹബ് സ്വീകരിച്ചവരാണ്. നാലിൽ ഏത് മദ്ഹബ് സ്വീകരിച്ചവരേയും നാം എതിർക്കുന്നില്ല. മറ്റു മദ്ഹബുകൾ ക്രോഡീകൃതമല്ലാത്തതിനാൽ അവ അനുകരിക്കാവതല്ല. റാഫിളിയ്യത്ത്, സൈദിയ്യത്ത്, ഇമാമിയത്ത് തുടങ്ങിയവരെ നാം അംഗീകരിക്കുന്നേയില്ല. നാലിൽ ഒരു മദ്ഹബ് സ്വീകരിക്കാൻ നാം അവരെ നിർബന്ധിക്കുന്നു. നിരുപാധികം ഇജ്തിഹാദിന്റെ പദവി നാം അവകാശപ്പെടുന്നില്ല. അങ്ങനെ അവകാശപ്പെടുന്നവർ നമ്മുടെ അരികിൽ ഇല്ലതാനും (സിയാനതുൽ ഇൻസാൻ 474).

## അടക്കപ്പെട്ട കവാടം

ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ നിന്ന് മതവിധികൾ ഗവേഷണം ചെയ്തെടുക്കുന്ന തിനാസ്പദമായ നിദാന ശാസ്ത്ര തത്വങ്ങൾ ആവിഷ്കരിച്ചു, തദടിസ്ഥാനത്തിൽ എല്ലാ

അധ്യായങ്ങളിലും സമ്പൂർണ ഗവേഷണം സ്വതന്ത്രമായി നടത്തുന്ന നിരുപാധിക മുജ്തഹിദുകൾ നാലു മദ്ഹബിന്റെ ഇമാമുകൾക്കു ശേഷം ഉണ്ടായിട്ടില്ല. ആ മഹത്തായ കവാടം, അവരോടെ, അടക്കപ്പെട്ടിരിക്കയാണ്.

ഇബ്നു ഹജറിൽ ഹൈതമിയുടെ പ്രസ്താവന കാണുക: ''എല്ലാ അധ്യായങ്ങളിലും യഥാർഥമായും ഗവേഷണം നടത്തുകയെന്നതു ഏകദേശം ഇമാം ശാഫിയുടെ കാലം തൊട്ട് ഇന്നുവരെ അറിയപ്പെട്ടിട്ടില്ല. എങ്ങനെ അതു സംഭവിക്കും? നിദാന ശാസ്ത്ര തത്വങ്ങളും ഹദീസ് ശാസ്ത്ര തത്വങ്ങളും മറ്റു അടിസ്ഥാന നിയമങ്ങളും സംസ്ഥാപിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്ന കാര്യമാണത്. മുജ്തഹിദിന്റെ കണ്ടു പിടുത്തങ്ങളെല്ലാം, പ്രസ്തുത അടിസ്ഥാന നിയമങ്ങളെ അവലംബമാക്കിയാണ് പുറത്തു കൊണ്ടു വരുന്നത്. ഇവയുടെ സംസ്ഥാപനമാണ് ജനങ്ങളെ സ്വതന്ത്രമായ ഇജ്തിഹാദിന്റെ യഥാർഥ സ്ഥാനം പ്രാപിക്കുന്നതിനു അപ്രാപ്തരാക്കിയിട്ടുള്ളത്'' (തുഹ്ഫ 10-109).

അല്ലാമാ കുർദി പറയുന്നു : ''ഇന്നു ഇജ്തിഹാദിനെ വാദിക്കുകയെന്നതു വളരെ വിദൂരമാണ്. ഒരു മുജ്തഹിദും ജീവിച്ചിരിപ്പില്ലെന്നു ജനങ്ങൾ ഏകോപിച്ച ഫലത്തിലാണെന്നു ഇമാം റാഫി, നവവി എന്നീ മഹാന്മാരും അവർക്ക് മുമ്പ് ഇമാം റാസിയും പ്രസ്താവിച്ചിട്ടുണ്ട്. മുന്നൂറു വർഷത്തിനപ്പുറം വരുന്ന സുദീർഘമായ കാലം മുതൽ സ്വതന്ത്ര മുജ്തഹിദ് ഇല്ലാതെയായിരിക്കുന്നുവെന്ന് (ആറാം നൂറ്റാണ്ടുകാരനായ) ഇബ്നുസ്സ്വലാഹും പറഞ്ഞിട്ടുണ്ട് (ഫതാവൽ കുർദി പേജ് : 257).

ഇജ്തിഹാദിന്റെ സ്ഥാനം പ്രാപിച്ച ആരും തന്റെ കാലത്തില്ലെന്നു ഹിജ്റ 505 ൽ മരിച്ച മഹാനായ ഇമാം ഗസ്സാലി അദ്ദേഹത്തിന്റെ ലോക പ്രസിദ്ധ ഗ്രന്ഥമായ ഇഹ്യാഉലുമുദ്ദീനി (1-43) ൽ വ്യക്തമാക്കിയിരിക്കുന്നു.

മനുഷ്യന്റെ നിഖില പ്രശ്നങ്ങളും കയ്യാളുന്ന ബൃഹത്തായ ഇസ്ലാമിക കർമ ശാസ്ത്രത്തെ തങ്ങളുടെ നിരന്തര പഠന ഗവേഷണങ്ങൾ മുഖേന, സംപുഷ്ടമാക്കി കൊണ്ടാണ് ചഃുർ മദ്ഹബിന്റെ ഇമാമുകൾ ഈ ലോകത്തോടു യാത്ര പറഞ്ഞിട്ടുള്ളത്. അവർക്കു ശേഷം വന്ന പണ്ഢിതന്മാർ അവരുടെ മദ്ഹബുകൾ അംഗീകരിച്ചനുസരിച്ചു പോന്നു. ഇജ്തിഹാദു മുത്വലഖിന്റെ അടക്കപ്പെട്ട കവാടം കള്ളത്താക്കോലിട്ടു തുറക്കാനോ കുത്തിപ്പൊളിക്കാനോ അവർ ശ്രമിച്ചില്ല.

## കവാടം അടച്ചതാര്?

മദ്ഹബിന്റെ ഇമാമുകളാരും തന്നെ, തങ്ങളുടെ പിൻഗാമികൾക്ക് മുമ്പിൽ, ഗവേഷണത്തിന്റെ കവാടം അടച്ചു പൂട്ടിയിട്ടില്ല. 'നിങ്ങളാരും ഗവേഷണം നടത്തരുത്. ഞങ്ങളെ തഖ്ലീദ് ചെയ്യണം' എന്ന് അവരാരും പറഞ്ഞിട്ടില്ല. പ്രത്യുത, ഇജ്തിഹാദു പ്രാപ്തരായ മതപണ്ഢിതന്മാരോട് 'നിങ്ങൾ ഞങ്ങളെ തഖ്ലീദ് ചെയ്യരുത്' എന്നായിരുന്നു അവരുടെ ശാസന. (ഈ പ്രസ്താവം, വ്യപ്കമായി തെറ്റിദ്ധരിപ്പിച്ച് സാധാരണക്കാർക്കിടയിൽ ആശയക്കുഴപ്പമുണ്ടാക്കാൻ, ഉൽപതിഷ്ണുവിഭാഗം ശ്രമിച്ചു വരുന്നു. 'ശാഫിഈയുടെ വസ്വിയ്യത്ത്' എന്ന ശീർഷകം കൂടി വായിക്കുക). മദ്ഹബ് സ്വീകരിക്കുന്നതോടൊപ്പം തന്നെ തെളിവുകൾ ചിന്തിക്കാൻ കഴിയുന്ന സോപാധിക മുജ്തഹിദുകളോട് തെളിവു ചിന്തിച്ചു പഠിക്കാനും അവർ ആജ്ഞാപിച്ചിരുന്നു.

അനന്തരഗാമികളായ പണ്ഢിതന്മാരും അർഹരായവരുടെ ഗവേഷണം മുടക്കിയിട്ടില്ല. എന്നാൽ പിന്നെ, ഇജ്തിഹാദിന്റെ കവാടം കൊട്ടിയടച്ചതാര്? ആരും അടച്ചതല്ല; അതു സ്വയം അടഞ്ഞു പോയതാണ്. അഥവാ കരുണാനിധിയായ അല്ലാഹു അവന്റെ കരുണാതിരേകത്താൽ അടച്ചു കളഞ്ഞതാണ്. കർമ ശാസ്ത്രത്തിൽ ഒരൊറ്റ മദ്ഹബ് മാത്രമേ ഉണ്ടായിരുന്നുള്ളുവെങ്കിൽ പല പ്രതിസന്ധി ഘട്ടങ്ങളിലും സമുദായം വിഷമിച്ചു പോകുമായിരുന്നു. മദ്ഹബുകൾ നാലുള്ളതു കൊണ്ട് ഈ വിഷമം പരിഹൃതമായിരിക്കയാണ്.

മുഴുലോകവും അംഗീകരിച്ച മഹാപണ്ഢിതരായ ഈ നാലുപേർക്കു ശേഷം നിസ്കാരം, സകാത്, നോമ്പ്, ഇടപാടുകൾ, വൈവാഹിക കാര്യങ്ങൾ, ശിക്ഷാ നിയമങ്ങൾ തുടങ്ങിയ ഫിഖ്ഹ് നിയമങ്ങളിൽ ഇനി ഒരു ഗവേഷണത്തിന്റെ ആവശ്യമില്ല. വല്ല ആനുകാലിക പ്രശ്നങ്ങളും വന്നാൽ അതു പരിഹരിക്കണമെന്നേയുള്ളൂ. അതിനു മറ്റു മാർഗങ്ങളുമുണ്ട്. (ബഹ്ത് എന്ന ശീർഷകം നോക്കുക). അപ്പോൾ ഒരു സ്വതന്ത്ര മുജ്തഹിദിന്റെ ആവശ്യം ഇനിയില്ല. എന്നിരിക്കെ

വഴിപിഴക്കാനും നാലിനു പകരം നാലായിരം മദ്ഹബുകളായി ഭിന്നിച്ചു പോകാനും ഇടവരും. അതു കൊണ്ടുതന്നെ പരമകാരുണികനായ അല്ലാഹു, അവന്റെ ദാക്ഷിണ്യം കൊണ്ട്, ഇജ്തിഹാദിന്റെ കവാടം അടച്ചുപൂട്ടി. അല്ലാഹുവിനു സ്തുതി.

## അവർ പറയാതിരുന്നാൽ

ഒരു മസ്അലയിൽ ഇമാം നവവി (റ), ഇമാം റാഫിഈ (റ) യും ഒന്നും പറയുന്നില്ലങ്കിൽ എന്ത് ചെയ്യണം?. ഇവർ രണ്ടു പേർക്കും മുമ്പ് രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ അവലംബിക്കാമോ?
ഉത്തരം:''സുക്ഷ്മമായ അന്വേഷണത്തിലൂടെ മദ്ഹബിൽ പ്രബലമായ അഭിപ്രായം ഏതാണെന്ന് ബോധ്യപ്പെട്ട ശേഷമല്ലാതെ ഇമാം നവവി (റ), ഇമാം റാഫിഈ (റ) നും മുമ്പായി രചിക്കപ്പെട്ട ഗ്രന്ഥങ്ങൾ അവലംബിക്കാൻ പാടില്ല. ഒരേ വിഷയത്തിൽ കൂടുതൽ ഗ്രന്ഥങ്ങൾ യോജിച്ചു വന്നതു കൊണ്ട് പ്രയോജനമില്ല.ഈ ഗ്രന്ഥങ്ങളത്രയും ചെന്നെത്തുന്നത് ഒരാളുടെ മാത്രം അഭിപ്രായത്തിലേക്കായിരിക്കാം. ഇമാം ഖഫ് ഫാൽ (റ), അബൂഹാമിദ് (റ) എന്നിവർക്ക് ധാരാളം ശിഷ്യന്മാരുണ്ട്. അവർ ഉസ്താദുമാരുടെ വഴി അനുസരിച്ചു മാത്രമാണ് അടിസ്ഥാന നിയമങ്ങളും അതനുസരിച്ചുള്ള മസ്അലകളും സ്ഥിരപ്പെടുത്തുന്നത്. ഇവർ രണ്ടു പേരും ഒഴിച്ചുള്ളവരെല്ലാം ചിലപ്പോൾ ഇവർക്കെതിരായിരിക്കാം. അതിനാൽ മസ്അല പ്രബലമാക്കുന്നതിന് മുമ്പ് ഇവരുടെയെല്ലം ഗ്രന്ഥങ്ങൾ പരിശോധിച്ചിരിക്കണം'' (തുഹ്ഫ: 1: 39).
ഇവരുടെ ഗ്രന്ഥങ്ങളിൽ തന്നെ ഒരേ വിഷയത്തിൽ വ്യത്യസ്ഥത വീക്ഷണങ്ങൾ ഉള്ളതിനാൽ പ്രബലമായതു കണ്ടെുക എളുപ്പമല്ല. പ്രബലമായതു കണ്ടെത്തുവാൻ ഇവരുടെ മുഴുവൻ രചനകളും പരിശോധിക്കുകയും മസ്അലകൾ തമ്മിലുള്ള ബലാബലങ്ങളിലേക്കു സൂചിപ്പിക്കുന്ന പദപ്രയോഗങ്ങളും മനസ്സി ലാക്കണം. ഈ സാഹസിക കൃത്യം ചെയ്തു തീർത്തവരാണ് ഇബ്നു ഹജറും (റ) റംലി (റ യും. ഇവർക്ക് ശേഷം ഈ കഴിവുള്ളവർ ഉണ്ടായിട്ടില്ലന്ന് എല്ലാവരും സമ്മതിക്കുന്നു. ഇമാം കുർദി (റ) പറയുന്നു: ''ശാഫിഈ മദ്ഹബിൽ അവലംബം ഇബ്നു ഹജറും (റ) റംലി (റ) യും തുഹ്ഫ, നിഹായ എന്നീ ഗ്രന്ഥങ്ങളിൽ ഏകോപിച്ചു പറഞ്ഞവയാണെന്ന് മദ്ഹബിലെ പിൽകാല പണ്ഢിതർ ഏക സ്വരത്തിൽ പറഞ്ഞിരിക്കുന്നു. ഇവർ വ്യത്യസ്ഥ അഭിപ്രായം രേഖപ്പെടുത്തിയാൽ അർഹതയുള്ള മുഫ്തിക്ക് ഏതും അവലംബിക്കാം. ഇവർ രണ്ടു പേർക്കും എതിരായ അഭിപ്രായം അവലംബിക്കാവതല്ല'' (ഫവാഇദുൽ മദനിയ്യ: 44).

അൽ ഉമ്മ്, ഇമ്ലാഅ് തുടങ്ങിയ ഇമാം ശാഫിഈ (റ) യുടെ ഗ്രന്ഥങ്ങളോ, നവവീ (റ) റാഫിഈ (റ) യുടെ ഗ്രന്ഥങ്ങളോ നമുക്കിന്ന് അവലംബിക്കാവതല്ല. ഇത് പ്രഗൽഭരുടെ കിതാബുകൾക്കുള്ള പോരായ്മയല്ല. മറിച്ച് അതുൾക്കൊള്ളാൻ കഴിയാത്ത നമ്മുടെ പോരായ്മയാണ്. തുഹ്ഫയും നിഹായയുമാണ് ഇന്നത്തെ പ്രധാന അവലംബം. കേരളത്തിൽ പിൽക്കാലത്ത് ഫിഖ്ഹ്, മഖ്ദൂം (റ) യുടെ വഴിയായതിനാൽ ഇവരുടെ ഉസ്താദായ ഇബ്നു ഘുക്ത (റ) യുടെ തുഹ്ഫ: നാം കൂടുതലായി അവലംബിക്കുന്നു.

## ഇമാം നവവി (റ), ഇമാം റാഫിഈ (റ) എന്നിവർക്കെതിരായി ഭൂരിപക്ഷത്തിനഭിപ്രായമുണ്ടാവുമോ?.

ഉത്തരം: പ്രത്യക്ഷത്തിൽ ഭൂരിപക്ഷത്തിന്റെ അഭിപ്രായം രണ്ടു പേർക്കുമെതിരാണന്ന് തോന്നാമെങ്കിലും യഥാർഥത്തിൽ അത് ഭൂരിപക്ഷമായിരിക്കില്ല. ഒരുദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. ഇമാം ശാഫിഈ (റ) യുടെ ശിഷ്യരിൽ പെട്ട അബൂഹാമിദ് (റ) ഭൂരിപക്ഷത്തിനെതിരെ ഒരഭിപ്രായം രേഖപ്പെടുത്തുന്നു. അവരുടെ ശിഷ്യ പരമ്പര കാലാന്തരത്തിൽ വർധിക്കുകയും ഇമാം ശാഫിഈ (റ) യുടെ ശിഷ്യരിൽ പെട്ട മറ്റുള്ളവരുടെ ശിഷ്യ പരമ്പര കുറഞ്ഞ് വരികയും ചെയ്താൽ അബൂഹാമിദ് (റ) യുടെ അഭിപ്രായങ്ങൾ ഏറ്റു പറയാൻ ഒരു മഹാഭൂരിപക്ഷമുണ്ടാകും. അതിനു മുമ്പിൽ ഇമാം ശാഫിഈ (റ) യുടെ ശിഷ്യരിൽ പെട്ടവരുടെ അഭിപ്രായം നിഷ്പ്രഭമാകും. ഈ സാഹചര്യത്തിൽ പിൽകാലത്തുള്ളവർ അബൂഹാമിദ് (റ) ന്റെ അഭിപ്രായം ഭൂരിപക്ഷത്തിന്റേതാണന്ന് തെറ്റായി ധരിക്കും. പക്ഷേ, പ്രത്യക്ഷത്തിലുള്ള ഈ ഭൂരിപക്ഷം നിമി ത്തമായി അബൂഹാമിദ് (റ) യുടെ അഭിപ്രായം പ്രബലമാകില്ല. പ്രസ്തുത മസ്അലയിൽ അബൂ ഹാമിദ് (റ) യുടെ അഭിപ്രായം ഏറ്റുപറയുക മാത്രമാണ് ഈ ഭുരിപക്ഷം ചെയ്തിട്ടുള്ളത്. ഈ മസ്അലയിൽ, ഇമാം ശാഫിഈ (റ) യുടെ തന്നെ ശിഷ്യരിൽപെട്ട ഭുരിപക്ഷം തന്നോട് വിയോ ജിക്കുന്നവരാണ്. ആപേക്ഷികമായി ഇവർക്കു ശിഷ്യ പരമ്പര കുറഞ്ഞു പോയതിനാൽ അവരുടെ ശബ്ദം പിൽകാലത്തേക്ക് എത്തിയില്ലന്നു മാത്രം. ഈ വസ്തുതകളെല്ലാം വിലയിരു ത്തിയ ശേഷം, ഇമാം ശാഫിഈ (റ) യുടെ ശിഷ്യരിൽ പെട്ട ഭുരിപക്ഷത്തെയാണ് ഇമാം നവവി (റ), ഇമാം റാഫിഈ (റ) യും പ്രബലമാക്കുക. അതിനാൽ അബൂഹാമിദ് (റ) ന്റെ അഭിപ്രായം ഒറ്റപ്പെട്ടതു മാത്രമാകും.

ഇമാം ഇബ്നു ഹജർ (റ) ഇങ്ങനെ തുടരുന്നു.‘‘ അതു കൊണ്ട് ഇവർ രണ്ടുപേരും പ്രബലമാക്കിയത് സ്വീകരിക്കുകയേ നിർവാഹമുള്ളൂ. സൂക്ഷ്മത, മന:പാഠം, മസ്അലകൾ ഉറപ്പിച്ച് മനസ്സിലാക്കൽ, ആധികാരികത, പൂർണ്ണ ജ്ഞാനം, സമർഥനം തുടങ്ങിയവയിൽ പിൽകാലത്തുള്ളവർ എത്താത്ത സ്ഥാനം ഇവർ കൈവരിച്ചിരിക്കുന്നു. അതിനാൽ ഏറ്റവും സൂക്ഷ്മമും അർഹവുമായത് അവർ രണ്ട് പേരുടേയും വാക്കുകൾ അവലംബിക്കലാവുന്നു. അതിനെ എതിർക്കു ന്നവരെ അവഗണിക്കൽ ഇജ്തിഹാദിന്റെ ഒരു പദവിയിലും എത്തിയിട്ടില്ലാത്ത എല്ലാ ശാഫിഇകളുടെയും ധർമ്മമാണ്’’ (ഫതാവൽ കുബ്റ: 4:324,325).
ഇബ്നു ഹജർ (റ) യുടെ ശറഹുൽ ഉബാബിൽ നിന്ന് ഇമാം കുർദി (റ) ഉദ്ധരിക്കുന്നു. ‘‘ഫത്വ നൽകേണ്ടത് ഇമാം നവവി (റ), ഇമാം റാഫിഈ (റ) യും ഏകോപിച്ച അഭിപ്രായം കൊണ്ടും അതില്ലെങ്കിൽ ഇമാം നവവി (റ) യുടെ അഭിപ്രായം കൊണ്ടുമാണെന്നും ഭൂരിപക്ഷത്തിന്റെ അഭിപ്രായമോ അൽഉമ്മിന്റെ നസ്സ് കൊണ്ടോ അവർ രണ്ടുപേരുടേയും മേൽ ആക്ഷേപമുന്നയിച്ച് ഫത്വ നൽകാൻ പാടില്ലെന്നും പരിണത പ്രക്ജ്ഞരായ പണ്ഡിതന്മാർ ഏകോപിച്ച് പറഞ്ഞിട്ടുണ്ട്. ഇമാം ശാഫിഈ (റ) യുടെയും അനുയായികളുടെയും എല്ലാ കിതാബുകളും പരിശോധിച്ച് വിലയിരുത്തുന്നവർക്ക് ഒരു കാര്യം വ്യക്തമാകും. ഇമാം ശാഫിഈ (റ) യുടെ ഏതെങ്കിലും നസ്സിന് എതിരായി ഏതെങ്കിലും മസ്അല ഇവർ പ്രബലമാക്കിയിട്ടുണ്ടങ്കിൽ ആ നസ്സിനെക്കാൾ പ്രബലമായ മറ്റൊരു നസ്സ് കണ്ടതു കൊണ്ട് മാത്രമായിരിക്കും അതു ചെയ്തിരിക്കുക’’ (അൽ ഫവാഇദുൽ മദനിയ്യ: പേജ് 19,20).

## പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം

ലോകം അനുദിനം പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. നൂതനങ്ങളായ പലതും സംഭവിക്കുന്നു. പുതുതായി പലതും കണ്ടു പിടിക്കപ്പെട്ടു കൊണ്ടിരിക്കുന്നു. അങ്ങനെ പ്രശ്നങ്ങൾ നാൾക്കുനാൾ ഉദിച്ചു കൊണ്ടിരിക്കുന്നു. അതിനൊക്കെ ഇസ്ലാമിക ദൃഷ്ട്യാ പരിഹാരം കാണേണ്ടതുണ്ട്. ഇജ്തിഹാദിന്റെ കവാടം അടക്കപ്പെട്ടു എന്ന് പറയുന്നുവെങ്കിൽ പുതിയ പുതിയ പ്രശ്നങ്ങൾ എന്തു ചെയ്യും? ലോകാവസാനം വരെ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ ഇമാമുകൾ എഴുതി വച്ചിട്ടുണ്ടോ?

ഇജ്തിഹാദ് രണ്ടു വിധമുണ്ട്. ഒന്ന് നിരുപാധികമായ ഗവേഷണം അഥവാ ഇജ്തിഹാദ് മുത്ലഖ്. രണ്ട് സോപാധികമായ ഗവേഷണം അഥവാ ഇജ്തിഹാദ് മുഖയ്യദ്. സകല ഇസ്ലാമിക പ്രശ്നങ്ങളിലും സ്വതന്ത്രമായി ഇജ്തിഹാദ് ചെയ്യുന്നതിനാണ് ഇജ്തിഹാദ് മുത്ലഖ് എന്നു പറയുന്നത്. നാലു

മദ്ഹബിന്റെ ഉടമകൾക്ക് ശേഷം നിരുപാധിക മുജ്തഹിദുകൾ ഉണ്ടായിട്ടില്ല. ഒരു മദ്ഹബിൽ ഊന്നി നിന്നു, ഭാഗികമായി ചില കാര്യങ്ങളിൽ ഗവേഷണം നടത്തുന്നതാണ് ഇജ്തിഹാദ് മുഖയ്യദ്. വിശ്രുത പണ്ഢിതരായ ഇബ്നു ഹജർ (റ), റംലി (റ) എന്നിവർ അവരുടെ ഫത്വകളിൽ പറയുന്നത് കാണുക : ''മദ്ഹബിൽ പ്രാവീണ്യം നേടിയവനു സോപാധികമായ ഗവേഷണത്തിന്റെ സ്ഥാനമുണ്ട്'' (ഫവാഇദുൽ മദനിയ്യ, പേജ് 19).

ഇത്തരം സോപാധിക മുജ്തഹിദുകൾ തങ്ങളുടെ ഗവേഷണങ്ങൾ കൊണ്ട് ഫിഖ്ഹിന്റെ ശാഖോപശാഖകളിൽ വിധികൾ വിശദമായി രേഖപ്പെടുത്തി മദ്ഹബുകളെ സമഗ്ര സമ്പൂർണമാക്കിയിരിക്കുന്നു മദ്ഹബിന്റെ അടിസ്ഥാന തത്വങ്ങളെ ആധാരമാക്കി വിധികൾ ആവിഷ്കരിക്കുന്നതു കൊണ്ട് അവർ പരിഹാരം കാണുന്നു.

ശൈഖ് ഖഫ്ഫാലിന്റെ വാക്കുകൾ ഇവിടെ കുറിക്കുന്നു : ''ഫത്വാ രണ്ടു വിഭാഗമാണ്. ഗവേഷണത്തിന്റെ എല്ലാ ഉപാധികളും സമ്മേളിച്ച വ്യക്തിയുടെ ഫത്വയാണ് ഒന്നാമത്തേത്. ഇത് ഇന്നു ലഭ്യമല്ല. ശാഫിയെപോലെയുള്ള ഏതെങ്കിലും ഒരു ഇമാമിന്റെ മദ്ഹബ് സ്വായത്തമാക്കുകയും അതുവേ വിധം ഗ്രഹിക്കുകയും അദ്ദേഹത്തിന്റെ അടിസ്ഥാന തത്വങ്ങളൊന്നും ഒഴിഞ്ഞ് പോകാത്തവിധം അതിൽ വൈദഗ്ധ്യം നേടുകയും ചെയ്തിട്ടുള്ള പണ്ഢിതന്റെ ഫത്വയാണ് രണ്ടാമത്തേത്. അയാൾ വല്ല സംഭവത്തെ കുറിച്ചും തദടിസ്ഥാനത്തിൽ മറുപടി നൽകുന്നു. ഇല്ലെങ്കിൽ ഇമാമിന്റെ മദ്ഹബിന്മേൽ ഗവേഷണം നടത്തുകയും ഇമാമിന്റെ അടിസ്ഥാന തത്വങ്ങളിന്മേൽ അതിനു പരിഹാരമുണ്ടാക്കുകയും ചെയ്യുന്നു'' (ശവാഹിദുൽ ഹഖ് പേ.5).

സോപാധിക ഗവേഷണത്തിനു കഴിവില്ലാത്തവർക്കും ആനുകാലിക പ്രശ്നങ്ങൾ മദ്ഹബിന്റെ അടിസ്ഥാനത്തിൽ പരിഹരിക്കാവുന്നതാണ്. ആദ്യമായി മദ്ഹബിൽ ഖണ്ഢിതമായി പറഞ്ഞിട്ടുണ്ടോ എന്നു നോക്കണം. ഇല്ലെങ്കിൽ വ്യക്തമായ പ്രസ്താവനയുടെ ആശയത്തിലുൾപ്പെടുമോ എന്നു പരിശോധിക്കുക. അതുമല്ലെങ്കിൽ പൊതുവായ ഒരു നിയമത്തിലുൾപ്പെടുന്നുണ്ടോ എന്നു ശ്രദ്ധിക്കുക. ഇവ്വിധം പരിഹൃതമാകാത്ത ഒരു പ്രശ്നവുമില്ല. ഇമാമുൽ ഹറമൈനി (റ) പറഞ്ഞതുപോലെ, 'മദ്ഹബിൽ വ്യക്തമായി പ്രസ്താവിക്കപ്പെടുകയോ, വ്യക്തപ്രസ്താവത്തിന്റെ ആശയത്തിലുൾപ്പെടുകയോ, ഒരു പൊതു നിയമത്തിൻ കീഴിൽ പ്രവേശിക്കുകയോ ചെയ്യാത്ത ഒരു പ്രശ്നമുണ്ടാവുകയെന്നതു വളരെ വിദൂരമാണ്' (ബന്നാനി – അലാ ജംഉൽ ജവാമിഅ് 2–386).

മുജ്തഹിദിന്റെ അഞ്ച് വിഭാഗങ്ങളിൽ ഒന്നു പോലും നിലവിലില്ലാത്ത ഈ കാലഘട്ടത്തിലുാകുന്ന പുതിയ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ബഹ്സ് മുഖന പണ്ഢി ന്മാർക്ക് സാധിക്കുന്നു.

കർമ്മ ശാസ്ത്രപണ്ഢിന്മാരുടെ സാങ്കേതിക പ്രയോഗമാണ് ബഹ്സ്. ഭാഷാർഥത്തിൽ ചർച്ച. ഇബ്നു ഹജർ (റ) യുടെ നിർവചനം ഇപ്രകാരമാണ്. ''മദ്ഹബിന്റെ ഇമാമുകളിൽ നിന്ന് ഉദ്ധരിക്കപ്പെട്ടതും അസ്ഹാബിന്റെ വ്യാപകാർഥമുള്ള വാക്കുകളിൽ നിന്ന് വ്യക്തമായതുമായ ഒരു വിധി മനസ്സിലാക്കുന്നതിനെക്കുറിച്ചാണ് സാങ്കേതികമായി ബഹ്സ് എന്ന് പ്രയോഗിക്കുന്നത്.''

''ഇമാമിന്റെ അടിസ്ഥാന പ്രമാണങ്ങളുടെയൊ,നസ്സുകളുടെയൊ വ്യാപ്തിയിൽ ഉൾപ്പെടുന്ന ഒരു മസ്അല മനസ്സിലാക്കിയെടുക്കുക'' യെന്നാണ് സയ്യിദ് ഉമറുൽ ബസ്വരിയുടെ നിർവചനം. (ഇമാമിന്റെ നസ്സുകളുടെയും അസ്ഹാബിന്റെ വജ്ഹുകളുടെയും വ്യാപ്തിയിൽ പെട്ടത് കത്തെുക) രണ്ട് നിർവചന പ്രകാരവും ഇത് മദ്ഹബിന്റെ വ്യാപ്തിയിൽ പെടുന്ന താണ്. ബഹ്സ് മുഖേന സ്ഥിരപ്പെടുന്ന മസ്അലകൾക്ക് മുൻകാല ഫുഖഹാഇൽ നിന്നുള്ള വ്യക്തമായ രേഖകൾ കണ്ടെത്തണമെന്നില്ല. രേഖകൾ ഉണ്ടെങ്കിൽ ബഹ്സിന്റെ പ്രശ്നം ഉദിക്കുന്നില്ല. വ്യാപകാർഥമുള്ള രേഖകളിൽ ഇത് കൂടി ഉൾപ്പെടുമ്പോൾ പ്രസ്തുത രേഖകൾ ബഹ്സിന്റെ കൂടി രേഖകളാണ്. ബഹ്സ് കൊണ്ട് സ്ഥിരപ്പെട്ട മസ്അലകൾ മദ്ഹബിൽ ഉൾപ്പെട്ടതാണെന്നും അവ പൂർണ്ണമായും മദ്ഹബിൽ നിന്ന് പുറത്തല്ലെന്നും വ്യക്തമാക്കപ്പെട്ടിട്ടുണ്ട് (തദ്കിറത്തുൽ ഇഖ്വാൻ 31). അപ്പോൾ ഇമാമും അസ്ഹാബും ചെന്നെത്തിയ അഭിപ്രായമെന്ന് ബഹ്സിനെ കുറിച്ചും പറയാവുന്നതാണ്. ഇമാം കുർദി (റ) പറയുന്നു:''ഒരു മസ്അല മുൻകാല ഇമാമുകളുടെ വാക്കുകൾക്കുള്ള വ്യാപ്തിയിൽ ഉൾപ്പെടുന്നു വെങ്കിൽ അത് അവരിൽ നിന്ന് ഉദ്ധരിക്കപ്പെട്ടതാണെന്ന് പറയാം'' (ഫതാവൽ കുർദി 1:106). ഇമാം ഇബ്നു ഹജർ (റ) പറയുന്നു. ''അസ്ഹാബിന്റെ വാക്കുകളുടെ വ്യാപ്തിയിൽ പെട്ടത് അവർ വ്യക്തമായി പറഞ്ഞതിന്റെ സ്ഥാനത്താണ്'' (തുഹ്ഫ 1:40). ബഹ്സ് നടത്തുന്നവർ ചില നിബന്ധനകൾ ഉള്ളവരായിരിക്കണം. ഇമാം നവവി (റ) പറയുന്നു: ''മദ്ഹബ് ഹൃദിസ്ഥമാക്കുക, അവ ഉദ്ധരിക്കുക, സങ്കീർണ്ണവും അല്ലാത്തതുമായ വിഷങ്ങൾ ഗ്രഹിക്കുക തുടങ്ങിയവ ഉള്ളവരാകണം.''

## മുഖല്ലിദുകൾ ഖുർആനും സുന്നത്തും പഠിക്കുന്നതെന്തിന്?

വിശുദ്ധ ഖുർആനിൽ നിന്നും തിരുസുന്നത്തിൽ നിന്നും സ്വതന്ത്രമായി മതവിധികൾ ഗവേഷണം ചെയ്യാനുള്ള അവകാശം ഇമാമുകൾക്കു ശേഷം മറ്റാർക്കുമില്ലെങ്കിൽ, നിങ്ങൾ ഖുർആനും സുന്നത്തും പഠിക്കുന്നതെന്തിന്? അവ രണ്ടും മുജ്തഹിദുകൾക്കുള്ളതല്ലേ? നിങ്ങളെന്തിനു അവ തൊട്ടു കളിക്കണം? മദ്ഹബു വിരോധികൾ മുസ്‌ലിം സഹോദരന്മാരേ വഴിതെറ്റിക്കുവാൻ വേണ്ടി എയ്തു വിടാറുള്ള ഒരു ശരമാണിത്.

മദ്ഹബിന്റെ ഇമാമുകൾക്കു ശേഷം സ്വതന്ത്ര മുജ്തഹിദ് ഉണ്ടായിട്ടില്ല; ഒരു മദ്ഹബിൽ ഊന്നി നിന്നു കൊണ്ട്, ഭാഗികമായി ഗവേഷണം നടത്തുന്ന സോപാധിക മുജ്തഹിദുകൾ ഉണ്ടായിട്ടുണ്ട്. ഇവർക്കു തെളിവു പഠിക്കൽ നിർബന്ധമാണ്. തെളിവുകൾ വിചിന്തനം നടത്തി, മദ്ഹബിൽ വിധി പറയുന്നത് കൊണ്ട് അവർ മദ്ഹബിൽ നിന്നു പുറത്തു പോവുകയില്ല. അല്ലമാ ഇബ്നു ഹജർ (റ) പറയുന്നതു കാണുക: ''അതു മൂലം അവർ ഇമാം ശാഫിയെ അനുസരിക്കുന്നതിൽ നിന്നു പുറത്തു പോവുകയില്ല. മാത്രമല്ല. അവർ അദ്ദേഹത്തോടുള്ള അനുഗമനത്തിൽ തന്നെയാണ്. കാരണം തെളിവു ഗ്രഹിക്കാൻ കഴിവുള്ള തന്റെ മുഖല്ലിദുകളെ തെളിവു ചിന്തിക്കാതെ തന്നെ അനുഗമിക്കുന്നതിൽ നിന്നു ഇമാം അവർകൾ വിലക്കിയിട്ടുണ്ട്'' (ഫവാഇദുൽ മദനിയ്യ കുർദി, പേ.19).

സാധാരണക്കാരനു തെളിവു പഠിക്കൽ നിർബന്ധമില്ല. നിർബന്ധമില്ലെന്നു പറഞ്ഞതു കൊണ്ട് തെളിവു കാണാനോ കേൾക്കാനോ പാടില്ലെന്നർഥമില്ല. ഫിഖ്ഹിന്റെ കാര്യമാണ് ഇത്രയും പ്രതിപാദിപ്പിച്ചത്. ഫിഖ്ഹിൽ മാത്രമാണ് മദ്ഹബ് തഖ്ലീദ് ചെയ്യുന്നത്. എന്നാൽ ഖുർആനിലും സുന്നത്തിലും ഫിഖ്ഹ് നിയമങ്ങൾ മാത്രമല്ല ഉള്ളത്. ''കർമ ശാസ്ത്ര വശങ്ങൾ വ്യക്തമായി സ്പർശിച്ചിട്ടുള്ള ആയത്തുകൾ ഖുർആനിൽ അഞ്ഞൂറെണ്ണം മാത്രമാണ്'' (മുസ്തസ്ഫാ 2-101).

ഖുർആനിലും സുന്നത്തിലും ഫിഖ്ഹിനു പുറമേ മറ്റു നിരവധി കാര്യങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്. വിശ്വാസ കാര്യങ്ങൾ, മനഃ സംസ്കരണോപദേശങ്ങൾ, ഗുണപാഠം നൽകുന്ന കഥകൾ, പൂർവ്വ സമുദായങ്ങളുടെ ചരിത്രങ്ങൾ, പ്രപഞ്ചോൽപത്തി, ലോകാവസാനം, അതിന്റെ ലക്ഷണങ്ങൾ, സ്വർഗ - നരക വിവരണങ്ങൾ, പ്രതിഫല വാഗ്ദാനങ്ങൾ, ശിക്ഷാ താക്കീതുകൾ, മലക്, ജിന്ന് എന്നീ അദൃശ്യ പ്രപഞ്ചം, പ്രകൃതിയിലെ അത്ഭുത പ്രതിഭാസങ്ങൾ, ഉപമകൾ, ഉദാഹരണങ്ങൾ, ഉപദേശങ്ങൾ, പ്രവാചകന്മാരുടെ പ്രബോധന ചരിത്രങ്ങൾ. ഇങ്ങനെ ഐഹികവും പാരത്രികവുമായ എത്രയെത്ര കാര്യങ്ങളാണ് അവയിലുള്ളത്. ഇവയെല്ലാം മനസ്സിലാക്കുന്നതിനു കൂടി വേണ്ടിയാണ് ഖുർആനും സുന്നത്തും പഠിക്കുന്നത്.

## ശാഖാപരമായി അഭിപ്രായ വ്യത്യാസമുണ്ടാകാം

ഖന്തഖ് യുദ്ധം വിജയകരമായി പര്യവസാനിച്ചു. മുസ്‌ലിംകൾ സ്വഭവനങ്ങളിലേക്കു തിരിച്ചു. ളുഹ്റ് നിസ്കാരത്തിനു സമയമായി. നബി (സ്വ) നിസ്കാരം നിർവഹിച്ചു. പിന്നീട് അവിടുന്ന്, കുളിച്ചു കൊണ്ടിരിക്കെ ജിബ്രീൽ (അ) ആഗതനാവുന്നു. ശത്രു സഞ്ചയങ്ങൾ ഒന്നു ചേർന്നു, മുസ്‌ലിംകളെ ആക്രമിക്കാൻ വന്നു, മദീനയെ ഉപരോധിച്ചപ്പോൾ, കരാറു ലംഘിച്ചു ശത്രു പക്ഷത്തു ചേർന്ന ബനൂ ഖുറൈളാ ജൂതഗോത്രത്തോടു യുദ്ധം ചെയ്യുവാൻ ഇറങ്ങിത്തിരിക്കണമെന്ന കൽപനയുമായാണ് ജിബ്രീൽ (അ) വന്നത്.

ബനുഖുറൈളയിലേക്കു ഉടനെ പുറപ്പെടാൻ നബി (സ്വ) ആഹ്വാനം ചെയ്തു. അവിയെത്തുന്നതുവരെ ആരും അസ്റ് നിസ്കരിക്കരുതെന്നു അവിടുന്ന് ആജ്ഞാപിക്കുകയും ചെയ്തു. സ്വഹാബത്ത് തദനുസാരം പുറപ്പെട്ടു. ഒരു സംഘം ചില അത്യാവശ്യ കാര്യങ്ങളിലേർപ്പെട്ടു. അവർക്ക് കൃത്യ സമയത്തു യാത്ര ചെയ്യാൻ സാധിച്ചില്ല. അങ്ങനെ ചെയ്തിരുന്നുവെങ്കിൽ അസ്റിനു തന്നെ ബനുഖുറൈളയിൽ എത്താമായിരുന്നു. വഴിമധ്യേ നിസ്കാര സമയമായപ്പോൾ ബനൂഖുറൈളയിൽ വച്ചേ അസ്റ് നിസ്കരിക്കാവൂ എന്ന ആജ്ഞയുടെ ബാഹ്യവശം പിടിച്ചു ഒരു വിഭാഗം അസ്റ് പിന്തിച്ചു യാത്ര തുടർന്നു. മറ്റൊരു വിഭാഗം പറഞ്ഞു; വേഗത്തിൽ യാത്രചെയ്യണമെന്നല്ലാതെ നിസ്കാരം പിന്തിക്കണമെന്നു നബി (സ്വ) ഉദ്ദേശിച്ചിട്ടില്ല. അതു കൊണ്ട് ഞങ്ങൾ നിസ്കരിക്കുകയാണ്.'' അവർ അവിടെ വെച്ചു നിസ്കരിച്ചു. അനന്തരം യാത്ര തുടർന്നു. അല്ലാഹുവോ റസൂലോ ഇതിന്റെ പേരിൽ അവരെ കുറ്റപ്പെടുത്തിയില്ല. കാരണം ഇരു വിഭാഗവും സാധ്യമായ വ്യാഖ്യാനം നൽകുകയാണ് ചെയ്തത് (ഹലബി 2 -660 നോക്കുക). ഇമാം ബുഖാരി

പ്രസ്തുത സംഭവം ഇപ്രകാരം ഉദ്ധരിക്കുന്നു.

''നബി (സ്വ) അഹ്സാബു യുദ്ധ ദിവസം ഒരാളും ബനൂഖുറൈളയിൽ വച്ചല്ലാതെ അസ്റ് നിസ്കരിക്കരുതെന്നു പറഞ്ഞു. ചിലർക്കു വഴിമദ്ധ്യേ അസ്റിനു സമയമായി. അപ്പോൾ അവരിൽ ചിലർ പറഞ്ഞു ; ഞങ്ങൾ അവിടെ എത്തുന്നതുവരെ നിസ്കരിക്കില്ല. മറ്റു ചിലർ പറഞ്ഞു; ഞങ്ങൾ നിസ്കരിക്കുന്നു. തിരുമേനി നമ്മിൽ നിന്നും അതു ഉദ്ദേശിച്ചിട്ടില്ല. ഈ സംഭവം നബി (സ്വ) യുടെ മുന്നിലെത്തി. തദവസരം അവരിലൊരാളെയും അവിടുന്ന് ആക്ഷേപിച്ചില്ല'' (ബുഖാരി 2-591).

ഇജ്തിഹാദിന്നർഹതയുള്ളവൻ അതു നടത്തുന്നതിനും തദ്ഫലമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകുന്നതിനും വിരോധമില്ലെന്നു ഈ സംഭവം വ്യക്തമാക്കുന്നു. ഇതു പോലുള്ള പല സംഭവങ്ങളും സ്വഹാബിമാർക്കിടയിൽ നബി (സ്വ) യുടെ കാലശേഷവും ഉണ്ടായിട്ടുണ്ട്. അപ്പോൾ നാലു മദ്ഹബിൽ ഒരു കാര്യം നാലുവിധം വന്നാൽ, നാലും ശരിയാവുന്നതെങ്ങനെ? എന്ന ചോദ്യം അപ്രസക്തമാണ്. അതു ശാഖാപരമായ കാര്യങ്ങളിൽ അല്ലാഹു അനുവദിച്ചിട്ടുള്ള വൈവിധ്യമാണ്. ഇസ്ലാമിന്റെ മൗലിക സിദ്ധാന്തങ്ങളിലോ ഫിഖ്ഹിന്റെ അടിസ്ഥാന പ്രശ്നങ്ങളിലോ മദ്ഹബുകൾ തമ്മിൽ യാതൊരു അന്തരവുമില്ല.

## പിഴച്ചാലും പ്രതിഫലമുണ്ട്

ശസ്ത്രക്രിയാ വിദഗ്ധനായ ഒരു ഡോക്ടർ സർജിക്കൽ ഓപ്പറേഷൻ നടത്തി. അവിചാരിതമായി ഒരബദ്ധം പിണഞ്ഞു. രോഗി മരിക്കാനിടവന്നു. ഡോക്ടർ കുറ്റക്കാരനാണെന്നു ആരും വിധിക്കുകയില്ല. ഈ കൈപ്പിഴക്ക് അദ്ദേഹം ശിക്ഷിക്കപ്പെടുകയുമില്ല. ഡോക്ടർ തദ്വിഷയകമായി ബിരുദം നേടിയിട്ടില്ലെങ്കിലോ? അനധികൃതമായി നടത്തിയ ശസ്ത്രക്രിയ, ഭാഗ്യത്തിന് വിജയത്തിൽ കലാശിച്ചാലും അയാൾ ശിക്ഷിക്കപ്പെടും. ഇതു തന്നെയാണ് ഇജ്തിഹാദിന്റെ നില. നബി (സ്വ) പറയുന്നു : ''ഒരു വിധികർത്താവ് വിധി പറയാനുദ്ദേശിക്കുകയും അങ്ങനെ ഇജ്തിഹാദു ചെയ്തു, സത്യത്തിലെത്തിച്ചേരുകയും ചെയ്താൽ അവനു രണ്ടു കൂലിയുണ്ട്.അവൻ വിധിക്കാനുദ്യമിക്കുകയും അങ്ങനെ ഇജ്തിഹാദു ചെയ്ത് അബദ്ധം പിണയുകയും ചെയ്താൽ അവനു കൂലിയുണ്ട്'' (ബുഖാരി, മുസ്ലിം).

ഈ ഹദീസിന്റെ വ്യാഖ്യാനത്തിൽ ഇമാം നവവി (റ) രേഖപ്പെടുത്തിയതു കാണുക: ''പണ്ഢിതന്മാർ പറഞ്ഞു : ഈ ഹദീസ് വിധി കണ്ടെത്തുന്നതിനർഹനും പണ്ഢിതനുമായ വിധികർത്താവിനെ കുറിച്ചാണെന്നതിൽ മുസ്ലിംകൾ ഏകോപിച്ചിരിക്കുന്നു. അവനു സത്യം കത്തെിയാൽ രണ്ടു പ്രതിഫലമുണ്ട്; ഒന്ന് അവന്റെ ഇജ്തിഹാദിന്; മറ്റൊന്ന് സത്യം കണ്ടെത്തിയതിനും. എന്നാൽ വിധിക്കർഹനല്ലാത്തവനാണെങ്കിലോ? അവൻ ഇജ്തിഹാദു ചെയ്തു വിധി പറയാൻ പാടില്ല. ഇനി, അവൻ വിധിച്ചാലോ? പ്രതിഫലമില്ലെന്നു മാത്രമല്ല, അവൻ കുറ്റക്കാരൻ കൂടിയാകുന്നു. സത്യവുമായി ഒത്തുവന്നാലും ഇല്ലെങ്കിലും അവന്റെ വിധി പ്രായോഗികമല്ല. കാരണം അവന്റെ സത്യം കണ്ടെത്തൽ യാദൃശ്ചികം മാത്രമാണ്. അതു മതപരമായ ഒരടിസ്ഥാനത്തിൽ നിന്നു ആവിർഭവിക്കുന്നതല്ല. ആകയാൽ, വാസ്തവത്തോടു ഒത്താലും ഇല്ലെങ്കിലും, എല്ലാ വിധികളിലും അവൻ കുറ്റക്കാരനാണ്. ആ വിധികളഖിലം തള്ളപ്പെടേണ്ടതാണ്. അവയൊന്നിലും അവനു മാപ്പു നൽകാവതല്ല' (ശർഹു മുസ്ലിം 2-76).

ഇതു കൊണ്ടാണ് വിശ്വവിശ്രുതരായ മഹാ പണ്ഢിതന്മാർ പോലും ഇജ്തിഹാദ് എന്ന സാഹത്തിനൊരുങ്ങാതെ അർഹരെന്നു ലോകം അംഗീകരിച്ച നാലു ഇമാമുകളുടെ മദ്ഹബുകളിൽ ഒന്നിനെ അനുധാവനം ചെയ്തിട്ടുള്ളത്. ഇമാമുകൾക്ക് തങ്ങളുടെ ഗവേഷണങ്ങളിൽ തെറ്റ് പിണഞ്ഞു കൂടെ? പിണയാം. സംഭവ്യമാണ്. പക്ഷേ, അവർക്കോ അവരെ തഖ്ലീദു ചെയ്യുന്നവർക്കോ ഈ സംഭവ്യത കൊണ്ട യാതൊരു ദോഷവുമില്ല. യോഗ്യന്മാരുടെ ഗവേഷണ ഫലം തെറ്റായിരുന്നാൽ പോലും അംഗീകൃതവും അനുകരണീയവുമാണെന്ന് മുകളിലുദ്ധരിച്ച ഹദീസ് വ്യക്തമാകുന്നുണ്ട്.

## മദ്ഹബ് വിരോധികളുടെ പുതിയ കുതന്ത്രം

'ഇജ്തിഹാദിനു കഴിവുള്ളവർ ഇജ്തിഹാദു ചെയ്യണം. കഴിവില്ലാത്തവർ' ഇസ്തിഫ്താഅ്' ചെയ്യണം. തെളിവു സഹിതം ഫത്വാ തേടുന്നതിനാണ് ഇസ്തിഫ്താഅ് എന്നു പറയുന്നത്. ഫത്വാ സ്വീകരിക്കുന്നത് തഖ്ലീദല്ല. അപ്പോൾ മുജ്തഹിദാണെങ്കിൽ, മുഖല്ലിദ് ആകണമെന്നില്ല. അതു പാടില്ല താനും.ഇസ്തിഫ്താ ചെയ്യുക അഥവാ തെളിവു സഹിതം ഫത്വാ തേടുക മാത്രമാണ് ചെയ്യേണ്ടത്.''

രണ്ടു ഉൽപതിഷ്ണു പണ്ഢിതന്മാർ ഒന്നിച്ചെഴുതിയ 'തഖ്ലീദ് ഒരു പഠനം' എന്ന പുസ്തകത്തിൽ

ഇവ്വിഷയകമായി നടത്തിയ സുദീർഘമായ ചർച്ചയുടെ രത്നച്ചുരുക്കമാണ് മുകളിൽ കൊടുത്തത്.

ഇജ്തിഹാദിനു കഴിവില്ലാത്തവർ ഒരു മുജ്തഹിദിനെ അനുഗമിക്കൽ നിർബന്ധമാണെന്നതു ഇജ്മാഅ് കൊണ്ടു സ്ഥാപിതമായ കാര്യമാണ്. ഇതിനു ഇത്തിബാഅ് (പിൻപറ്റൽ) ഇസ്തിഫ്താഅ് (ഫത്വാ തേടൽ) തഖ്ലീദ് (അനുകരിക്കൽ) എന്നീ മൂന്ന് പദങ്ങളും ഉപയോഗിക്കാറുണ്ട്. നിദാന ശാസ്ത്രത്തിൽ ആധികാരിക പണ്ഢിതനായ ഇമാം ഗസ്സാലി (450-505) യുടെ വാക്യങ്ങൾ തെളിവായി ഉദ്ധരിക്കാം. 'സാധാരണക്കാരനു ഫത്വാ ചോദിക്കലും പണ്ഢിതന്മാരെ പിൻപറ്റലും നിർബന്ധമാകും' (മുസ്തസ്ഫാ 2-124). സാധാരണക്കാരൻ, അറിവും സ്വീകാര്യതയുമുണ്ടെന്ന് ബോധ്യപ്പെട്ടവരോടല്ലാതെ ഫത്വാ തേടരുത്'' (മുസ്തസ്ഫാ 2-125).

''സാധാരണക്കാരനു മുഫ്തിയെ പിൻപറ്റൽ നിർബന്ധമാണ്. കാരണം സാധാരണക്കാർക്കു അയാളെ പിൻപറ്റൽ നിർബന്ധമാണെന്ന് പണ്ഢിതന്മാരുടെ ഏകകണ്ഠമായ അഭിപ്രായം (ഇജ്മാഅ്) വ്യക്തമാക്കുന്നു'' (മുസ്തസ്ഫാ 2-123).

എന്നാൽ സാധാരണക്കാരനു ഇജ്തിഹാദിന്നാസ്പദമായ അറിവു നേടുവാനും മതവിധിയെക്കുറിച്ചു സ്വയം ഒരു ധാരണയിലെത്തിച്ചേരുവാനും സാധിക്കാത്തത് കൊണ്ട്, മറ്റുള്ളവരെ തഖ്ലീദ് ചെയ്യൽ അനുവദിക്കപ്പെട്ടിരിക്കുന്നു. (മസ്തസ്ഫാ 2-122).

ഇജ്തിഹാദിനു കഴിവുള്ള പണ്ഢിതനും മറ്റൊരാളെ തഖ്ലീദ് ചെയ്യൽ അനുവദനീയമാണെന്നു പറഞ്ഞിട്ടുള്ളവരുടെ കൂട്ടത്തിൽ, അഹ്മദു ബിൻ ഹമ്പൽ, ഇസ്ഹാഖു ബിൻ റാഹവൈഹി, സുഫ്യാനുസ്സൗരി എന്നിവരും പെടുന്നു' (മുസ്തസ്ഫാ 2-121).

പണ്ഢിതന്മാരെ അനുഗമിക്കുന്നതിനു ഇത്തിബാഅ്,ഇസ്തിഫ്താഅ് ഫത്വാ തേടൽ എന്നീ പദങ്ങൾ ഉപയോഗിക്കുന്നതു പോലെ തന്നെ തഖ്ലീദ് അനുകരണം എന്നും ഉപയോഗിക്കാമെന്ന് ഇമാം ഗസ്സാലിയുടെ ഉദ്ധൃത വരികൾ തന്നെ സ്പഷ്ടമാക്കുന്നു. എന്നിരിക്കെ, സാധാരണക്കാരൻ ഫത്വാ സ്വീകരിക്കൽ തഖ്ലീദ് അല്ലെന്നു, എങ്ങനെ അദ്ദേഹം രേഖപ്പെടുത്തി? ഇതാണ് അടുത്തായി ചിന്തിക്കാനുള്ളത്.

തഖ്ലീദിനു രണ്ടു പ്രയോഗമുണ്ട്

തെളിവില്ലാതെ അഭിപ്രായം സ്വീകരിക്കുക - ഇതാണല്ലോ തഖ്ലീദ്. എന്നാൽ ഇനിതു രണ്ടു വ്യാഖ്യാനമുണ്ട്. ഒന്ന്, സ്വീകാര്യനായ ഒരു പണ്ഢിതൻ പറഞ്ഞ വിധി, ആ വിധിയുടെ തെളിവെന്തെന്നു മനസ്സിലാക്കാതെ, സ്വീകരിക്കുക. ഈ തഖ്ലീദാണ് അനുവദനീയമെന്ന് ഇമാം ഗസ്സാലിയും മറ്റു പണ്ഢിതന്മാരും പറഞ്ഞിട്ടുള്ളത്. സാധാരണക്കാരന്റെ 'ഇസ്തിഫ്താഅ്' ഈ അർഥത്തിലുള്ള തഖ്ലീദാണ്; തെളിവോടു കൂടി ഫത്വാ സ്വീകരിക്കലല്ല. ഇതിന്റെ വിശദാംശം അന്യതവരുന്നുണ്ട് .

ഒരാളെ അംഗീകരിക്കണമെന്നതിനു യാതൊരു തെളിവുമില്ലാതെ അയാളുടെ അഭിപ്രായം സ്വീകരിക്കുക, ഇതാണ് രണ്ടാമത്തെ വ്യാഖ്യാനം. ഈ തഖ്ലീദ് അന്ധമായ അനുകരണമാണ്. അതു കൊണ്ടു തന്നെ അതു കുറ്റകരവും അധിക്ഷേപാർഹവുമാണ്. പണ്ഢിതന്മാരെ അനുകരിക്കൽ ഈ അർഥത്തിലുള്ള തഖ്ലീദല്ല. കാരണം അവരെ അനുകരിക്കണമെന്നതിനു മതിയായ തെളിവുണ്ട്. ഇമാം ഗസ്സാലി (റ) തന്നെ പറയട്ടെ :

''സാധാരണക്കാരനു മുഫ്തിയെ അനുഗമിക്കൽ നിർബന്ധമാണ്. കാരണം അതിന് 'ഇജ്മാഅ്' തെളിവാണ്; മുഫ്തി പറഞ്ഞതു വ്യാജമാകട്ടെ, സത്യമാകട്ടെ, അബദ്ധമാകട്ടെ, സുബദ്ധമാകട്ടെ. മുഫ്തിയുടെയും സാക്ഷിയുടെയും വാക്കു സ്വീകരിക്കൽ, അപ്പോൾ, ഇജ്മാഅ് എന്ന തെളിവു കൊണ്ട് നിർബന്ധമായിക്കഴിഞ്ഞു. അതു കൊണ്ട് അത് തെളിവോടു കൂടി ഒരു വാക്ക് സ്വീകരിക്കലാണ്. ആകയാൽ അത് തഖ്ലീദല്ല. ഈ തഖ്ലീദു കൊണ്ട് നാം വിവക്ഷിക്കുന്നത് ഒരാളെ അംഗീകരിക്കണമെന്നതിനു യാതൊരു തെളിവുമില്ലാതെ അയാളുടെ ഒരഭിപ്രായം സ്വീകരിക്കുകയെന്നതാണ്'' (മുസ്തസ്ഫാ 2-123).

## » ഇസ്തിഫ്താഉം തഖ്ലീദും

ഇജ്തിഹാദിനു കഴിവുള്ളവനാണ് മുജ്തഹിദ്. തഖ്ലീദ് ചെയ്യുന്നവൻ മുഖല്ലിദും. ഫത്വാ ചോദിക്കപ്പെടുന്നവനു മുഫ്തി എന്നും പറയുന്നു. ഇസ്തിഫ്താഅ് അഥവാ ഫത്വാ തേടൽ രണ്ടു പേരിൽ നിന്നുമുണ്ടാകും. മുജ്തഹിദിൽ നിന്നുണ്ടാകുമ്പോൾ തെളിവു സഹിതം ഫത്വാ ചോദിക്കലാണ്; മുഖല്ലിദിൽ നിന്നുണ്ടാകുമ്പോൾ തെളിവുകൂടാതെയും. മുജ്തഹിദിനു തെളിവു മനസ്സിലായില്ലെങ്കിൽ ഫത്വാ സ്വീകരിക്കൽ ഹറാമും സാധാരണക്കാരനു തെളിവു

മനസ്സിലായില്ലെങ്കിലും അതു സ്വീകരിക്കൽ നിർബന്ധവുമാണ്.
മുഖല്ലിദ് തെളിവു ചോദിക്കാൻ പാടില്ലെന്നോ മുജ്തഹിദ് അവനോടു തെളിവു പറയാൻ പാടില്ലെന്നോ ഇതിനർഥമില്ല. തെളിവു പറഞ്ഞാലും പറഞ്ഞില്ലെങ്കിലും തെളിവു വേണ്ട വിധം ഗ്രഹിക്കാതെ, വിധി സ്വീകരിച്ചാൽ അതു തഖ്ലീദു തന്നെ. നിദാന ശാസ്ത്ര പണ്ഢിതനായ സുബ് കിയുടെ നിർവ്വചനം കാണുക: ''മത പണ്ഢിതന്റെ വാക്ക് അതിന്റെ തെളിവു മനസ്സിലാവാതെ സ്വീകരിക്കുന്നതാണ് തഖ്ലീദ്'' (ജംഉൽജവാമിഅ് 2-253).
തെളിവു മനസ്സിലാക്കുന്നുവെങ്കിലോ? അതു തഖ്ലീദല്ല; ഇജ്തിഹാദു തന്നെയാണ്. ഇമാം മഹല്ലി പറയുന്നു :''മറ്റൊരു പണ്ഢിതന്റെ വാക്ക്,അതിന്റെ തെളിവു വേണ്ടവിധം മനസ്സിലാക്കി സ്വീകരിക്കൽ അയാളുടെ ഇജ്തിഹാദോടൊത്തുവന്ന മറ്റൊരു ഇജ്തിഹാദാകുന്നു (ശർഹു ജംഉൽജവാമിഅ് 2- 251). ചുരുക്കത്തിൽ ഫത്വാ സ്വീകരിക്കുമ്പോൾ തെളിവു വേ വിധം ഗ്രഹിച്ചാൽ ഇജ്തിഹാദും ഇല്ലെങ്കിൽ തഖ്ലീദുമാണ്. മുജ്തഹിദും മുഖല്ലിദുമല്ലാത്ത ഒരു മുഫ്തി ഇല്ലതന്നെ. ഉണ്ടെന്ന് തഖ്ലീദു വിരോധികൾ എഴുതിവിട്ടതു മിതമായി പറഞ്ഞാൽ വ്യാജമാണ്.

### » മുജ്തഹിദിനേ തെളിവു ഗ്രഹിക്കാൻ കഴിയൂ

ഒരു വൈദ്യശാസ്ത്ര പണ്ഢിതൻ രോഗികളെ പരിശോധിച്ചു രോഗ നിർണ്ണയം നടത്തി, ഔഷധങ്ങൾ നിർദ്ദേശിക്കുന്നു. ഇതു കണ്ടു ഒരു സാധാരണക്കാരൻ അല്ലെങ്കിൽ മറ്റു പല വിഷയങ്ങളിലും വൈദഗ്ധ്യമുണ്ടെങ്കിലും വൈദ്യശാസ്ത്രത്തിൽ വേണ്ടത്ര വിവരമില്ലാത്ത ഒരു വ്യക്തി രോഗം നിർണയിക്കാനും ഔഷധ നിർദ്ദേശം നൽകാനും തുടങ്ങിയാൽ ഫലം എന്തായിരിക്കും? മറുപടി ഊഹിക്കാവുന്നതേയുള്ളൂ. ഇതു തന്നെയാണ് ഇജ്തിഹാദിന്റെയും നില. ഗവേഷണ പടുവായ ഒരു മഹാപണ്ഢിതൻ ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ ആധാരമാക്കി തന്റെ മുമ്പിൽ വരുന്ന പ്രശ്നങ്ങൾക്കു സ്വയം മതവിധികൾ ആവിഷ്കരിക്കുന്നു. ഇതു കണ്ടു മറ്റുള്ളവരും ഗവേഷണത്തിനൊരുങ്ങിയാൽ അപകടങ്ങൾ സംഭവിക്കും.

വൈദ്യശാസ്ത്രമറിയാത്തൻ അറിയുന്നവനെ സമീപിക്കുകയാണ് വേണ്ടത്. ബുദ്ധിയുള്ളവർ ഇക്കാര്യത്തിൽ പ്രതികൂലമായി പ്രതികരിക്കാനിടയില്ല. എന്നാൽ ഡോക്ടർ രോഗം കണ്ടുപിടിച്ചു ഔഷധം നിർണയിച്ചു കൊടുക്കുമ്പോൾ തെളിവു പറയാറുണ്ടോ? പറഞ്ഞാൽ പ്രയോജനമുണ്ടോ? ഇല്ല; അതാണു ശരി. രോഗം നിങ്ങൾ പറഞ്ഞതു തന്നെയാണെന്നതിനു എന്താണ് തെളിവ്? ഈ ഔഷധം അതിന്റെ ശമനത്തിനുതകുമെന്നതിനെന്തു ലക്ഷ്യം? ഇതിൽ എന്തൊക്കെ ചേരുവകൾ ചേർത്തിട്ടുണ്ട്? അവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? ശാസ്ത്ര വിശാരദന്മാർക്ക് ഇക്കാര്യത്തിൽ എന്തൊക്കെ അഭിപ്രായങ്ങളുണ്ട്? എന്നിങ്ങനെ സാധാരണക്കാരൻ ചോദിച്ചാൽ ബുദ്ധിയുള്ള വല്ല ഡോക്ടറും അതിനു മറുപടി പറയാനൊരുങ്ങുമോ? ഒരുങ്ങിയാൽ തന്നെ രോഗിക്കതു മനസ്സിലാകുമോ? മനസ്സിലായില്ലെങ്കിൽ ചികിത്സ നടത്തേണ്ടതില്ലെന്നു ലോകത്താർക്കെങ്കിലും അഭിപ്രായമുണ്ടോ? ഇല്ല എന്നല്ലാതെ മറുപടിയില്ല.

സാധാരണക്കാരൻ മതവിധി തേടുന്നതിന്റെ നില ഇതിൽ നിന്നു ഭിന്നമല്ല. മുജ്തഹിദ് പ്രശ്നത്തിനു പരിഹാരം നിർദ്ദേശിക്കുമ്പോൾ തെളിവു പറയണമെന്നില്ല. പറഞ്ഞാൽ, പഠിക്കാത്തവർക്ക് മനസ്സിലാവുകയുമില്ല. തെളിവു മനസ്സിലായില്ലെങ്കിൽ അതു സ്വീകരിക്കേണ്ടതില്ലെന്നു നൂതന വാദികൾക്കല്ലാതെ മറ്റാർക്കും അഭിപ്രായമില്ല.
ഇമാം മഹല്ലി പറയുന്നു; ''തെളിവു ഗ്രഹിക്കാൻ മുജ്തഹിദിനു മാത്രമേ കഴിയൂ. കാരണം, അതു ലക്ഷ്യം, എതിർ ലക്ഷ്യത്തിൽ നിന്നു സംരക്ഷിതമാണെന്നറിയുന്നതിനെ ആശ്രയിച്ചിരിക്കുന്നു. അതാകട്ടെ സകല ലക്ഷ്യങ്ങളെയും സൂക്ഷ്മ പരിശോധന നടത്തുന്നതിനെ ആസ്പദിച്ചുമിരിക്കുന്നു. അതു മുജ്തഹിദിനേ സാധിക്കൂ (ശർഹു ജംഉൽ ജവാമിഅ് 2-393).

## ഇമാം ശാഫിഈ (റ) യുടെ വസ്വിയ്യത്ത്

''ഹദീസ് സ്വഹീഹായി വന്നാൽ അതാണെന്റെ മദ്ഹബ്. എന്റെ അഭിപ്രായം നീ ഉപേക്ഷിക്കുക''. ഇമാം ശാഫിഈ (റ) യുടെ ശത്രുക്കൾ എക്കാലത്തും ദുർവ്യാഖ്യാനം ചെയ്തിട്ടുള്ള ഒരു വാചകമാണിത്. പ്രസക്തമായൊരു പരാമർശം വളരെ മോശയമായ വിശദീകരണത്തിലൂടെ തരം താഴ്ത്താനാണ് വിമർശകർ ശ്രമിക്കുന്നത്. നബിയുടെ ഹദീസുകൾ മൊത്തം പത്ത് ലക്ഷത്തിൽ പരമാണെന്നാണ് പണ്ഢിത മതം. ഇവ മിക്കതും മനഃപാഠമുള്ള ലോക പണ്ഢിതനായിരുന്നു ഇമാം ശാഫിഈ (റ). ക്രോഡീകൃതമായ രൂപത്തിൽ ഇന്ന് ലഭ്യമാകുന്ന മൊത്തം ഹദീസുകൾ ഒരു ലക്ഷത്തിൽ താഴെ മാത്രമാണ്. ഇമാം ശാഫിഈ (റ) യുടെ വസ്വിയ്യത്തിനെ കുറിച്ച് പരിശോധിക്കാം. പണ്ഢിത ലോകത്ത് ഇത് സമഗ്രമായി ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. പ്രബലമായ തെളിവുകളുടെ

പിൻബലത്തോടെയാണ് എല്ലാ അഭിപ്രായങ്ങളുമെന്നാണ് പ്രമുഖരായ മിക്ക പണ്ഢിതരും അഭിപ്രായപ്പെടുന്നത്. ഇമാം ശാഫി ഈ (റ) പറഞ്ഞതിനെതിരിൽ ഒരു ഹദീസ് സ്ഥിരപ്പെടുന്ന പ്രശ്നമില്ലന്നവർ ആണയിടുന്നു. ഏതെങ്കിലും ഒരു ഹദീസ് അപ്രകാരം സ്ഥിരപ്പട്ടതായി ആരെങ്കിലും വാദിക്കുന്നുവെങ്കിൽ അവർ ഉദ്ധരിക്കുന്ന ഹദീസ് ഇമാം ശാഫിഈ (റ) കാണാതിരിക്കാൻ നിർവ്വാഹമില്ല. പ്രസ്തുത ഹദീസ് സ്വീകരിക്കുന്നതിന് തടസ്സമാകുന്ന മറ്റു വല്ല കാരണവുമുണ്ടായതിനാ ലാണ് ഇമാം ശാഫിഈ (റ) അത് ഉപേക്ഷിക്കുന്നത്. എന്നാലും സൂക്ഷ്മതയാണ് പ്രധാനം. ഇമാം നവവി (റ) പറയുന്നു. ''ഹദീസ് സ്വീകാര്യമായി വന്നാൽ അത് സ്വീകരിക്കുക എന്ന വാക്കിലൂടെ തന്റെ അങ്ങേയറ്റത്തെ സൂക്ഷ്മതയും വിനയവുമാണ് ഇമാം ശാഫിഈ (റ) പ്രകടിപ്പിക്കുന്നത്'' (ശറഹുൽ മുഹദ്ദബ് 1:10). ചുരുക്കത്തിൽ, ഇമാം ശാഫിഈ (റ) പറഞ്ഞ തിനെതിരിൽ ഹദീസുകൾ കണ്ടെടുക അത്ര എളുപ്പമല്ല. കണ്ടെത്തിയതായി പറയപ്പെടുന്ന ഹദീസുകൾ ശാഫിഈ ഇമാമിനു കിട്ടിയിട്ടില്ലെന്ന് ഖണ്ഢിതമായി പറയാൻ നിർവാഹവുമില്ല. കാരണം അവ ഉപേക്ഷിക്കാൻ ശാഫിഈ ഇമാമിനു വ്യക്തമായ കാരണങ്ങളുണ്ടായിരിക്കാം. ഉദ്ധൃത വസ്വിയ്യത്ത് ശാഫിഈ ഇമാമിന്റെ സൂക്ഷ്മതയും വിനയവും സൂചിപ്പി ക്കുക മാത്രമാണ് ചെയ്യുന്നത്.

ശാഫിഈ ഇമാമിന്റെ വസ്വിയ്യത്തിനെ കുറിച്ച് മറ്റൊരു വിശദീകരണവും ചിലർ പറഞ്ഞിട്ടുണ്ട് ''ചില മസ്അലകളിൽ ശാഫിഈ ഇമാമിന്റെ വാക്കുകൾക്കെതിരായി കൂടുതൽ പ്രബലമായ ഹദീസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടത് കാരണം താരതമ്യേന പ്രബലമായ ഹദീസിനെതിരിലാണ് ശാഫിഈ ഇമാമിന്റെ അഭിപ്രായമെന്നതിനാൽ പ്രസ്തുത മസ്അല ഒഴിവാക്കി ഹദീസിനനുസൃതമായി അവർ മസ്അല സ്വീകരിച്ചിരിക്കുന്നു'' (ശറഹുൽ മുഹദ്ദബ് 1:11).

രണ്ടാം വിഭാഗത്തിന്റെ അഭിപ്രായപ്രകാരം തന്നെ എല്ലാവർക്കും യഥേഷ്ടം എടുത്തുപയോഗിക്കാൻ പറ്റുന്ന ഒരായുധമല്ല. നിശ്പ്രയാസം നടപ്പാക്കാവുന്നതുമല്ല. പത്ത്ലക്ഷത്തോളം ഹദീസ് മനഃപാഠമുള്ള ഇമാം ശാഫിഈ (റ) ഒരു ഹദീസ് കണ്ടില്ലെന്ന് പറയുന്നവന് ചില യോഗ്യതകളുണ്ടായിരിക്കണം. ഇമാം നവവി (റ) പറയുന്നു: ''ഇമാം ശാഫിഈ (റ) യുടെ ഉപര്യുക്ത വാക്കിന്റെ താൽപര്യം, അവിടത്തെ മദ്ഹബിനെതിരായി സ്വഹീഹായ ഹദീസ് കണ്ടെത്തിയ ഏതൊരാൾക്കും ഹദീസിൽ പറഞ്ഞത് തന്നെയാണ് ശാഫിഈ (റ) യുടെ മദ്ഹബെന്ന് വെച്ച് ഹദീസിന്റ ബാഹ്യമനുസരിച്ച് പ്രവർത്തിക്കാമെന്നല്ല. കാരണം, മദ്ഹബിൽ ഒതുങ്ങിനിൽക്കുന്ന ഇജ്തിഹാദിന്റെ പദവിയെങ്കിലും എത്തിച്ചവരോട് മാത്രമാണ് ആ ഉപദേശം. എന്നാൽ തന്നെ ആ വസ്വിയ്യത്തനുസരിച്ച് പ്രവർത്തിക്കണമെങ്കിൽ പ്രസ്തുത ഹദീസ് ഇമാം ശാഫിഈ (റ) ക്ക് ലഭിച്ചിട്ടില്ലന്നോ അതല്ലെങ്കിൽ അതിന്റെ പരമ്പര സ്വഹീഹായി കിട്ടിയില്ലന്നോ ഉള്ള മികച്ച ഭാവന ഉണ്ടായിരിക്കണമെന്ന നിബന്ധനയുണ്ട്. ഇമാം ശാഫിഈ (റ) യുടെയും അവരിൽ നിന്ന് വിജ്ഞാനം കരസ്ഥമാക്കിയ അസ്ഹാബി ന്റെയും സർവ്വ ഗ്രന്ഥങ്ങളും പാരായണം ചെയ്തതിന് ശേഷമല്ലാതെ അത് സാധ്യവുമല്ല. ഈ കഴിവുള്ളവർ വളരെ വിരളമാണ്. ഈ നിബന്ധനയുാവണമെന്ന് അവർ നിഷ്കർ ശിക്കാനുള്ള കാരണമിതാണ്. ഇമാം ശാഫിഈ (റ) അറിയുകയും കണ്ടെത്തുകയും ചെയ്ത എത്രയോ ഹദീസുകളുടെ ബാഹ്യമനുസരിച്ചുള്ള പ്രവർത്തനം ഇമാം ശാഫിഈ (റ) ഉപേക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ഹദീസുകൾ രേഖയായി അവലംബിക്കുന്നതിന്ന് വൈകല്യമുണ്ടാക്കുന്ന കാര്യങ്ങൾ, അവയുടെ നിയമപ്രാബല്യം ഇല്ലാതാക്കുന്ന നസ്ഖ്, ആശയ വ്യാപ്തി ചുരുക്കുന്ന തഖ്സ്വീസ്, മറ്റ് നിലക്ക് വ്യാഖ്യാനിക്കപ്പെടുന്ന തഅ്വീല് തുടങ്ങിയ വല്ല കാര്യ ങ്ങളും ഉള്ളതായി ഇമാം ശാഫിഈ (റ) ക്ക് രേഖ സ്ഥിരപ്പെട്ടത് കൊണ്ടാണിത്' (ശറഹുൽ മുഹദ്ദബ് 1:64).

ഇമാം ഇബ്നു സ്വലാഹ് (റ) രേഖപ്പെടുത്തുന്നു: ''ഇമാം ശാഫിഈ (റ) യുടെ ഉപദേശം നട പ്പിലാക്കുക അത്ര എളുപ്പമല്ല. വാക്കുകളുടെ ബാഹ്യാർഥ പ്രകാരം ഈ സാഹസിക കൃത്യത്തിന് ശ്രമിച്ച പ്രമുഖ പണ്ഢിതന്മാർ പോലും അബദ്ധത്തിൽ വീണിട്ടുണ്ട്.'' ഉദാഹരണവും ഇബ്നു സ്വലാഹ് (റ) തന്നെ രേഖപ്പെടുത്തുന്നു. ''നോമ്പുകാരൻ കൊമ്പ് വെപ്പിച്ചാൽ വെച്ചവന്റെയും വെപ്പിച്ചവന്റെയും നോമ്പ് മുറിയില്ലെന്ന് ഇമാം ശാഫിഈ (റ) പറയുന്നു. ഇതിനെതിരിൽ തന്റെ അസ്ഹാബിൽ പ്രമുഖനായ അബുൽ വലീദ് രംഗപ്രവേശം ചെയ്യുകയും, '' കൊമ്പ് വെച്ചവനും വെപ്പിച്ചവനും നോമ്പ് മുറിച്ചു'' എന്ന സ്വഹീഹായ ഹദീസിന്റ അടിസ്ഥാനത്തിൽ ഇമാം ശാഫിഈ (റ) യുടെ അഭിപ്രായമൊഴിവാക്കി ഹദീസി നോട് യോജിച്ച അഭിപ്രായമാണ് ശാഫിഈ മദ്ഹബെന്ന് വാദിച്ചപ്പോൾ അദ്ദേഹത്തെ ഖണ്ഢിച്ചു കൊണ്ട് അന്നുള്ള പണ്ഢിതർ രംഗത്തു വന്നു. അബുൽ വലീദ് ഉദ്ധരിച്ച ഹദീസ് പ്രബലമാണ്. പക്ഷേ, മറ്റൊരു സ്വഹീഹായ ഹദീസ് കൊണ്ട് പ്രസ്തുത ഹദീസ്

ദുർബലമായിപ്പോയത് കൊണ്ടാണ് ഇമാം ശാഫിഈ (റ) അതിനെതിരിൽ അഭിപ്രായം പ്രകടിപ്പിക്കാൻ കാരണം''. ഇബ്നു സ്വലാഹ് (റ) ഇങ്ങനെ തുടരുന്നു: ''ശാഫിഈ മദ്ഹബിലെ ഒരു പണ്ഢിതൻ ഈ വസ്വിയ്യത്ത് പ്രകാരം ശാഫി (റ) യുടെ അഭിപ്രായം ഉപേക്ഷിക്കണമെങ്കിൽ അവർ സ്ഥാപിച്ച അടിസ്ഥാന നിയമങ്ങൾ (ഉസ്വൂൽ) പൂർണ്ണമായും അറിയുന്നവനും തെളിവുകൾ അവലംബിച്ച് ഗവേഷണം നടത്താനുള്ള യോഗ്യത കൈവരിച്ചവനുമാകണം''(ഫതാവാ ഇബ്നു സ്വലാഹ്).

അല്ലാമാ നബ്ഹാനി (റ) എഴുതുന്നു. ''ഈ കാലത്തുള്ളവർക്ക് ഈ കഴിവുണ്ടാവുകയെന്നത് കേവലം സങ്കൽപം മാത്രമാണ്. ഈ കഴിവുള്ളവർ കാലങ്ങൾക്കു മുമ്പേ ഇല്ലാതായെന്ന് ഇബ്നു സ്വലാഹ് (റ) തന്നെ വ്യക്തമാക്കിയിട്ടുണ്ട്''. അല്ലാമാ നബ്ഹാനി (റ) ഇങ്ങനെ തുടരുന്നു. (ഏതാനും ഹദീസുകളുടെ കഷ്ണങ്ങളുയർത്തിപ്പിടിച്ച് ഇമാം ശാഫി ഈ (റ) യെ ഖണ്ഢിച്ചു കൊണ്ട്) 'ഇജ്തിഹാദിന് പുറപ്പെടുന്നവർ വ്യക്തമായ പിഴവിലാണ്. അവരുടെ അജ്ഞത ഊഹിക്കാവുന്നതേയുള്ളൂ. ശാഫിഈ (റ) യുടെ അഭിപ്രായത്തിനെതിരിൽ ഒരു ഹദീസുദ്ധരിക്കാൻ കഴിയുന്നവർ ഹിജ്റഃ ഏഴാം നൂറ്റാണ്ടുകാരനായ ഇബ്നു സ്വലാഹിന്റെയും മുമ്പ് അവസാനിച്ചിട്ടുണ്ട്' (ജാമിഉ കറാമാത്തിൽ ഔലിയാഅ് 1:167).

ഇമാം ശാഫിഈ (റ) യുടെ വസ്വിയ്യത്തനുസരിച്ച് ഒരു മസ്അല തള്ളാനും കൊള്ളാനുമുള്ള അധികാരം അസ്ഹാബുൽ വുജൂഹിലും തർജീഹിന്റെ മുജ്തഹിദുളിലും നിക്ഷിപ്തമാണ്. ഇവരിൽ അസ്ഹാബിന്റെ കാലഘട്ടം ഹിജ്റഃ നാലാം നൂറ്റാണ്ടോടെ അവസാനിച്ചു. തർജീഹിന്റെ മുജ്തഹിദുകളിൽ അവസാനത്തവർ ഇമാം നവവി (റ), ഇമാം റാഫിഈ (റ) എന്നിവരാണെന്ന് ഇബ്നു ഹജർ (റ) ഫതാവയിൽ വ്യക്തമാക്കിയിട്ടുണ്ട്.